Reg: No. M 2639.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം, ൧൯൪൬ ഡിസംബർ ൧൬-ാംനു | ലക്കം ൧൭൭
പേജ് ൧൨ | ൧൧൨൨ ധനു ൧-ാംനു തിങ്കളാഴ്ച | ഒററപ്രതി ൨ അണ.

## ടാർൾസ്റ്റോയി

### അദ്ദേഹത്തിന്റെ ആത്മീയശുദ്ധീകരണം
അഥവാ
### ജ്ഞാനസ്നാനം

കുററിപ്പുഴ പി. പരമേശ്വരൻപിള്ള M. A. L. T.

ജ്ഞാനികളും, കലാകാരന്മാരും അവരുടെ ജീവിതത്തിൽ നേരിട്ടുന്ന ആത്മീയവും മാനസികവുമായ വിഷമസന്ധികളെ നിരീക്ഷണനിരൂപണങ്ങൾകൊണ്ടു് തരണംചെയ്യുന്ന കലാപ്രേമികളുടെ ആഭ്യന്തരജീവിതത്തിലെആത്മീയസമരത്തിൽ എപ്പോഴും ചില അന്യാദൃശസാദൃശ്യങ്ങൾ ദൃശ്യങ്ങളാണു. ടാൾസ്റ്റോയി, ടാഗോർ, റോളൻസ് ഈ ത്രിമൂർത്തികളുടെ ആന്തരജീവിതസമരത്തിൽ സാമ്യംതികഞ്ഞ അനേകം സംഭവങ്ങൾ കാണാം.

ഗോർക്കി തന്റെ 'ഡയറിയിലെ ശകലങ്ങളിൽ' ടാൾസ്റ്റോയിയുടെ വിചിത്രമായ ഒരു തൂലികാചിത്രം വരച്ചിട്ടുണ്ടു്. അതിലെ ചില വരികളാണു് താഴെ കാണുന്നതു്.

'യാദൃച്ഛികമായികണ്ടെത്തിയ എന്തോ ഒന്നു് ഒളിച്ചുവച്ചിട്ടുള്ള ഒരാളിന്റെ കൗശലവും സംതൃപ്തിയും നിറഞ്ഞ മന്ദസ്മിതം അദ്ദേഹത്തിന്റെ (ടാൾസ്റ്റോയിയുടെ) മുഖത്തു ഭാവത്തിലും പലപ്പോഴും ഞാൻ കണ്ടിട്ടുണ്ടു്. അതു് അദ്ദേഹം ഒളിക്കുകയും മറയ്ക്കുകയും ചെയ്യുന്നു. 'ഞാൻ അതു് എവിടെവച്ചു്' എന്നുള്ള വിചാരത്തിൽ ദീർഘമായ വേദനാദിനങ്ങൾ അദ്ദേഹം കഴിച്ചുകൂട്ടുന്നു. ചുററുമുള്ളവർ തന്റെ പാരവശ്യം മനസ്സിലാക്കുമോ എന്നു് ക്രുദ്ധരെക്കൂടെ അദ്ദേഹം ഭയപ്പെടുന്നു. തനിക്കു് നേരിട്ട നഷ്ടം മററുള്ളവർ മനസ്സിലാക്കി തന്നെ ശല്യപ്പെടുത്തുമോ എന്നു് അനുക്ഷണം അദ്ദേഹം ശങ്കിക്കുന്നു. പൊടുന്നനവെ അതിനെപ്പററി സ്മരിക്കുകയും അതു് കണ്ടെത്തുകയും ചെയ്യുന്നു. സ്വന്തം വിജയത്തിൽ ആഹ്ലാദംപൂണ്ടു് ഭയരഹിതനായി ചുററുമുള്ളവരെ 'നിങ്ങൾക്കു് എന്നെ ഉപദ്രവിക്കാൻ കഴിയുകയില്ല' എന്ന ഭാവത്തിൽ നോക്കിക്കാണുന്നു. എന്താണു് അദ്ദേഹം കണ്ടെതെന്നും എവിടെയാണു് കണ്ടതെന്നും ഉള്ളതു് ഒരു പരമരഹസ്യമാണു്.,

ഗോർക്കിയുടെ മേലുദ്ധരിച്ച വാക്യങ്ങളിൽനിന്നും ടാൾസ്റ്റോയിയുടെ ജീവിതത്തിലെ ആഭ്യന്തരസമരത്തിന്റെ ഒരു നേരിയ നിഴലെങ്കിലും നമുക്കു് കാണാൻ കഴിയുന്നു. ഗോർക്കി പറഞ്ഞതായ രഹസ്യം മനസ്സിലാക്കുന്നതിനുള്ള മാർഗ്ഗം ടാൾസ്റ്റോയി അദ്ദേഹത്തിന്റെ ആത്മകഥാവിവരത്തിൽ വെട്ടിത്തെളിച്ചിട്ടുണ്ടു്. ഈ രഹസ്യം ഈശ്വരവിശ്വാസമായിരുന്നുവെന്നു് അദ്ദേഹത്തിന്റെ 'Confessions' വിളിച്ചുപറയുന്നു. ഗോർക്കിയുടെ ശ്രദ്ധയെ ആകർഷിച്ച ടാൾസ്റ്റോയിയുടെ സ്വഭാവവിശേഷം അഥവാ ജീവിതത്തിലെ വിഷമഘട്ടം, ഈശ്വരവിശ്വാസത്തിൽ എത്തിച്ചേരാൻ അദ്ദേഹം അനുഭവിച്ച വൈഷമ്യങ്ങളുടെ സന്താനം മാത്രമാണു്.

'Confessions'ൽ പറയുന്നതുപോലെ ടാൾസ്റ്റോയിക്കു് അൻപതുവയസ്സു് ഉള്ളപ്പോഴാണു് മേൽപറഞ്ഞ അനുഭവം അദ്ദേഹത്തിനു് ഉണ്ടായതു്. അദ്ദേഹം പറയുന്നു.

'പരിഭ്രമത്തിന്റെ നിമിഷങ്ങൾ നിറഞ്ഞിരുന്ന ആ കാലത്തു് ജീവിതത്തിന്റെ സ്തംഭനദശകൾ പലതും ഞാൻ അനുഭവിച്ചു. എങ്ങിനെ ജീവിക്കണമെന്നു എനിക്കു് അറിഞ്ഞുകൂടായിരുന്നു. നിർജ്ജീവങ്ങളായ അനേകം മാത്രകൾ മാറിമാറി വന്നു. ഞാൻ അലയാൻ തുടങ്ങി. കുറെക്കഴിഞ്ഞു് ഈ പരിഭ്രമനിമിഷങ്ങൾ അനുസ്യൂതങ്ങളായിത്തീർന്നു. 'എന്തുകൊണ്ടു?' 'പിന്നീടെന്തു്'? എന്ന ചോദ്യങ്ങൾ എന്നെ അലട്ടി. ചോദ്യങ്ങൾ ആവർത്തിക്കാൻ തുടങ്ങി. ഉത്തരത്തിനുവേണ്ടി ശാഠ്യം പിടിച്ച ഈ പ്രശ്നങ്ങൾ മനോമണ്ഡലത്തിൽ ചില കറുത്ത പുള്ളികൾ സൃഷ്ടിച്ചു. ജീവിതം അർത്ഥശൂന്യമായി. ഓരോദിനവും, ഓരോ കാൽവെയ്പും ഈ ത്തുക്കാംചാററയ്ക്കരികിൽ എന്നെ എത്തിച്ചു. നാശമല്ലാതെ മറെറാന്നും മുന്നിൽ എനിക്കു് കാണാൻ കഴിഞ്ഞില്ല. ഒരിടത്തു് നിൽക്കുകയെന്നതു് അസാദ്ധ്യമായിത്തീർന്നു. മുന്നിൽ പടർന്നുപരന്നുകിടക്കുന്ന നാശപ്പരപ്പിനെ കാണാതിരിക്കാൻ കണ്ണടക്കുന്നതിനു് എനിക്കു് കഴിഞ്ഞില്ല

ഇത്തരത്തിൽ ഇനിമേൽ ജീവിക്കാൻ എനിക്കു് കെല്പു് ഇല്ലെന്നുള്ള തോന്നൽ എന്നിൽ ഇടംപിടിച്ചു. അനിരോധമായ ഒരുൾശക്തി ജീവിതത്തിൽ നിന്നും ഓടി രക്ഷനേടുന്നതിനു് എന്നെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ജീവിതം സ്വയം നശിപ്പിക്കാൻ ആശിച്ചുവെന്നു ഞാൻ പറയുന്നില്ല. മുൻപറഞ്ഞ ശക്തി ജീവിക്കാനുള്ള ആഗ്രഹത്തെ അതിക്രമിക്കാൻമാത്രം അധികം ശക്തവും വ്യാപ്തവുമായിരുന്നുവെന്നുമാത്ര ഞാൻ വിവക്ഷിക്കുന്നതു് എനിക്കു് ജീവിതത്തോടു് ഉണ്ടായിരുന്ന ബന്ധത്തിന്റെ ദാർഢ്യം ശിഥിലമാക്കാൻ തുല്യബലത്തോടെ അതു് പ്രവർത്തിച്ചുകൊണ്ടിരുന്നു. ജീവിതത്തിന്റെ ചുററുപാടുകൾ എല്ലാം പൂർണ്ണമായും സുഖപ്രദങ്ങളായപ്പോൾ എനിക്കു് നേരിടേണ്ടിവന്ന വിഷമസ്ഥിതി ഇത്തരത്തിലുള്ളതായിരുന്നു'

അതുല്യമായ ധർമ്മനിശ്ചയത്തോടുകൂടി ടാൾസ്റ്റോയി മേൽ പ്രസ്താവിച്ച ആന്തരമായ വിഷമഘട്ടത്തെ തരണംചെയ്യാൻ പ്രയത്നിച്ചു. ക്ലേശപൂർവ്വം വാശയോടെ വിജ്ഞാനവീഥിയിൽ അദ്ദേഹം അലഞ്ഞുതിരിഞ്ഞു് മുൻപ് പറഞ്ഞ പ്രശ്നങ്ങൾക്കു് ഉത്തരം തേടി. അറിവിന്റെ കലവറയിൽ നിന്നും ആവശ്യമുള്ള ഔഷധം ലഭിയ്ക്കാതെ നിരാശപ്പെടേണ്ടിവന്നു. ഉദ്ദേശലബ്ധിക്കുള്ള ഉൽക്കണ്ഠ ഉത്തരോത്തരം വർദ്ധിക്കുകയും ചെയ്തു.



ഡിസംബർ ൯-ാംനു സമ്മേളിച്ച ചരിത്രപ്രധാനമായ ഒന്നാമത്തെ ഇന്ത്യൻ കാൺസ്റ്റിററ്യുവൻറ് അസംബ്ളിയുടെ സ്ഥിരാദ്ധ്യക്ഷനായി ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ട ഡാക്ടർ രാജേന്ദ്രപ്രസാദു്. ഇദ്ദേഹം ഇടക്കാലഗവമെൻറിലെ ഭക്ഷ്യകാര്യമെമ്പറാണു്.

അദ്ദേഹം വീണ്ടും ആത്മകഥയിൽ പറയുന്നു 'ബുദ്ധി അഥവാ യുക്തി (Reason) മനുഷ്യനു് നേടിക്കൊടുത്തിട്ടുള്ള വിജ്ഞാനത്തിൽനിന്നും ജീവിതത്തിന്റെ നിഷേധമല്ലാതെ മറെറാന്നും ലഭിക്കുകയില്ലെന്നു് ഞാൻ മനസ്സിലാക്കി. വിശ്വാസത്തിൽ യുക്തിയുടെ നിയതമായ നിഷേധവുംഞാൻ ദർശിച്ചു. വിശ്വാസമാർഗ്ഗത്തിൽക്കൂടി യാത്രയാരംഭിച്ചാൽ യുക്തിയെ എന്നെന്നേക്കുമായി കൈവെടിയേണ്ടിവരുമെന്നു് ഞാൻ കണ്ടു. അതിനാൽ യുക്തിയേയോ ബുദ്ധിയേയോ ആധാരമാക്കി ആർജ്ജിച്ചു് വച്ചിട്ടുള്ള വിജ്ഞാനഭാണ്ഡത്തിൽ എന്റെ പ്രശ്നങ്ങൾക്കു് ഉത്തരം തേടുന്നതു് വ്യർത്ഥവും നിരർത്ഥവുമാണെന്നു് ഞാൻ അവസാനതീരുമാനത്തിലെത്തി. അതിൽനിന്നും ലഭിക്കാവുന്ന ഉത്തരംതന്നെയും എന്റെ പ്രശ്നത്തിനു് രൂപഭേദം വരുത്തുന്നു. ആവശ്യത്തെ ചൂണ്ടിക്കാണിക്കമാത്രമാണു ചെയ്യുന്നതും. മരണം വിഴുങ്ങാത്ത എന്തൊരു തത്വമാണു് നിലവിലുള്ളതു്? അമേയനായ ഒരു പരമാത്മാവു് അല്ലെങ്കിൽ ഈശ്വരനുമായുള്ള ഐക്യം മാത്രം.

ഈ വിധത്തിൽ. മനുഷ്യന്റെ ബുദ്ധികൊണ്ടു് സമ്പാദിച്ചു് സംഭരിച്ചതും, ഒരുകാലത്തു് യഥാർത്ഥബോധം എന്നു് ഞാൻ തെററിദ്ധരിച്ചിരുന്നതുമായ അറിവിനും അപ്പുറത്തായി ഓരോ ജീവിയിലും അന്തർല്ലീനമായികിടക്കുന്ന ഒരു ജ്ഞാനം— യുക്തിക്കു് പിടികൊടുക്കാത്ത ജ്ഞാനം—അതായതു് വിശ്വാസം ഉണ്ടെന്നുള്ള പാരമാർത്ഥ്യത്തെ സവാത്മനാ സ്വീകരിക്കാൻ ഞാൻ നിർബന്ധിതനായി. ഇതൊന്നുമാത്രമാണു് ജീവിതത്തെ സാദ്ധ്യവും സഹ്യവുമാക്കിത്തന്നതും'

ടാൾസ്റ്റോയിയുടെ മനസ്സു് ഈമാതിരി വിചിത്രചിന്തകൾക്കധീനമായപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം, ഭയം, നിസ്സഹായതയെക്കുറിച്ചുള്ള ദുഃഖം, ആത്യന്തികമായ ഏകാന്തതയിലുള്ള ഭീതി, ഏതോ അജ്ഞാതസ്ഥലത്തുനിന്നും എത്തിച്ചേരാവുന്ന സഹായത്തിലുള്ള ആശ എന്നിവയുടെ പടനിലമായിരുന്നു. ഈ ഹൃദയവ്യാപാരത്തെ അദ്ദേഹം ഈശ്വരാന്വേഷണമായി വ്യാഖ്യാനിക്കുന്നു

'ഈ ദൃശ്യമായ ഈശ്വരാന്വേഷണം എന്റെ ബുദ്ധിയുടെ പ്രവൃത്തിയല്ല ഹൃദയത്തിന്റെ വ്യാപാരമാണു്, അതു് വിചാരത്തിന്റെ വിത്തല്ലാ വികാരത്തിന്റെ സത്താണു്'' എന്നദ്ദേഹം പറയുന്നു.

ടോൾസ്റ്റായി ആദ്യജീവിതത്തിൽ വെറുമൊരു ലൗകികൻ മാത്രമായിരുന്നു. തത്വശാസ്ത്രത്തിൽ അദ്ദേഹത്തിനു് ലേശവും അഭിരുചി ഉണ്ടായിരുന്നില്ല. ചിന്താശീലം അദ്ദേഹത്തെ അടക്കി ഭരിച്ചിരുന്നില്ല എന്നാൽ ഏതോ അന്ധകാരാന്തരാളത്തിൽനിന്നും അടിയേററുണർന്നതുപോലെആകസ്മികമായി ഒരു ആത്മീയവിഷമസന്ധി അദ്ദേഹത്തിന്റെ ജീവിതത്തിൽ വന്നുചേർന്നു. അതിനോടു് പൊരുതി ജയിച്ചു. ആ ആത്മീയസമരത്തിന്റെ അനന്തരഫലം വിശ്വാസസാമ്രാജ്യത്തിൽ ആത്മീയപ്രഭാവത്തോടെ ഈശ്വരചൈതന്യകിരണം ചെയ്യുന്ന ഒരു തത്വജ്ഞാനപ്രദീപത്തിന്റെ പ്രതിഷ്ഠയായിരുന്നു. പിന്നീടുള്ള ടാൾസ്റ്റായയെയാണു് നാമെല്ലാം ഇന്നു് അറിയുന്നതു്:

—०—

ചെറുകഥ

# "താരാട്ട്"

കമുകറ എൽ. ലീലാബായി, (യൂണിവേഴ്സിററി കാളേജ്)

'ഓമനത്തിങ്കൾക്കിടാവോ...നല്ല
കോമളത്താമരപ്പൂവോ'—

'മധുരസ്വരത്തിൽ ആ താരാട്ട് മൂന്നാമതും ആവർത്തിക്കപ്പെട്ടു. എന്നിട്ടും 'ശ്രീ' ഉറങ്ങുന്നമട്ട് കണ്ടില്ല. പാടിപ്പാടി പ്രേമയുടെ ലോലകണ്ഠം ക്ഷീണിച്ചു. ആ മുഖത്തും സ്നേഹം കലർന്ന ദേഷ്യത്തിന്റെ നേരിയലാഞ്ഛന പരന്നുതുടങ്ങി. പക്ഷെ ഇതു വല്ലതുമുണ്ടോ ആ കൊച്ചു 'കുസൃതിക്കുട്ടി' ഗൗനിക്കുന്നു! അവൾ അമ്മയെനോക്കി, പല്ലില്ലാത്ത വാ മുഴുവൻ തുറന്ന് ചിരിച്ചുകൊണ്ട് കിടക്കുകയാണ്. ചില അവ്യക്തശബ്ദങ്ങളും അവളിൽനിന്ന് പൊട്ടിപ്പുറപ്പെടുന്നുണ്ട്.

പ്രേമയുടെ സഹനശക്തി മുഴുവൻ ക്ഷയിച്ചു. അൽപനേരം, തൊട്ടിലിന്റെ കയറിൽ പിടിച്ചുകൊണ്ടവൾ നിശ്ചേഷ്ടയായി പുത്രിയെ നോക്കിനിന്നു. അതു 'ശ്രീ'ക്കുത്ര പിടിച്ചില്ലെന്നു തോന്നുന്നു. അവൾ മുഖം ചുളിച്ചു കരയാൻ തുടങ്ങി:

'വേണ്ട...വേണ്ട...കരയണ്ട പാടാം ഉറങ്ങിക്കൊള്ളൂ'.

'പൂവിൽനിറഞ്ഞ മധുവോ—പരി
പൂർണ്ണേന്ദുതന്റെ നിലാവോ?—'—

സന്ധ്യയുടെ പകിട്ടു വർദ്ധിപ്പിക്കാനെന്നപോലെ ആ താരാട്ട് വീണ്ടും വിഷാദവശ്യമായ സ്വരമാധുരിയിൽകൂടി പ്രവഹിച്ചുതുടങ്ങി.

'ഭേഷെട്ടോ...ആ പാട്ടൊന്നുകൊണ്ട് നമ്മുടെ 'ശ്രീ' ഉറങ്ങുമെന്നു തോന്നുന്നില്ല. അവളുറങ്ങണമെങ്കിൽ പുതിയ താരാട്ടുകളൊന്നു പാടണം'—. അഭിമാനം കലർന്ന പുഞ്ചിരിയോടെ ചന്ദ്രൻ പ്രേമയുടെ അരികിലെത്തി.

'എന്താ...പുതിയ താരാട്ട് വല്ലതും കവിഹൃദയത്തിൽ മൊട്ടിട്ടു നിൽക്കുന്നുണ്ടോ?—' പ്രേമയ്ക്കു ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല.

'ഉണ്ടെങ്കിൽതന്നെന്തുവേണം?'—ചന്ദ്രൻ കടന്നുചോദിച്ചു.

'എന്തുവേണമെന്നോ? നന്നായി. അതിങ്ങുതരണം?'...

'എന്തിന്?'

'പാടാൻ'—അല്ലാതെന്തിനാണ്?'—

'അപ്പോൾ...താരാട്ടിന്റെ ആവശ്യമുണ്ടല്ലേ?'—കള്ളച്ചിരിയോടെ ചന്ദ്രൻ പത്നിയുടെ മുഖത്തുനോക്കി.

പ്രേമയ്ക്കു കളിയാക്കൽ തീരെ രസിച്ചില്ല. 'കൊള്ളാം...മറ്റെയ്ക്കു താരാട്ടിന്റെ ആവശ്യമില്ലെന്നു വരുമോ? പ്രത്യേകിച്ചും കുഞ്ഞിന്റെ അച്ഛൻതന്നെ എഴുതിയ താരാട്ട്?—'—

'പ്രേമം...രണ്ടരവർഷങ്ങൾക്കു മുമ്പ്...ഓണനിലാവിൽ കുളിച്ച ഒരു രാത്രിയിൽ ഗ്രാമീണഭംഗിയെ വരച്ചുകാണിക്കുന്ന ഇലകളും പുല്ലുകളുടെ മദ്ധ്യത്തിൽ നിന്നുകൊണ്ട് എന്നോടു പറഞ്ഞ വാക്കുകൾ......
...അതിപ്പോഴോർമ്മിക്കുന്നുണ്ടോ തങ്കം?—' പ്രേമയുടെ മുഖം പിടിച്ചുയർത്തിക്കൊണ്ട് ചന്ദ്രൻ സപ്രേമം ചോദിച്ചു.

പ്രേമയുടെ മുഖത്തൊരു മഴവില്ലു പടർന്നു. കടക്കണ്ണുകൊണ്ട് മാത്രം ഭർത്താവിന്റെ ചോദ്യത്തിനുത്തരം നൽകിയിട്ടവൾ അവിടെനിന്നകന്നു......കടന്നുകാലത്തെക്കുറിച്ചുള്ള ഒരായിരം ചുടുചിന്തകൾ അവളുടെ ഹൃദയത്തിൽ ഉദിച്ചുയർന്നു.......

* * * * *

ധനുമാസത്തിലെ പുളകമണിഞ്ഞ ഒരു സുപ്രഭാതത്തിലായിരുന്നു, പ്രേമ ശശിയെ ഇദംപ്രഥമമായി കണ്ടതു്......പഠിത്തവും പട്ടണജീവിതവും അപഹരിച്ച ആരോഗ്യവും ആനന്ദവും നാട്ടുംപുറത്തെ പ്രശാന്തരമണീയമായ ചുററുപാടുകളിൽകൂടി വീണ്ടെടുക്കാനാശിച്ചുവന്ന ആ യുവവിദ്യാർത്ഥിയുമായുള്ള കൂടിക്കാഴ്ച, പ്രേമയുടെ കളങ്കമററ ഗ്രാമീണജീവിതത്തിനു ഒരു പുതിയ ഉണർവ്വുമോജസ്സും പ്രദാനം ചെയ്തു. കീർത്തികേട്ട ക്ഷേത്രസന്നിധിയുടെ പരിപാവനമായ അന്തരീക്ഷത്തെ സാക്ഷിനിർത്തിക്കൊണ്ടവൾ, സ്വഹൃദയത്തെ ആദരപൂർവ്വം അദ്ദേഹത്തിനു സമർപ്പിച്ചു. ആ ഉപഹാരം അതിനനുയോജ്യമായരീതിയിൽ സ്വീകരിക്കപ്പെടുന്നതു കണ്ടപ്പോൾ പ്രേമ ആത്മാർത്ഥത നിറഞ്ഞ ഒരു പുഞ്ചിരിയിൽകൂടി സമാധാനവും സന്തോഷവും ഒരുമിച്ചുകാണിച്ചു കൃതാർത്ഥയായി. ശശിയുടെ കലാഹൃദയവും അതുവരെ അജ്ഞാതമായിരുന്ന ഒരു നവലോകത്തേയ്ക്കു എണ്ണമററ മധുരപ്രതീക്ഷകളുടെ അകമ്പടിയോടുകൂടി മന്ദാമന്ദം പ്രവേശിച്ചു സന്തുഷ്ടി നേടി. അങ്ങിനെ അനശ്വരമായ പ്രേമത്തിന്റെ കനകതന്തുവിൽ അവരൊന്നോന്നേയ്ക്കുമായി ബന്ധിതരുമായി......

നിമിഷങ്ങളും മണിക്കൂറുകളും, ദിവസങ്ങളും അവരെ കൂടുതൽ കൂട്ടിയിണക്കിക്കൊണ്ടു കടന്നുപോയി. അഭിനയത്തിന്റെ കാപട്യമില്ലാത്ത ആത്മാർത്ഥമായ ഹൃദയൈക്യത്തിനു ഗ്രാമീണഭംഗിയും ദൃക്സാക്ഷ്യം വഹിച്ചു. പ്രേമയുടെ അകംനിറഞ്ഞ സ്നേഹത്തിന്റെ പ്രതിഫലനത്തിലും ഹൃദയാവർജ്ജകമായ ഗാനമാധുരിയിലുംകൂടി ശശിയുടെ കവിഹൃദയം അവാച്യമായ ആനന്ദാനുഭൂതിയിലേക്കു കുതിച്ചുപാഞ്ഞു. ആ ഉൽകൃഷ്ടസ്നേഹബന്ധത്തിന്റെ ദൃഢതയെ കുറയ്ക്കാനോ അതിന്റെ പരിശുദ്ധതയിൽ കളങ്കം ചാർത്താനോ കഴിഞ്ഞില്ല. മനുഷ്യന്റെ പരിമിതമായ അധികാരപരിധിയ്ക്കുമപ്പുറത്തായിരുന്നു, ആ പ്രേമലത പുഷ്പിച്ചുനിന്നിരുന്നതു്......

കാലമങ്ങിനെ കഴിഞ്ഞു. ജനുവരി അവധികഴിഞ്ഞു് ശശി മനസ്സില്ലാമനസ്സോടെ പ്രേമയോടു യാത്രപറഞ്ഞിട്ടു് വിദ്യാഭ്യാസം പൂർത്തിയാക്കാനായി തലസ്ഥാനനഗരിയിലേയ്ക്കു തിരിച്ചു. പക്ഷെ ആ വേർപാടിനുപോലും അവരുടെ പ്രേമബന്ധത്തെ ഉലയ്ക്കാൻ ശക്തിയുണ്ടായില്ല. പരിശുദ്ധമായ പ്രണയത്തിന്റെ മംഗലസന്ദേശവും വഹിച്ചുകൊണ്ടു് പ്രത്യക്ഷപ്പെട്ട പ്രേമലേഖനങ്ങൾ വേർപാടിന്റെ വേദനയുടെ ഒരംശം കുറച്ചു് ക്രമേണ ഇല്ലാതാക്കി. സാഫല്യദശയിലേയ്ക്കെത്താൻ കൊതിക്കുന്ന പ്രതീക്ഷകളുമായി അവർ അക്ഷമയോടെ ആ മംഗളമുഹൂർത്തം മാത്രം സ്വാഗതംചെയ്യാൻ വെമ്പിനിന്നു, കാലംപോയതുപോലും ഗൗനിക്കാതെ.

പക്ഷെ, പൊന്നോണച്ചിങ്ങമാസത്തിന്റെ ഉദയം അമ്പരിപ്പിക്കുന്ന ഒരു വാർത്തയുമായിട്ടാണ് പ്രേമയെ അഭിമുഖീകരിച്ചതു്. ചന്ദ്രനുമായുള്ള അവളുടെ വിവാഹനിശ്ചയം!!! ബന്ധുക്കളതു തീർച്ചപ്പെടുത്തിക്കഴിഞ്ഞിട്ടാണ് പ്രേമയെ അറിയിച്ചതുപോലും!!! അവളെ അതു സ്തബ്ധയാക്കി. എന്തുചെയ്യുമെന്നവൾക്കു രൂപമുണ്ടായിരുന്നില്ല. 'ആ വിവാഹത്തിൽനിന്നും രക്ഷിക്കണേ' എന്നുള്ള അപേക്ഷയുമായി കണ്ണീരിൽ കുഴച്ചെഴുതിയ ലേഖനങ്ങൾ ഒട്ടനവധി എണ്ണം അവൾ ശശിക്കയച്ചു. പക്ഷെ വിശ്വാസങ്ങൾക്കും മനോരാജ്യങ്ങൾക്കുമൊക്കെ വിപരീതമായി, ശശി അതിൽ മൗനം ഭജിക്കുകയാണുണ്ടായതു്. ശശിയുടെ അനാസ്ഥ പ്രേമയുടെ മധുരസ്വപ്നങ്ങളുടെ ശവക്കല്ലറയായിരുന്നു. ജീവിക്കാനോ മരിക്കാനോപോലും അർഹതനൽകാത്ത ചുററുപാടുകളുടെ ഭയങ്കരതയിൽകൂടി അവൾക്കു തകർന്നുകൊണ്ടു ജീവിക്കേണ്ടിവന്നു......

പുളകമണിഞ്ഞ തിരുവോണത്തിന്റെ പുതുപൂനിലാവിൽ ആനന്ദത്തിന്റെയും സംതൃപ്തിയുടെയും പ്രകാശത്തിലൂടെ പ്രത്യക്ഷപ്പെട്ട ഗ്രാമീണരുടെ വിടർന്ന മുഖങ്ങളുടെ മദ്ധ്യത്തിൽ ഒരു ചോദ്യചിഹ്നമെന്നോണം അവളും പ്രത്യക്ഷയായി. ബന്ധുക്കളുടെ നിർബന്ധം അണിയിച്ച വിശേഷവസ്ത്രവിധാനങ്ങളോടെ....അത്തപ്പൂത്തറയുടെ നടുവിലുള്ള നിറതിരിയിട്ട നിലവിളക്കിനു് മുമ്പിൽ പ്രേമംനിറഞ്ഞ കണ്ണുകളോടെ നിശ്ശബ്ദയായി നിന്നു...... അവൾ പ്രാർത്ഥിച്ചില്ല, അവൾക്കു പ്രാർത്ഥിക്കാനൊന്നുംതന്നെയില്ലായിരുന്നു. സഖികളുടെ വിവിധവിനോദപ്രകടനങ്ങളിലവൾ പങ്കെടുത്തില്ല...പരിഹാസച്ചിരികളിലും കുത്തുവാക്കുകളിലുമവൾ അലസയുമായിരുന്നു......

മംഗലത്തെ മലരണിഞ്ഞ പൊന്നൂഞ്ഞാലിനെ നോക്കി നെടുവീർപ്പിട്ടുകൊണ്ട്, സഖികൾ സമർപ്പിച്ച ഇലഞ്ഞിപ്പൂമാലയും കയ്യിലേന്തി അവൾ മന്ദംമന്ദം നടന്നുചെന്ന് പുരയിടത്തിന്റെ ഒരു കോണിൽ സ്ഥാനമുറപ്പിച്ചു......പുകയുന്ന ഹൃദയത്തിലലതല്ലുന്ന എണ്ണമററ ചിന്തകളോടെ തലയുംകുനിച്ചവൾ മൂകയായി ഇരുന്നു.......എത്രനേരമാനിലയിൽ കഴിഞ്ഞോ എന്തോ. പെട്ടെന്നു് പുറകിൽ കേട്ട പാദപതനം പ്രേമയെ ഞെട്ടിയുണർത്തി. അവൾ തലയുയർത്തിനോക്കി.

അപ്രതീക്ഷിതമായുള്ള ശശിയുടെ വരവ് അവളെ നിശ്ചേഷ്ടയാക്കി. ആ യുവാവിൽ പ്രതിഫലിച്ചുകണ്ട പ്രസന്നഭാവം!!! പ്രേമയുടെ തല പുകഞ്ഞുതുടങ്ങി. വികാരത്തെ നിയന്ത്രിക്കാനുള്ള കഴിവില്ലാതെ, അവൾ പൊട്ടിക്കരഞ്ഞു.

'അല്ല...തിരുവോണലക്ഷ്മിയെ സ്വാഗതം ചെയ്യേണ്ടതു കണ്ണുനീരിൽകൂടിയാണോ?'—പ്രേമയുടെ അരികിലിരുന്നുകൊണ്ട ശശി ചോദിച്ചു. പ്രേമയുടെ ഒരു ദീർഘനിശ്വാസമായിരുന്നതിനുത്തരം...

'പ്രേം...എന്തിനു കരയുന്നു,' അനുകമ്പയോടെ വീണ്ടും ശശി ചോദിച്ചു.

അവൾ നിവർന്നുനോക്കി. വിറയ്ക്കുന്ന അധരങ്ങളെല്ലാം വിടർത്തിക്കൊണ്ടവൾ പതറിയ സ്വരത്തിൽ പറഞ്ഞു. 'അതാ... അതു കണ്ടോ? കിഴക്കേ തിരുമുററത്തു്... മംഗലക്കുരവ!!! എന്റെവിവാഹത്തിന്റെ പ്രഥമപടങ്ങളാണതു്—'

'നേരത്തെതന്നെ എന്നെ അതു നീ അറിയിച്ചതൊന്നല്ലോ......മായീ! വിവാഹമാണെന്നു് കേട്ടാലാരെങ്കിലും കരയുമോ? പ്രത്യേകിച്ചും ചന്ദ്രൻ സുന്ദരനാണ്, സുശീലനാണ്...വിദ്യാസമ്പന്നനാണ്. അദ്ദേഹത്തെ എനിക്കു നല്ലവണ്ണമറിയാം. വാസ്തവത്തിൽ നീയൊരു മഹാഭാഗ്യവതിയാണ് പ്രേം'

ആ വാക്കുകൾ പ്രേമയെ തികച്ചുമൊരു ഭ്രാന്തിയാക്കി. അത്രയുംകാലം പരിപൂർണ്ണമായി വിശ്വസിച്ചാരാധിച്ചിരുന്ന കാമുകന്റെ ഹൃദയമില്ലായ്മ ശൂന്യമായ ഒരു ഭാവിയെ തുറന്നുകാണിച്ചു. തകർന്ന സമാധാനത്തിന്റെ ചിതറിയ ചില്ലുകളുമായി അവളവിടെനിന്നെഴുന്നേററു.

'പ്രേം...ഞാൻ നാളെത്തന്നെ തിരിച്ചുപോകും'—പ്രേമയുടെ ദീനത കണ്ടിട്ടും യാതൊരുവിധഭാവഭേദവുംകൂടാതെ ശശി പറഞ്ഞു.

'പൊയ്ക്കോളൂ!—കഴിഞ്ഞ കഥകളെല്ലാം മറന്നു പഠിത്തത്തിൽമാത്രം ശ്രദ്ധിച്ചു് ഒന്നാമനായി ജയിക്കൂ...ബിരുദവും നേടി ഉദ്യോഗസ്ഥനായി സസുഖം ജീവിക്കൂ'—എങ്ങോ നോക്കിക്കൊണ്ടവൾ ശാന്തസ്വരത്തിൽ പറഞ്ഞു.

'അത്രയുംമാത്രം പോരാ. അനുരൂപമായ ഒരു പത്നിയെ ലഭിക്കാനുംകൂടി ആശംസിക്കണം'—ചിരിച്ചുകൊണ്ട് ശശി പറഞ്ഞു.

ആ ചിരി പ്രേമയുടെ സപ്തനാഡികളെയും പരവശമാക്കി. ശൂന്യഹൃദയനായ ശശിയുടെ മുഖം സൂക്ഷിച്ചുനോക്കിക്കൊണ്ടവൾ അല്പനേരം നിന്നു. അതുകഴിഞ്ഞു് സഗദ്ഗദം പറഞ്ഞു: 'ശരി!—അനുയോജ്യയായ പത്നിയും, പ്രതിവസനം താരാട്ട് രചിക്കാനും പാടാനുമുള്ള ഭാഗ്യവും ദൈവമനുഗ്രഹിക്കട്ടെ'—

വീണ്ടും അവിടെ തങ്ങിനിൽക്കാനുള്ള സഹനശക്തി അവൾക്കില്ലായിരുന്നു. സാരിയുടെ തുമ്പുകൊണ്ട് മുഖംമറച്ചുകൊണ്ടവൾ വീട് ലക്ഷ്യമാക്കി നടന്നുതുടങ്ങി.

'പ്രേം...വിവാഹത്തിനെന്നെ ക്ഷണിക്കുകയുമില്ലെന്നോ? പരിചയമിത്രവേഗം മറന്നുപോയോ? ഏതായാലും ക്ഷണിച്ചാലുമില്ലെങ്കിലും ഒന്നാംപന്തിയിലുണ്ണാൻ ഞാൻ ഹാജരായിക്കൊള്ളാം.'—

ഏങ്ങിക്കരഞ്ഞുകൊണ്ട് നടന്നകലുന്ന ആ യുവതിയെനോക്കി ശശി വീണ്ടും പറഞ്ഞു. 'അപ്പോൾ തല്ക്കാലം Good bye വിവാഹത്തിനു മംഗളശ്ലോകംചൊല്ലുന്നതു് ഞാനാണ്—അടുത്തവർഷം...ഒരു പുതിയ താരാട്ട് എഴുതി വിനീതപൂർവ്വം സമർപ്പിക്കാനും'—

ശേഷം കേൾക്കാനുള്ള ക്ഷമ പ്രേമയ്ക്കില്ലായിരുന്നു. നിറഞ്ഞ കണ്ണുകളിൽ സഹരിച്ച ഗൗരവത്തോടെ അവൾ പറഞ്ഞു. '—നിർത്തണം! ഞാൻ അങ്ങയെ സ്നേഹിച്ചതും വിശ്വസിച്ചതും ആത്മാർത്ഥതയോടെയാണ്!—അങ്ങയുടെ അഭിനയത്തിന്റെ വെട്ടിത്തിളക്കത്തിൽ ഭ്രമിച്ചുപോയതുമൂലം എന്റെ ഭാവനയുടെ മണിമേട തകർന്നുപോയി.—വിധിയാണതു്...എങ്കിലും അങ്ങേയ്ക്കു കാഴ്ചവെച്ച ഹൃദയത്തിന്റെ അവകാശിയായി മറെറാരാളെ സ്വീകരിക്കാൻ...ഇല്ല...ഞാനതിനൊരുങ്ങുകയില്ല...ഞാൻ ചപലയല്ല...അങ്ങയുടെ താരാട്ടിന്റെ ആവശ്യം എനിക്കീജന്മത്തു് ഉണ്ടാവുകയില്ല...ഒരു നിത്യകന്യകയായി ഞാൻ കഴിയും!!!—

'കൊള്ളാം...അത്തരത്തിലുള്ള കടന്ന പ്രതിജ്ഞകളൊന്നും ചെയ്തേക്കരുതേ—ഒടുവിൽ കഷ്ടണിക്കുമേ'—

സ്വയം ശപിച്ചുകൊണ്ട് മറയുന്ന പ്രേമയെ നോക്കിക്കൊണ്ട് ശശി വിളിച്ചുപറഞ്ഞു...എന്തുകൊണ്ടോ...ആ യുവാവിനപ്പോൾ പൊട്ടിച്ചിരിക്കാനാണ് തോന്നിയതു്...

* * *

അവസാനം വിവാഹദിവസവും വന്നുചേർന്നു. അവൾ യാതൊരുതടസ്സവും പറഞ്ഞില്ല. ആ കണ്ണുകൾ നിറഞ്ഞില്ല, ശരീരവും വിറച്ചില്ല; അതിനെല്ലാമപ്പുറത്തായിരുന്നു, ദൈന്യത്തിന്റെ അലക്ഷ്യഭാവം ഒന്നോടെ കവർന്ന അവളുടെ നില!!!—വികാരശൂന്യമായ മുഖവുമായി വിവാഹമാലയുമേന്തി അവൾ മണ്ഡപം സമീപിച്ചു...ആ കുനിഞ്ഞ തല അല്പമൊന്നുപൊങ്ങി. മാല വഹിച്ച കൈകളും മേല്പോട്ടുയർന്നു!!!


ഒരു പ്രതിമകണക്കേ പ്രേമ പകച്ചുനിന്നുപോയി! തീരെയും പ്രതീക്ഷിക്കാത്ത ഒരു രംഗമാണവിടെ അവൾ കണ്ടതു്!—അവളുടെ വരണമാല്യ അണിയാനുള്ള ഗളവുമായി ശശി, നിലവിളക്കിന്റെയും നിറപറയുടെയും മുമ്പിൽ, പുഞ്ചിരിയോടെ ഇരുന്നിരുന്നു. പ്രേമയുടെ ഹൃദയം ആഹ്ലാദംകൊണ്ട് തരളിതമായി...അപ്പോൾമാത്രമാണവൾ അറിയുന്നതു്, ഗ്രാമീണശ്രീയിൽ ലയിക്കാൻ വെമ്പിയ ഹൃദയവുമായി അവിടെയെത്തി, അവളുടെ ഹൃദയം കവർന്ന മറഞ്ഞ ശശിയും—ബന്ധുക്കളാൽ തന്റെ ഭാവിഭർത്താവായി തിരഞ്ഞെടുക്കപ്പെട്ട ചന്ദ്രനും ഒരാൾതന്നെയാണെന്നു്!!!!—അകംനിറഞ്ഞ ആനന്ദത്തിന്റെ മടിത്തട്ടിൽനിന്നുകൊണ്ടവൾ മാല ശശിയെ അഥവാ ചന്ദ്രനെ അണിയിച്ചു.

* * *

'അല്ലേ—താരാട്ട് വേണമെന്നുംപറഞ്ഞു നിർബ്ബന്ധംകൂട്ടിയിട്ട്—ഇവിടെവന്ന്—കുഞ്ഞിനെപ്പോലും മറന്നിരിക്കുകയാണല്ലേ?—ഞാൻ പാടിയാലുണ്ടോ ശ്രീയുറങ്ങാൻ പോകുന്നു! ഹും!—വരൂ പ്രേം! ശ്രീയ്ക്കുള്ള ഉപഹാരവുമായി ഇതാ ഈ വിനീതൻ കാത്തുനിൽക്കുന്നു—സ്വീകരിക്കണമെ'—

വിനോദരസം വെടിയാതെതന്നെ—ചന്ദ്രൻ പ്രേമയെ കുഞ്ഞിന്റെ അരികിലേക്കു ക്ഷണിച്ചു. ഭാവനയിൽനിന്നും ഞെട്ടിയുണർന്ന പ്രേമ ഭർത്താവിനേയും കുഞ്ഞിനെയും മാറിമാറി നോക്കി. ആ കണ്ണുകളിൽനിന്നും ഒന്നുരണ്ടു് ബാഷ്പകണങ്ങൾ നിലത്തുവീണു...ചിരി. ആ കണ്ണുനീരിന്റെ അർത്ഥം ചന്ദ്രൻ ധരിച്ചുകാണുമോ?—

—o—



# സിൻഡിലെ ജ്യോതിർദീപം*

അഥവാ

# ഖാൻബഹദൂർ അല്ലാബക്സ്

റ്റി. എ. അബ്ദുൽലത്തിഫ്

കാൺഗ്രസ്സുകാരനല്ലാത്ത ഒരു ദേശീയവാദി; ദേശീയവാദിയല്ലാത്ത ഒരു കാൺഗ്രസ്സുകാരൻ: അങ്ങനെയായിരുന്നു അല്ലാബക്സ് അറിയപ്പെട്ടിരുന്നതു്. അതിവിശ്രുതമായ, അദ്ദേഹത്തിന്റെ ആ മഹനീയ ജീവിതം പെട്ടന്നങ്ങു വെട്ടക്കൊല്ലപ്പെട്ടു. നാട്ടും നാട്ടാരും ദുഃഖത്തിലാണ്ടു. കത്തിപ്രയോഗംകൊണ്ടു രാഷ്ട്രീയാഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതാക്കാൻ ചെയ്ത പരിശ്രമത്തിന്റെ ഒരു വിജയലക്ഷ്യമായിരുന്നു ആ ശോകാന്തജീവിതം.

പ്രധാനമന്ത്രിപദത്തിൽനിന്നും പിരിച്ചു വിടപ്പെട്ടെങ്കിലും രാഷ്ട്രീയരംഗത്തുനിന്നും തീരെ അപ്രത്യക്ഷനാകാതെ പൊതുജനസേവനം ജീവിതലക്ഷ്യമാക്കി, സ്വദേശമായ ഷിക്കാർപൂരിൽ താമസമാക്കിവരവെ ഒരു ദിവസം അദ്ദേഹത്തെ അന്വേഷിച്ചു് രണ്ടുപേർ ഗൃഹത്തിൽ എത്തി. ഷിക്കാർപൂരിനടുത്തു ഒരു ഉദ്യാനത്തിനു് പറ്റിയ സ്ഥലം അന്വേഷിക്കുന്നതിനായി മൂവരും യാത്രതിരിച്ചു. തിരിച്ചുവരുംവഴിയാണു് അത്യാഹിതം നേരിട്ടതു്. കഥാപുരുഷൻ മുമ്പിൽ ഡ്രൈവറോടൊത്തും പുറകിൽ ഗുലാംഹുസൈനും, നബിനക്സും. ഒരു വെടിയുടെ ശബ്ദം കേൾക്കയുണ്ടായി. അല്ലാബക്സ് ക്ഷണം ഗാത്രനായി മറിഞ്ഞുവീണു. എവിടെനിന്നോ പ്രത്യക്ഷരായ രണ്ടുപേർ ക്ഷണനേരംകൊണ്ടു് എങ്ങോ പോയി. മാഞ്ഞു അല്ലാബക്സിന്റെ ജീവനും പൊകെതന്നെ പോയി. 1943 മേയ് 14-ാംനു ഇന്ത്യൻരാഷ്ട്രീയ ചരിത്രത്തിൽ ഒരു 'കറുത്ത'ദിവസമായി പരിണമിച്ചു.

20-ാം നൂറ്റാണ്ടിന്റെ ഉദയത്തിനു് രണ്ടുകൊല്ലംമുമ്പാണു് അല്ലാബക്സ് ജാതനായതു്. സിൻഡിലെ സുവർണ്ണമണ്ണിൽ അതേ ഇന്ത്യയിലെ 'അയോദ്ധ്യയിൽ.' അദ്ദേഹത്തിന്റെ നിക്കാമായിരുന്ന കുടുംബം ധനത്തിലും രാഷ്ട്രീയവിജ്ഞാനത്തിലും തഴച്ചതും മികച്ചതുമായിരുന്നു. ഒരു പ്രമുഖജന്മിയായിരുന്ന ഖാൻസാഹിബ് ഹാജി മുഹമ്മദ് ഉമർ ആയിരുന്നു അല്ലാബക്സിന്റെ പിതാവു്. ദേശീയതത്തിൽനിന്നും വളരെ വളരെ ഭിന്നമായ അന്തരീക്ഷത്തിലായിരുന്നു ഖാൻ പുത്രനെ വളർത്തിയതു്. അല്ലാബക്സ് (ദൈവത്തിന്റെ സംഭാവന, എന്നാണു് പദത്തിന്റെ അർത്ഥംതന്നെയും) ഒരു വലിയ ഈശ്വരഭക്തനായിരുന്നു. ദൈവത്തെ വളരെയധികം ഭയന്നു് ചേറാഴെയും ഒട്ടും ഭയക്കാൻ സമ്മതമില്ലാത്ത മട്ടിൽ ധനത്തിൽ, മികച്ച കുടുംബാംഗങ്ങൾ സാധാരണ ചിന്താശീലരായി കാണപ്പെടാറില്ലല്ലോ. ഗൃഹകാര്യങ്ങൾ മാത്രം മതി അവരുടെ ഹൃദയാന്തരീക്ഷം നിറയ്ക്കുവാൻ. പിന്നെ ആഡംബരവും അലസതയും അവരുടെ കൂടെപ്പിറപ്പുകളാണു്. എന്നാൽ നമ്മുടെ കഥാപുരുഷനെ സംബന്ധിച്ചിടത്തോളം സംഗതികൾ ഇതിൽനിന്നും വളരെ വ്യത്യസ്ഥമായിരുന്നു. പ്രകൃത്യാതന്നെ ചിന്താശീലനായിരുന്ന അല്ലാബക്സ് ഒരു സംസാരക്കാരനല്ലായിരുന്നു. എന്നാൽ ഒരു വലിയ സംഭാഷണചതുരനാണദ്ദേഹം. ഉന്നത ലക്ഷ്യങ്ങളായിട്ടു് അദ്ദേഹത്തിന്റെ ബഹുജനിയമസഭാ വാദഗതികളും തീപ്പൊരിപ്രസംഗങ്ങളും.

സ്കൂളിൽ വായനയോ പ്രശസ്തിയും അദ്ദേഹത്തിനുണ്ടായിരുന്നില്ല. പ്രത്യുത, ക്ലാസ്സിൽ ഏറ്റവും താഴ്ന്ന ഒരുസ്ഥാനമായിരുന്നു അല്ലാബക്സിനു സംസിദ്ധമായതു്. പുസ്തകപ്പുഴുവാകാനല്ലല്ലോ അദ്ദേഹം ജനിച്ചതു്.

പടിഞ്ഞാറൻവിദ്യാഭ്യാസരീതി ആകെ വെറുത്തു് വിദ്യാലയത്തോടും യാത്ര പറഞ്ഞു. വിസ്തൃതമായ വയലുകളും കൃഷിസ്ഥലങ്ങളും തന്റെ വിഹാരരംഗമായി മാറി. പശുക്കിടാങ്ങളും ആട്ടിൻകുട്ടികളും കൂട്ടുകാരായി. അദ്ദേഹം അവയുടെ കണ്ണുകളിൽ മനുഷ്യത്വം കണ്ടു. ഇങ്ങനെയുള്ള ചുറ്റുപാടുകളാണു് ദേശീയബോധം അദ്ദേഹത്തിലങ്കുരിപ്പിച്ചതു്. ചിന്തമാത്രം പ്രവൃത്തിയായുണ്ടായിരുന്ന അല്ലാബക്സ് രാഷ്ട്രീയസേവനം ജീവിതലക്ഷ്യമായെടുത്തു.

ബോംബെ നിയമസഭയിൽ (അന്നു് സിൻഡു് ബോംബെയിൽനിന്നു് വേർതിരിച്ചിട്ടില്ലായിരുന്നു) ഒരു സ്ഥാനം കരസ്ഥമാക്കിയതോടെയാണു് യുവാവായ ബക്സ് പൊതുജനദൃഷ്ടിയിൽ പെടാൻതുടങ്ങിയതു്. നിയമസഭയിൽ അദ്ദേഹം ഒരു പ്രഭാതനക്ഷത്രമെന്നവണ്ണം പ്രകാശിച്ചു. 1931 മാർച്ചുമാസം 2-ാംനു അദ്ദേഹം അസംബ്ളിയിൽചെയ്ത പ്രസംഗം അദ്ദേഹത്തിന്റെ സ്വഭാവപഠനത്തിനു് ഉപകരിക്കുന്നു. അദ്ദേഹം പറയുകയുണ്ടായി: "ഓരോരുത്തർക്കും അവരവർക്ക് സ്വന്തമായി ഓരോ അഭിപ്രായമുണ്ടായിരിക്കും. നാം കാൺഗ്രസ്സിന്റെ നയംതന്നെ പിൻതാങ്ങണമെന്നു പറയുക നല്ലതല്ല. അതാണോ നീതി? ഞാൻ ഒരു കാൺഗ്രസ്സുകാരനല്ലെന്നുമാത്രമല്ല എനിക്കു കാൺഗ്രസ്സുകാരോടു് സഭാവവുമില്ല. എന്നാൽ അതേസമയം ഞാൻ കാൺഗ്രസ്സിനെതിരുമല്ല."

അല്ലാബക്സ് വിശ്വസിക്കുന്നതു് ചില തത്വങ്ങളിലാണു്. അദ്ദേഹം സന്ദർഭാനുസരണം കക്ഷിമാറുന്നവനല്ല.

ഷിക്കാർപൂരിലെ ഈ പ്രമുഖപൗരന്റെ നേട്ടങ്ങൾ അനവധിയാണു്. 1938-ൽ അദ്ദേഹം സിൻഡിലെ പ്രധാനമന്ത്രിയായി. (ഈ സമയം സിൻഡു് വേർതിരിക്കപ്പെട്ടിരുന്നു) ഹിദായത്തുള്ളാമന്ത്രിസഭയെ പരാജയപ്പെടുത്തിയിട്ടു. എന്നാൽ 1939-ൽതന്നെ അദ്ദേഹത്തിന്റെ മന്ത്രിസഭ പരാജയപ്പെടുകയും ബക്സ് മിർബന്ദേഅലിഖാന്റെ മന്ത്രിസഭയിൽ ചേരുകയുംചെയ്തു. പിറ്റേക്കൊല്ലം മിർമന്ത്രിസഭ പരാജയപ്പെട്ടതോടെ അല്ലാബക്സ് വീണ്ടും പ്രധാനമന്ത്രിയായി.

1942 സെപ്റ്റംബർ 11-ാംനു-യിലെ ചർച്ചിലിന്റെ പ്രസംഗം വേറെ പലരെയുംപോലെ ബക്സിനെയും കുപിതനാക്കി. 26-ാംനു ഖാൻബഹദൂർ, ഒ. ബി. ഇ. എന്നീ ബഹുമതികൾ വലിച്ചെറിഞ്ഞുകൊണ്ടു് വൈസ്രായിക്കു് അല്ലാബക്സ് മുഹമ്മദ്സൂംറോ വൈസ്രായിയ്ക്കു കത്തയച്ചു. മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റീസായിരുന്ന സർ എസ്സ്. സുബ്രഹ്മണ്യയ്യർ കെ. സി. ഐ. ഇ. ദൂരത്തെറിഞ്ഞു. 1919-ൽ മഹാകവി ടാഗോർ സർ സ്ഥാനവും ഇന്നിതാ മുസ്ലിംലീഗംഗങ്ങൾ ആയിരക്കണക്കിനു ബഹുമതി ഉപേക്ഷിച്ചിരിക്കുന്നു. എന്നാൽ അല്ലാബക്സിന്റെ പ്രവൃത്തിയുടെ പ്രത്യാഘാതമെന്നവണ്ണം 1935-ലെ ഇന്ത്യാഗവ: ആക്ട് 51-ാംവകുപ്പനുസരിച്ചു് അദ്ദേഹത്തെ പ്രധാനമന്ത്രിപദത്തിൽനിന്നും പിരിച്ചുവിടപ്പെട്ടിരിക്കുന്നതായി അക്ടോബർ 10-ാംനു ഗവർണ്ണർ പ്രഖ്യാപനംചെയ്തു. കഥാപുരുഷനെ ഷിക്കാർപൂരിൽ താമസവുമാക്കി.

അദ്ദേഹത്തിന്റെ ജീവിതദുരന്തത്തിനു പ്രേരകമായ സാഹചര്യങ്ങൾ ആദ്യമേ വിവരിച്ചുവല്ലോ. ഈ ശോകവാർത്ത കാട്ടുതീപോലെ പരന്നു. ഷിക്കാർപ്പൂരിൽ ഒരു മനുഷ്യമഹാസമുദ്രം ഇരമ്പിക്കൊണ്ടു് ശവസംസ്കാരഘോഷയാത്രയെ അനുഗമിച്ചു. പത്രങ്ങൾ വലിയ അക്ഷരത്തിൽ മുഖപ്രസംഗങ്ങളെഴുതി. ശ്രീ: രാജഗോപാലാചാരി, ഡാ: സെയഫുദ്ദീൻ കിച്ച്ലു, എസ്. എ. ബ്രേൽവി, ഡാ: ഖാൻസാഹിബ് എന്നിവർ അനുശോചനസന്ദേശങ്ങളെഴുതി.

അല്ലാബക്സിനു മൂന്നു പുത്രന്മാരും അഞ്ചു പുത്രിമാരുമുണ്ടു്. സഹോദരനായ ഹാജിമൗലാബക്സ് ഒരു വലിയ സെമിന്ദാരുകൂടിയാണു്. അല്ലാബക്സ് കൊലക്കേസു വിസ്താരവും വിധിയും നാം പത്രങ്ങളിൽ വായിച്ചതാണല്ലോ?

* * * – *

അല്ലാബക്സ് — പരിശുദ്ധ യുദ്ധത്തിലെ രക്തസാക്ഷി നിത്യശാന്തിയിൽ വിശ്രമിക്കട്ടെ. ആ മോഹനതാരം മങ്ങി മാഞ്ഞു കാലം അധികമായില്ല.

കളങ്കലേശമില്ലാത്ത ഒരു മഹനീയജീവിതമായിരുന്നു അദ്ദേഹത്തിന്റേതു്. ആ വമ്പിച്ച മഹത്വമേന്തുന്ന അദ്ദേഹത്തിന്റെ ആത്മാവു് പുളകംകൊള്ളുമായിരിക്കും.

o —

* Prof: Jagat S. Bright ന്റെ ലഘുഗ്രന്ഥത്തെ ഉപജീവിച്ചു്

വാദവേദി.

# മേധാവ്യാദിഭാഷാവ്യാധികൾ

(റ്റി. കെ. ജോസഫ്, ബി. എ., എൽ. റ്റി.)

സാഹിത്യത്തിന്റെ ജനശ്രദ്ധയെപ്പറ്റിയുള്ള വടക്കുംകൂറിന്റെ പ്രസംഗത്തിൽ ഡിസംബർ, (2-ലെ മ. രാ. ആ. പ.,1-2, 12) പ്രശ്നം, മേധാവി, അന്തർരാഷ്ട്രീയം മുതലായ ഇന്നത്തെ വികലപ്രയോഗങ്ങൾ വർജ്ജിക്കണമെന്നു സാഹിത്യകാരന്മാരോടും മറ്റെഴുത്തുകാരോടും ഉപദേശിച്ചിരിക്കുന്നതു് അല്പമെങ്കിലും ഗുണകരമാകുമെന്നു വിശ്വസിക്കുന്നു. ഇക്കാലത്താരും ഉപദേശങ്ങൾ അനുസരിക്കാറില്ല. സ്വാതന്ത്ര്യത്തിന്റെ യുഗമാണല്ലോ ഇതു്.

തമ്പുരാനവർകൾ എടുത്തുകാണിച്ച പദങ്ങളിലേക്കു് ഏറ്റവും പഴക്കമുള്ളതു് മേധാവിയാകുന്നു. അതിനു് മേധാവാൻ, ബുദ്ധിമാൻ എന്ന അർത്ഥമുണ്ടെന്നറിവാൻ പാടില്ലായിരുന്ന ഒരു 'അർസംസ്കൃതൻ' ആയിരിക്കണം അതുതമിഴിൽനിന്നെടുത്തു മലയാളത്തിൽ 'ബ്രാഹ്മണ,മധാവിത്വം' മുതലായ പുസ്തകങ്ങളിലും മററും പ്രയോഗിച്ചതു്. മേലാവു്, ദയാവും, അതിന്റെ ഹ്രസ്വരൂപമായദയവും,റാണാവു്, ഖജനാവ മുതലായവപോലെ തെക്കൻ തമിഴനാട്ടിൽനിന്നു പത്മനാഭപുരം—തിരുവനന്തപുരംവഴി മലയാളഭാഷയിൽ വന്നതല്ല മേധാവിവടക്കുകിഴക്കൻ തമിഴനാട്ടുകളിൽനിന്നു കണ്ണൂർ കോഴിക്കോട്ടുവഴിവന്നതാണതു്. തമിഴിലെ മേതവി സംസ്കൃതീകരിക്കാതെ മേതാവി എന്നു (തകാരപാഠം ആയി) മലയാളത്തിലും എഴുതിയാൽ തമ്പുരാനവർകൾ തെറ്റുകാണിച്ച ദോഷം പരിഹരിക്കാം. ബ്രിട്ടീഷുമേധാവിത്വത്തിനു പകരം ഇനിനാം ബ്രിട്ടീഷുമേതാവിത്തം എന്നെഴുതണം എന്നുവരും. 'മനസ്സില്ല' എന്നായിരിക്കും മിക്ക എഴുത്തുകാരുടെയും മറുപടി. മനസ്സുണ്ടാക്കാൻ ആർക്കും സാധിക്കയുമില്ലതാനും. മനസ്സില്ലെന്നുപറയുന്നവരുടെ പക്ഷത്തു ന്യായവുമുണ്ടെന്നുപറയാം. എന്തെന്നാൽ മേധാവി മേതാവിയാകണമെന്നുപാദശിക്കുന്ന ഭാഷാമതം വിപരീതലിവസം പറയാതിരിക്കയില്ല.

1. നന്ദികേടു് നന്നികേടാക്കണം,
2. മന്ദത്തുപിള്ളയെ മന്നത്തുപിള്ളയാക്കണം.
3. ചേന്ദമംഗലം ചേന്നമംഗലമാക്കണം.
4. സാക്ഷാൽ താഴ്ക്കഴയാക്കണം.

എന്നും മററും. അങ്ങനെ പേടിക്കേണ്ടാ — മേധാവിത്വം മേതാവിത്തമാക്കിയാൽ മാത്രം മതി എന്നുവയ്ക്കാം.

എന്നാൽ 'പ്രശ്ന'ത്തിന്റെ കാര്യമെങ്ങനെ എന്നു പ്രശ്നം വരും. Problem question, query, interrogation എന്നീ ഇംഗ്ലീഷുപദങ്ങൾക്കും പ്രശ്നമാണു പ്രയോഗിച്ചുവരുന്നതു്. ഒടുവിലത്തെ രണ്ടിനുമാണെതുപയോഗിച്ചുവരുന്നതു്; ആ ഉപയോഗം ശരിയുമാണു്. That is the problem, international problem the colour problem, or question മുതലായവ ഇയ്യിടെ തർജ്ജമ ചെയ്ത 'ധ്രുതി' യിൽ (=ദ്രുതിയിൽ) ആകുന്നു പ്രശ്നം. problem or question എന്ന അർത്ഥത്തിലും നമ്മുടെ ഹജൂരിൽനിന്നു പുറപ്പെട്ടതു്; നിയമസഭയിലും മററും നടമാടിയതു്. അതിനു് ഒരു 'ഉദ്യോഗീയ' (ഔദ്യോഗിക) സവർണ്ണതയുണ്ടുതാനും. അതുകൊണ്ടു് പ്രശ്നംമാററാൻ ഉപദേശിച്ചാൽ ഫലിക്കുമെന്നു തോന്നുന്നില്ല, തമിഴർ പ്രശ്നത്തെ എന്ന വാക്കു (പ്രശ്നത്തിനു പകരം) തമിഴ്രൂപത്തിൽ 'പിരച്ചനൈ' എന്നു് ഇന്നു പത്രങ്ങളിലും മററും ധാരാളം പ്രയോഗിക്കുന്നു. നമുക്കു പ്രശ്നത്തെ മാറ്റുവാൻ നിവൃത്തിയില്ല; മാററങ്ങളാണെല്ലോ അതിനു മലയാണ്മ (മലയാണ്മൈ—മലയാഴ്മ—മലയാഴ്മ—മലയാളമ—മലയാൺമ) യിലുള്ളതു്.

ഉത്തമമോ നിവൃത്തിയോ പരിഹാരമോ സാധിക്കേണ്ടുംവഴിയോ കണ്ടുപിടിക്കേണ്ട "dobtful or difficult question" ആണു് problem അതുകൊണ്ടു പ്രശ്നം എന്ന തർജ്ജമ അത്ര തെററല്ല; മുഴുവൻ ശരിയുമല്ല. Problem-നു വേറൊരു വാക്കു പറയാമോ എന്ന പ്രശ്നം വായനക്കാരിൽനിന്നു വരുമ്പോഴാണു വിഷമം. വൃഷ്ടം എന്നാക്കിയാൽ അതും വൃഷ്ടുവുമായിക്കുഴയും. വൃഷമായാലോ? ഈ വൃഷ്ടു തെററിച്ചായിരിക്കാം തമിഴർ പ്രശ്നത്തെയാക്കിയതു്. തമിഴിലെ വിനാവായാലോ? പ്രശ്നം മതി എന്നു മിക്കവരും ഉത്തരം തരും.

'പിരച്ചനൈ' മുതലായവപോലെ ഏതു...

(ശേഷം നാലാം പേജിൽ)

മീനച്ചിൽ താലൂക്കുകച്ചേരിയിൽനിന്നും 1054-ലെ

1-ാംആക്ടു് 9-ാംവകുപ്പുപ്രകാരം പ്രസിദ്ധപ്പെടുത്തുന്ന

## പരസ്യം

എന്തെന്നാൽ ഇലയ്ക്കാട്ടുപകുതിയിൽ കുറിച്ചിത്താനം മുറിയിൽ ഇലവുങ്കൽ വീട്ടിൽ എസ്തപ്പാൻ എസ്തപ്പാൻ 2230 രൂപ 11 ചക്രം 2 കാശു കലാശകുടിശിഖ വകയിൽ തീർക്കേണ്ടുന്നതിനു താഴെ വിവരം പറയുന്ന ജംഗമസാമാനങ്ങൾ ടി ആക്ററു പ്രകാരം നടപടിനടത്തി ജപ്തിചെയ്തു സർക്കാരധീനതയിൽ എടുത്തിട്ടുള്ളതു് 1122 ധനുമാസം 26-ാംനു പകൽ 2 മണിക്കു മീനച്ചിൽ താലൂക്കുകച്ചേരിയിൽ വച്ചു ലേലം വിളിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ കൊള്ളുവാൻ മനസ്സുള്ളവർ അവധി ദിവസം സ്ഥലത്തു ഹാജരായി വിളിക്കേണ്ടതാമെന്നുള്ളതാകുന്നു. കൂടുതൽ തുക കേൾക്കപ്പെടുന്ന ആളിന്റെ പേരിൽ സ്ഥിരപ്പെടുത്തുന്നതും ലേലം സ്ഥിരപ്പെടുത്തിയഉടനെ ലേലക്കാരൻ ലേലത്തുക കെട്ടിവയ്ക്കേണ്ടതും അതിന്റെശേഷം സാമാനം ലേലക്കാരനു കൊടുക്കുന്നതും ആകുന്നു. ലേലക്കാരൻ ലേലത്തുക കെട്ടിവയ്ക്കാതെ വീഴ്ചവരുത്തുന്നതായാൽ ആവർത്തിച്ചു ലേലം വിളിക്കുന്നതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യലേലക്കാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്നു.

1122-ാമാണ്ടു വൃശ്ചികമാസം 23-ാംനു

തഹശീൽദാർ (ഒപ്പ്)

കെട്ടിടത്തിന്റെ വിവരം

ഇലയ്ക്കാട്ടുപകുതിയിൽ സർവേ 292/5-ാംനമ്പർ വസ്തുവിൽ കിഴക്കു ദർശനമായി ഓടുമേഞ്ഞു് രണ്ടുനിലയിൽ പണിയിച്ചിരിപ്പുള്ള മാളികക്കെട്ടിടവും ടി മാളികക്കെട്ടിടത്തോടുചേർത്തു തെക്കും വടക്കും വശങ്ങളിൽ പാത്തിവെച്ചു യോജിപ്പിച്ചു പണിയിച്ചിട്ടുള്ള രണ്ടുകെട്ടിടങ്ങളും ഉൾപ്പെടെ താഴത്തെ നിലയിൽ അഞ്ചുമുറികളും മുകളിലത്തെ നിലയിൽ തട്ടിവച്ചുമറച്ചതുൾപ്പെടെ നാലുമുറികളും ഉള്ള കെട്ടിടവും ടി കെട്ടിടത്തോടു ചേർത്തുള്ള ചായപ്പുറവും ആകുന്നു.

# കുടങ്ങൾ

തെരുവത്തു് രാമൻ

ഹിന്ദുവും മുസൽമാനുമന്യോന്യം കഴുത്തറു-
ത്തിന്ത്യയെ ശ്മശാനമായ് മാററുവാനെന്നഭാവം?
അന്യനാട്ടിനു ധർമ്മഗീതോപദേശംചെയ്ത
പോന്നനിസ്തുലമാകുമാർഷസംസ്കാരം നമ്മ,
വരേനാളുമയത്തിയെന്നാലുമിന്നടിതെററി
വീണുപോയല്ലോ നമ്മൾ നരകത്തിലും താഴെ!
നിതരാം ബീഹാറിലും കിഴക്കൻബംഗാളിലും
നടന്ന നരവേട്ട വിസ്മരിക്കുവാനാമോ?
അന്യനെയുയർത്തേണ്ടും കൈകളിലസിയേന്തി
യന്യോന്യം തലയറുക്കുവാൻ വെമ്പുന്നഭ്രാതാക്കളേ,
ഗീതയും ഖുറാൻമിന്നോവരെ പഠിപ്പിച്ച-
തീവിധം പരസ്പരം ചോരചിന്തുവാനാണോ?
ഘോരമാമടിമത്ത ത്തോടിതേവരെ ധീരം
പോരാടിമാനം കാത്ത സോദരന്മാരേ, നിങ്ങൾ
നമ്മളെപരസ്പരംതല്ലിച്ചു ലാഭം നേടാൻ
സാമ്രാജ്യതന്ത്രംവെച്ചകെണിയിൽ കുടങ്ങളല്ലേ!

—:0:—

# മായുക, മായുക—

വെണ്ണി (ബാംബേ)

മായുക, മായുകെൻമനത്തുപൂത്തൊരു
മായൂരപിഞ്ഛികാമഞ്ജരിയേ!
ഇത്തിരിനേരമെൻജീവന്റെ ചില്ലയിൽ
തത്തിപ്പറന്നൊരു പുഞ്ചിരിയേ!

എന്നിരുൾമേലാപ്പിൽ പൂമ്പട്ടുകിന്നരി
മിന്നിഞ്ഞെറിഞ്ഞൊരു മാരിവില്ലേ!
പാരാതെനിന്നെയന്നാവിഷ്കരിക്കുവാൻ
നീരാവിയെത്രഞാൻ തൂററിരുന്നു!
സ്വപ്നങ്ങളെല്ലാമെയും തേൻകുഴമ്പാക്കിന
സ്വർഗ്ഗസംഗീതവിലാസവാരേ!
ഉണ്മയിൽ നിന്നെയിങ്ങെത്തിക്കുവാൻ
ജന്മങ്ങളെത്രകരഞ്ഞിരുന്നു!
ജീവിതാനന്ദമേ! ജീമൂതരാജിയിൽ
നീവിരിഞ്ഞീടാവ നിസ്തുലാഭം—
നിൻകഴലാഞ്ഞു നിറഞ്ഞാരെൻചിന്തകൾ
തങ്കച്ചിറകു പതച്ചുതുള്ളി;
പേലവമായനിൻ ചെന്തളിർച്ചുംബിക്കാ-
നാശകൾ കയ്യും തുറന്നുകൂവി;
ചിന്തിപോൽ ദിവ്യസുഗന്ധമലരികൾ
പൊന്തിന രാഗത്തിൻനിശ്വാസങ്ങൾ;
അന്തരം ദീപ്തകരങ്ങളാം രത്നങ്ങ-
ളന്തരാത്മാവിൽ പൊടിഞ്ഞുവിങ്ങി

അന്നിലതന്നിൽ മറഞ്ഞാനെന്നെയും
നിന്നിലമന്ദമലിഞ്ഞുചേർന്നു.
ആകലിതോൽകമാരാനുരാഗംപുല്കലിൽ
നാകങ്ങളെല്ലാം ഞെരിഞ്ഞമർന്നു.
ആരകതമച്ചുംബനത്തിങ്കലായിരം
താരങ്ങൾ പൊട്ടിത്തെറിച്ചുയർന്നു.
ആ രോമഹർഷങ്ങൾ വാരിന നിർവൃത-
സ്സോരോമൻമഞ്ഞുകുഷഭാരമന്നു.

അയ്യോ! ദുരന്തമേ! നഞ്ചിൽപുതച്ചൊരു
പൊയ്യോം നിയതിതൻ നീതിരായോ!
ഹാ! മധുപൂർണ്ണമാമോളട്ട സ്ഫടിക-
ത്തുമണിക്കമ്പിളിൽ കല്ലറിയാൻ—!
ഒന്നാലച്ചോങ്ങിയ പൊൻവളക്കയ്യുതൻ
മിന്നലിലെന്മനം വെന്തുപോയി.
ആത്തുമുഴങ്ങിയ രോദനച്ചായയിൽ
പേർത്തുമെൻഗാനംപൊലിഞ്ഞുപോയി.
രണ്ടിതൾമേഘങ്ങൾ ചക്രവാളത്തിന്റെ
കണ്ടിൽനിന്നെന്മേലടർന്നുവീണു.

വിണ്ണുവിളക്കിയ പൂവേ! നിൻ പിന്നൊരു
കണ്ണുനീർക്കായലെന്നാരറിഞ്ഞു?
പൊങ്ങുതടിയിട്ടുപൊട്ടിപ്പൊളിഞ്ഞുഞാൻ
മുങ്ങുന്നിതെത്രനഷ്ടമതന്നേ.
മാമകപ്രാണനൊരിത്തല്പമുഹൂർത്തമി-
പ്പ്രേമരത്തേങ്ങചാടിച്ചുതുങ്ങൾ.
എങ്കിലുമെന്നെവിഴുങ്ങുന്ന ശൂന്യത-
യ്ക്കെന്തുകൊണ്ടൊരുഭാവഭേദം?

മായുക, മായുകെൻ മനത്തുപൂത്തൊരു
മായൂരപിഞ്ഛത്തിൻ പുഞ്ചിരിയേ!—

# തിരമാല

കുടമാളൂർ, കെ. സി. കേശവൻനായർ ബി. ഏ.

രമ്യവാരിധി, താവകാത്മജർതരംഗങ്ങൾ
തമ്മിലന്യോന്യംതല്ലിത്തകരാനെന്തുകാര്യം?
ഊഴിയെവിറപ്പിക്കാനുതകും വീരാത്മക്കൾ
പാഴിലീവിധമിങ്ങു മത്സരിക്കുവതെന്തേ?
ഏകമാതാവിൻപുത്രർ സോദരർപരസ്പരം
ഭീകരരണത്തിനു സന്നദ്ധരാവുന്നെന്നോ?
ഗർവ്വിന്റെഗളമേറാൻ കാര്യമില്ലിവ, രിന്നും
ഉൾവ്വിതൻ വിലങ്ങഴിക്കുമിലല്ലല്ലീവാസം?
പശ്ചിമാശയിൽനിന്നുവന്നതാം കടൽക്കാററിൻ
സ്വച്ഛമാം വ്യാജോക്തിതൻ വഞ്ചനയറിയാതെ,
വംശീയംവർണ്ണവും വാദവുംവളർത്തുന്ന
വീചികൾസഗർഭ്യരെ ഹിംസിക്കയല്ലി കഷ്ടം!
തക്കവുംതേരവുംപാർത്തപ്പുറമേക്കപരന്മാർ
കപ്പലിൽകരേറുന്നിതമ്മതൻ ധനമെല്ലാം.
ഇരവിൻസമ്രാട്ടായി വാഴുമലോഷാകര-
നിരുന്നുചിരിക്കുന്നുകഷ്ടം, മീരണംകാൺകെ;
നിത്തുകീവഴക്കെല്ലാം തോഴരേ, വൈകിക്കാതെ
നിർത്തുകിയക്ഷേപാർഹമാകിയോരവിവേകം!!!

# ജീവിത സ്വപ്നം

പാലാ നാരായണൻനായർ
(കാകളി)

മുന്നിലും പിന്നിലും ദനാക്കിയാൽക്കാണവാ-
നൊന്നുമില്ലാതെയെൻ ജീവിതം ശൂന്യമായ്!
ഞാനെന്തു നേടിയിട്ടുണ്ടെന്ന ചോദ്യമോ
മാനം തകർത്തിടും, മാനസം നീററിടും.
പൂവിരിഞ്ഞെയ്യുമെന്നാർത്തു ഞാനന്നഹോ
ഭാവികാലത്തിൻമരതകപ്പച്ചയിൽ.
ഹാ ഹാ, കിനാക്കളേ! നിങ്ങളെക്കേവലം
നീഹാരഹാരമായ് തള്ളുന്ന കാരണം
പാതയിൽ പച്ചിലക്കമ്പിളും പേറിയി-
പ്പാരതന്ത്ര്യത്തൊപ്പലത്തേണ്ടിവന്നുഞാൻ!
ശുഷ്കിച്ചുവീണോരീ വേണുവിൽക്കൂടിനി
നിർഗ്ഗമിച്ചീടുമോ നിർവ്വാണഗീതികൾ?......
പാട്ടുവാനാവാൻ പാടവംകാട്ടുവാൻ
പാടില്ലയെങ്കിലീ ജീവിതംവ്യർത്ഥമായ്!
പാരം പണക്കാരനാണിത്ര കാലവും
പാരിന്റെ ജാതകം നിർമ്മിച്ചവൈദികൻ
—പാവങ്ങളെനോത്തി നോക്കിയാൽസൗമ്യമാം
ഭാവങ്ങളെല്ലാമെയും മാററുന്ന മാന്ത്രികൻ—
വിശ്വമേ, നീസ്വന്തമെന്നുപോയ് സമ്പത്തു
വിശ്വസിച്ചെത്രയോ മയങ്ങിക്കിടക്കയാൽ
വിപ്ലവം—സാമൂഹ്യവിപ്ലവം— വേണമി-
നല്ലതിഷ്ണുതാ ജയക്കൊടി പൊക്കുവാൻ
തർപ്പണം—തൻപ്രാണതർപ്പണം വേണമി-
ന്നത്ഭുതം നൂതനം സൃഷ്ടിച്ചതല്ലവാൻ.
നിസ്വനാകട്ടെ, ഞാൻ നിന്ദ്യനാകട്ടെ, ഞാൻ
നിശ്ചയംക്രൂരാകയില്ല വിത്തത്തിനെ
വേണ്ട, വേണ്ടയോ, പ്രതാപം ചമയ്ക്കുന്ന
നീണ്ട സാമ്രാജ്യവും സായൂജ്യപംക്തിയും.
നിശ്വാസമെത്രനാളെന്നിലുണ്ടുന്നാൾ
നിസ്വാർത്ഥസേവനം, ജീവിതസ്വാദനം!
വിത്തേശനാകുവാനെല്ലെനിക്കാഗ്രഹം;
വിത്തം രചിയ്ക്കില്ല ശാന്തിയും സൗഖ്യവും!
മന്മനം പൂജിച്ച പൂജിച്ച വൈശ്വരം-
നന്ദനാരാമമിന്നെങ്ങുപോയെങ്ങുപോയ്?...
കർമ്മദോഷത്താൽ തകർന്നുവീഴുന്നിതെൻ
ജന്മസംസിദ്ധമാം വാസനാവൈഭവം
സ്വാതന്ത്ര്യരശ്മിയെറാൻ ബദ്ധമാകേണ
ചേതസ്സടിഞ്ഞുപോയ് കാരാഗ്രഹങ്ങളിൽ!
സർവം നശിയ്ക്കിലും ജീവിതസ്വാതന്ത്ര്യ-
പർവം പഠിക്കുവാനാഗ്രഹിയ്ക്കുന്നു ഞാൻ!
എല്ലാംസഹിയ്ക്കുവാനാവില്ല, ജീവനെ-
ത്തല്ലിക്കൊഴിയ്ക്കുന്ന പാരതന്ത്ര്യത്തിനെ
വന്നെന്നടിമയായെങ്കിലും, സ്വാതന്ത്ര്യ-
മന്ദാകിനിയ്ക്കായ് മരിയ്ക്കേണ്ടതാണുഞാൻ!
മന്നിലെല്ലാരും സ്വതന്ത്രരായ്ക്കാണുന്ന-
തെന്നതാനെന്നുതാൻ ജന്മസാഫല്യമായ്!
സങ്കല്പമേ! നീ യഥാർത്ഥമായ്ത്തീരുന്ന
തങ്കപ്രഭാതമെന്നാവിർഭവിയ്ക്കുമോ?...
നീളാം നിയതിയാം നിമ്നഗച്ചുഴിയിലീ
നാളവും നാളെയും നാശമായ്പ്പോകിലോ
നിസ്സാരമെങ്കിലും മാമകസ്വപ്നങ്ങൾ
നിശ്ശൂന്യമാകാതിരിയ്ക്കണേ,ഭാവിയിൽ!!

—:0:—

## മലയാളരാജ്യം

മൂന്നാം പേജിൽനിന്നും തുടർച്ച

ശേഷമായി വിദ്യാർത്ഥികൾ, യുവാക്കൾ, പുത്രർ മുതലായവ പ്രയോഗിക്കണമെന്ന നിർദ്ദേശം നല്ലതുതന്നെ. എന്നാൽ ചിലപ്പോൾ അർത്ഥം സന്ദേഹാസ്പദമായി വരും. എത്ര പുത്രന്മാരുണ്ട്, പുത്രരുണ്ട് എന്നു കോടതി ഗീർവ്വാണത്തിൽ ചോദിച്ചാൽ ആൺമക്കളിത്രയെന്ന ഞാൻ പറയു. എത്ര മക്കളുണ്ടെന്നു ചോദിച്ചാലെ രണ്ടുവകയും, ഇത്രയിത്രയെന്നോ, മൊത്തസംഖ്യയോ പറയു. പണ്ടിവിടെ നാലു പുരുഷന്മാരുണ്ടായിരുന്നു എന്നു മൊഴികൊടുത്താൽ നാലാണുങ്ങളുണ്ടെന്നേ കോടതി ധരിക്കു; മലയാളത്തിൽ പറയു എന്നാരു താക്കീതും കിട്ടും.

അന്തർ രാഷ്ട്രീയം, ചതുർശക്തികൾ മുതലായ കുസന്ധികൾ പത്രങ്ങളിൽ കാണാറുണ്ട്. ചതുശ്ശക്തിയാണ് ശരിയെന്നു മിക്ക വായനക്കാർക്കും അറിയാവുന്നതുകൊണ്ട് അവർ തെററുതിരുത്തിക്കൊള്ളുമെന്നൊരാശ്വാസമുണ്ട്. അന്തർ+രാഷ്ട്രീയം അങ്ങനെ തെററാറു തോന്നുന്നതല്ല; ശരിയേതെന്ന് മിക്കവരും വിചാരിക്കും. വാനവർ രാജൻ മധുർരസം, മലബാർരാജ്യം, ബീഹാർ റാണി, ബസാർറെയിററ് (bazaar rate) മുതലായവ മലയാളത്തിൽ ശരി; അതുപോലെ അന്തർരാഷ്ട്രീയം, പുനർരഞ്ജിപ്പ് മുതലായവയും ശരി എന്നു വയ്ക്കണം. പാണിനീയമേതാദിത്താം 'മലയാഴ്മയി'ലേക്ക് അത്ര ചെലുത്തേണ്ട എന്നു മലയാളികൾക്ക് മറുത്തുപറയാം.

അന്തർരാഷ്ട്രീകം എന്ന് ഇകപ്രത്യയം ചേർത്തു മലയാളി പറഞ്ഞാലും കഠോര വൈയാകരണന്മാർ ക്ഷമിക്കണം. ദേഹം, പുസ്തകം, പത്രം, വ്യവസായം, മാസം, രാജ്യം, കാലം, ഉദ്യോഗം, വനം, കൃഷി, ദീപംമുതലായ സംസ്കൃതവാക്കുകളിൽനിന്നും, ബുക്ക്, പേപ്പർ, (മോട്ടോർ മോട്ടോർ) കോളജ്, ദിവാൻ, വക്കീൽ, ജൂബ്ബാ,

(ശേഷം അഞ്ചാം പേജിൽ)




പണ്ഡിററ് ഡി.ഗോപാലപാർവ്വതിന്റെ
# അരുണ
ഗർഭാശയരോഗങ്ങൾക്കു അതിവിശിഷ്ടമായതു്




യുവതൈചതന്യം നശിച്ച സ്ത്രീത്വത്തിന് ഉത്തമമായ ഒരു ടാണിക്കാണ് അരുണ. പതിവായി ഉപയോഗിച്ചാൽ ആരോഗ്യം വീണ്ടെടുത്തു് ജീവിതസുഖങ്ങളെ അനുഭവിച്ചറിയാം.

അയുർവേദാശ്രമം, ലിമിററഡ്
തി-നഗർ . . . മദിരാശി

EASTERNS 376.

നാലാംപേജിൽനിന്നും തുടർച്ച)

പരാതി, ഇനാം, മേശ, കസേര, ലാത്തി, (ലാഠി), പന്തൽ, അള്ളാ, കിത്താബ്, ശ്രീ ഹാ,മാമോദിസാ.പാദ്രീസാ,സാത്താൻ‡മ ലയാളവയിൽനിന്നു തദ്ധിത(വിശേഷണ രൂപ)ങ്ങൾഉണ്ടാക്കാനും (പാണിനീയപ്ര കാരമുള്ള വൃദ്ധിലോപാദികൾകൂടാതെ) ഇ കപ്രത്യയം മലയാളത്തിലെ ആവശ്യത്തി നുചേക്കാം എന്നുവയ്ക്കുന്നു. വ്യവസായം, മതം, മതി, മനസ്സ്, വ്യാകരണം, ബുദ്ധി, ബുദ്ധൻ, പുത്രൻ, പുത്രി എന്നിവയെസം ബന്ധിച്ചത് (industrial, religious, intellectnal mental, grammatical Buddhist, filial, daughterly) എന്ന അർത്ഥ മുള്ളരൂപങ്ങൾ സംസ്കൃതത്തിലെന്ത് എന്ന നോക്കിച്ചുനട്ടംതിരിയാതെ മലയാളസ ന്ധിനിയമമനുസരിച്ച് ഇകപ്രത്യയം ചേ ർത്ത് വ്യവസായികം, മതമികം, മതിയി കം, മനസ്സികാ, വ്യാകരണികം, ബുദ്ധി യികം, ബുദ്ധനികം എന്നിങ്ങനെ രൂപ ങ്ങളുണ്ടാക്കി പ്രയോഗിക്കണം. (സംസ്കൃ തഭാഷയിലെഴുതുമ്പോൾ ഇവ അവിടെ പ്രയോഗിക്കരുത്.) ഈ ഇകം ഏതിനോ ടുചേരും. ഉ-ം:--കിത്താബികം, ഇസ്ലാ മികം, പാപ്പാത്തികം, മെത്രാനികം, തിരു വിതാംകൂറികം, ഗാന്ധിയികം, ജിന്നായി കം, വിദ്യാഭ്യാസികം, ഉദ്യോഗസ്ഥികം, ഉദ്യോഗികം,ജോസഫികം, മേനോനികം, ഖദറികം, ഖാദറികം,ഈഴയം, ഈഴനം, മുത ലായവയോടൊക്കെ ചേരുന്നത് ഇകമാകുന്നു.

അന്തർ രാഷ്ട്രീകം, അന്തർ ദേശീയം inter-national എന്ന അർത്ഥത്തിലാണ ല്ലോ ഉപയോഗിക്കുന്നത്. Inter ന് അ ന്തർ ചേരുമോ? ഇൻറർ-സ്കൂൾ മത്സരം സ്കൂളുകൾതമ്മിൽ ഉള്ളതാണ്; എന്നാൽ അന്തർ-സ്കൂൾ (അന്തർജനം, അന്തസ്സാ രം, അന്തഃകരണം, അന്തർവത്നി, അന്ത ര്യാമി, അന്തർഭാഗംപോലെ) അകത്തെ സ്കൂളാകുന്നു; സ്കൂളിനകത്ത് എന്നും അർത്ഥമാകാം. അന്തർദേശം (നാളികേര ത്തിന്റെ അന്തർജലംപോലെ) അക ത്തെദേശമാണ്. ദേശത്തിനോ ദേശങ്ങ ൾക്കോ അകത്തുള്ളത് എന്നും അർത്ഥമാ കാം. ദേശങ്ങൾതമ്മിലുള്ളത് എന്ന അ ർത്ഥമാണ് ഇന്നു കല്പിച്ചിരിക്കുന്നത്. അ തു മാററാനാരും സമ്മതിക്കയില്ലതാനും.

Inter-നു പുറമേ intra-യും വരേണ്ടിവരും. Inter-cranial കപാല ങ്ങൾ തമ്മിലോ, കപാലങ്ങൾക്കിടയ്ക്കോ ഉള്ളതാണ്. Intra-cranial കപാല ത്തിന് അന്തർ, അകത്ത് ഉള്ളത്, ഇതി ന് അന്തഃ കപാലം, അന്തഃ കപാലികം എന്നു പറഞ്ഞാൽ ചേരും ഉ-ം; അന്തഃ കപാലികശസ്ത്രക്രിയ, intra-cranial operation; അന്തർ നാഡികചികിത്സ, intra-venous treatment. Inter-ന് അ ന്തഃ ഉപയോഗിക്കാതിരിക്കയാണു നല്ലത്.

കങ്കണം കണ്ണുകളിൽ കൈവല്യം ....ന്നാമുള്ള കാഞ്ചികൾ വക്ഷഃസ്ഥലേ ഹാരങ്ങൾ കടിതടേ എന്ന ഫാഷനൽ ....ത്താംവു കമ്മം ക്രിയ വിശേഷണം പ്രകൃ തി പ്രത്യയം മുതലായവയെ വാചകങ്ങ ളിൽ വാരിയിടുന്ന ഇന്നത്തെ രീതിയേയും മ്പൂരാനവർകൾ ബീഭത്സമെന്നു ഗണിക്കു ന്നു. അതും യുക്തംതന്നെ. 'കപിററിൻ ഡ്യം' എന്ന് ഇംഗ്ലീഷുകാരോട് വളരെ കാലം ഉറക്കെപ്പറഞ്ഞിട്ടും അവരുടെ ശൈലി നാം സ്വീകരിച്ചിരിക്കുന്നത് ബു ദ്ധികേടല്ലേല്ലം? She laughed, said I അവൾ ചിരിച്ചു, പറഞ്ഞു ഞാൻ എന്നി ങ്ങനെ തർജ്ജമ ചെയ്യുന്ന ചെറുകഥക്കാര നിന്നു മിക്കവരും. അവൾ ചിരിച്ചെന്നു ഞാൻ പറഞ്ഞു എന്നെഴുതിയാൽ അതു മലയാളത്തിനു ചേരുകയില്ലെന്നു വന്നോ! ഇംഗ്ലീഷുകാരെ വേണ്ടേ, അവരുടെ ഉ ഭാഷ്യലിയും സിഗററും ബ്രാണ്ടിയും അല്ലാ ....ഗൗണം ....രക്കവും മററും വേണംതാനും!! ....ചില ഉശൈലികൾ:—

1, 18-4-1122 (1122-4-18 ആണ മലയാളരീതി)

2, മാമ്മൻ കണ്ണന്താനം (കണ്ണന്താന ത്തു മാമ്മൻ)

3, പത്രോസ്, പുലിക്കീഴ്, തിരുവല്ലാ (മറിച്ചാണ മലയാളരീതി)

4, വാല്യം 12, ലക്കം 4 (12-ാംവാല്യം 4-ാംലക്കം)

5, 4-ാമതു ലക്കം (തമിഴശൈലി, നാലാംലക്കം മലയാളം)

# ഇൻഡ്യാ ഗവ: സഹകരണ സംവിധാനപദ്ധതി

## ഉത്തരവാദിത്വമുള്ള ജനകീയ ഭരണം സഹകരണപരിപോഷണത്തിനാവശ്യം

'സാമ്പത്തികപുനസ്സംവിധാനത്തെ പരിപൂർണ്ണജനായത്തമാക്കുന്നതിനുള്ള ഏററവും പററിയ ഉപാധി എന്ന നിലയ്ക്കു സഹകരണത്തിന് ഏററവും വലിയ ഒരു പങ്ക് വഹിക്കുവാനുണ്ട്. സഹകരണ സമ്പ്രദായത്തിനാകർഷകത്വമരുളുന്ന അതിന്റെ സ്വഭാവവിശേഷം, പരിതഃസ്ഥിതികൾക്കനുസരിച്ച് അവശ്യം വേണ്ട രൂപം പ്രാപിക്കുവാനുള്ള അതിന്റെ വഴക്കമാണ്. സാമൂഹ്യസൗധത്തിലെ വിവിധവിഭാഗങ്ങളുടെ ആവശ്യങ്ങൾക്കനുയോജ്യമായി അതിനു വർത്തിക്കുവാൻ കഴിയും. പ്രസ്ഥാനം അനുവർത്തിച്ചുവരുന്ന 'സംഘാതസ്വഭാവം' അതിന് അനിതരസാധാരണമായ ശക്തി പ്രദാനം ചെയ്യുന്നു. ഒററതിരിഞ്ഞുനിൽക്കുന്ന മററു സ്ഥാപനങ്ങൾക്ക് ഈ ഗുണമില്ല. ആധുനികസമുദായത്തിൽ സുശക്തമായ പ്രവർത്തനങ്ങൾക്ക്, അവശ്യം ഉണ്ടായ കേന്ദ്രീകരണം ഇതുമൂലം പ്രസ്ഥാനത്തിനു സിദ്ധിച്ചിരിക്കുന്നു.' എന്നിപ്രകാരമാണ് അഖിലേന്ത്യാസഹകരണസംവിധാനക്കമ്മിററിയുടെ 1946 ഡിസംബർ 3-ാംനു പ്രസിദ്ധീകൃതമായ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്.

പന്ത്രണ്ടംഗങ്ങളടങ്ങിയ പ്രസ്തുതകമ്മിററിയെ 1945 ജനുവരിമാസത്തിൽ ഇൻഡ്യാ ഗവമ്മെണ്ടു നിയമിച്ചു. ബോംബെ പ്രൊവിൻഷ്യൽ സഹകരണബാങ്കിന്റെ ചെയർമാനായ ശ്രീ: ബി. ജി. സാരയാകമ്മിററിയുടെ ചെയർമാനായിരുന്നു.

ഇൻഡ്യയിലെ സഹകരണപ്രസ്ഥാനത്തിലെ വിവിധവിഭാഗങ്ങളിലുള്ള പ്രവർത്തനങ്ങളെ കൂലങ്കഷമായി പരിശോധിച്ച്, അതിൽ അവശ്യം വരുത്തേണ്ട പരിഷ്കാരങ്ങളെപ്പററി, റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നു. കമ്മിററിയുടെ അഭിപ്രായത്തിൽ സഹകരണത്തിന്റെ പൂർണ്ണമായ വളർച്ചയ്ക്കു ഉത്തരവാദിത്വമുള്ള ജനകീയഭരണം, സ്വതന്ത്രവ്യാപാരനിരോധനം, വിദ്യാഭ്യാസപ്രചരണത്തിലും, കാർഷികോല്പന്നമൂല്യസംരക്ഷണത്തിലും ഗവർമ്മെന്റിന്റെ ജനഭാവപൂർവ്വമായ സഹായസഹകരണം, ഈ ഉപാധികൾ അത്യന്താപേക്ഷിതങ്ങളാണ്. നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ സഹകരണവും സംവിധാനവും കാർഷികോല്പാദനം, വിപണനം, കുടിൽവ്യവസായങ്ങളും മററു ചെറുതരം ഉപവ്യവസായങ്ങളും, ഉപഭോക്തൃസഹകരണം, ധനസഹായം, ഇൻഷൂറൻസ്, വിദ്യാഭ്യാസം, പര്യവേക്ഷണം മുതലായ വിവിധവിഷയങ്ങളെപ്പററി പ്രതിപാദിച്ചിരിക്കുന്നു.

സ്വമേധാതത്വം സഹകരണത്തിലെ സർവ്വാദരണീയമായ ഒരു തത്വമാണെങ്കിലും, ചില പ്രത്യേകതരം സഹകരണപ്രവർത്തനങ്ങളിൽ 'നിർബ്ബന്ധം' സ്വീകാര്യമായിക്കരുതാമെന്നു കമ്മിററി അഭിപ്രായപ്പെടുന്നു. അതുകൂടാതെ സാമ്പത്തികശ്രേയസ്സിനപരിത്യാജ്യങ്ങളായ ചില കാര്യങ്ങൾ നടപ്പിൽ വരുത്താൻ സാദ്ധ്യമല്ലാ. ഒരു സമുദായത്തിലെ മൂന്നിൽ രണ്ടുഭാഗത്തോളം വരുന്ന സംഘാംഗങ്ങൾ ചേർന്നു തീരുമാനിക്കുന്ന കാര്യങ്ങൾ ബാക്കിയുള്ളവരെയും ബന്ധിക്കണം.

സഹകരണ സംവിധാനത്തിന്, ഗവമ്മേന്റു മാർഗ്ഗദർശനം നൽകുകയും, അതിനെനയിക്കുകയും ചെയ്യണമെന്നും, സഹകരണ പരിപോഷണത്തിനു, ഏററവും പററിയമാർഗ്ഗങ്ങളേ സംബന്ധിച്ച്, ഗവമ്മെന്റു പൊതുജനാഭിപ്രായ പ്രബോധനപരമായ നടപടികൾ കൈക്കൊള്ളണമെന്നും, സഹകരണപ്രസ്ഥാനത്തിന്റെ അടിസ്ഥാനമായ പ്രാഥമികഘടകങ്ങളേ കർഷകന്റെ സകല ജീവിതാവശ്യങ്ങൾക്കും പ്രയോജനപ്പെടുമാറ്‌ തക്കവണ്ണം വിപുലതരമാക്കണമെന്നും, അതിനെ അവന്റെ സാമ്പത്തികപരിപോഷണ കേന്ദ്രമാ(ക്കി) പുനസ്സംഘടിപ്പിച്ചു പരിഷ്കരിക്കണമെന്നും, ഇൻഡ്യയിലെ ഏഴുലക്ഷം ഗ്രാമങ്ങളിൽ അൻപതു ശതമാനത്തേയും ജനങ്ങളിൽ മുപ്പതു ശതമാനത്തേയും, ഒരു ദശവത്സരക്കാലത്തിനകം മേൽപ്പറഞ്ഞപ്രകാരം പുനസ്സംഘടിപ്പിക്കപ്പെട്ട സഹകരണ സംഘങ്ങളുടെ വ്യാപ്തിയിൽ കൊണ്ടുവരുന്നതിന് രണ്ടു പഞ്ചവത്സരപദ്ധതികൾ മൂലം ആവശ്യമായ പരിശ്രമങ്ങൾ ചെയ്യണമെന്നും, സഹകരണം ഉടമാവകാശത്തിൽ വിപ്ലവതരമായ പരിവർത്തനങ്ങളുണ്ടാക്കുവാനുദ്ദേശിക്കുന്നില്ലാത്തതുകൊണ്ട്, വൻതോതിലുള്ള കൃഷിസംരംഭങ്ങൾ വളരെ വിജയകരമായി നടത്താൻ അതിനു സാധിക്കുമെന്നും, എല്ലാ പ്രവിശ്യകളിലും അപ്രകാരമുള്ള സംരംഭങ്ങൾ തുടങ്ങണമെന്നും, തരിശായിക്കിടക്കുന്ന കൃഷിയോഗ്യമായ സ്ഥലങ്ങൾ സർവ്വേചെയ്ത് കാർഷികോൽപന്നവർദ്ധനയ്ക്കുപയോഗപ്പെടുത്തണമെന്നും, സൈന്യസേവനത്തിൽനിന്നു മടങ്ങിവന്നിരിക്കുന്ന സൈനികരുടെ ഭാവിസുരക്ഷയ്ക്ക്, അവരുടെ ശിക്ഷണവും പരിചയവും പ്രയോജനപ്പെടുത്തി കാർഷികവും വ്യാവസായികവുമായ സംരംഭങ്ങൾ സമാരംഭിക്കണമെന്നും, കാർഷികോൽപന്നവിപണനത്തിന് ഒരു ദശവത്സരപദ്ധതിയനുസരിച്ച് സുശക്തമായ വിപണനസംഘടനകൾ രൂപീകരിക്കണമെന്നും, പ്രവിശ്യവിപണനസംഘടനകളുടെ പ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്നതിനും, വിദേശവിപണനസംഘടനകളുമായി ഉററ സമ്പർക്കത്തിലേർപ്പെട്ട് വിപണനപ്രവർത്തനത്തിനാവശ്യമായ സഹായങ്ങൾ സൃഷ്ടിക്കുവാനും, വിപണനവാർത്താവിതരണകേന്ദ്രമായിരിക്കുവാനും, തക്കവിധം ഒരു അഖിലേന്ത്യാവിപണന സംഘടന സ്ഥാപിക്കണമെന്നും, കുടിൽ വ്യവസായങ്ങളും മററു ചെറുതരം വ്യവസായങ്ങളും പുനരുജ്ജീവിപ്പിച്ചു പരിപോഷിപ്പിക്കുവാൻ എല്ലാപ്രവിശ്യകളിലും സംസ്ഥാനങ്ങളിലും, പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും, സഹകരണ പരമായ ഉന്നതവിദ്യാഭ്യാസത്തിനും, പര്യവേക്ഷണത്തിനും, സഹായകമാകത്തക്കവണ്ണം ഇൻഡ്യാഗവമ്മേന്റ് ഒരു അഖിലേന്ത്യാ സഹകരണ ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കണമെന്നും, സ്ത്രീകളുടെയിടയിൽ സഹകരണ പ്രചാരണത്തിനും സംഘടനയ്ക്കുമായി എല്ലാ പ്രവിശ്യകളിലും സംസ്ഥാനങ്ങളിലും സഹകരണ ഡിപ്പാർട്ടുമെൻറിൽ ഒരു മഹിളാസ്പെഷ്യൽ ആഫീസറേ നിയമിക്കണമെന്നും, മററും പല പ്രധാനപ്പെട്ട ശുപാർശകൾ റിപ്പോർട്ടിൽ അടങ്ങിയിട്ടുണ്ട്.

പദ്ധതി പ്രയോഗത്തിൽ വരുത്തുന്നതു് അൻപതുകോടിരൂപാചിലവു വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. രാജ്യത്തെ ഒന്നടങ്കം വീക്ഷിക്കുന്ന പക്ഷം, ഈ തുക ഒട്ടും കൂടുതലാണെന്നുപറയാൻ സാദ്ധ്യമല്ലാ. സഹകരണം സാമ്പത്തികപരിപോഷണവകുപ്പുകളെല്ലാം ഉൾക്കൊള്ളുന്നതുകൊണ്ട്, അതിനുവേണ്ടിച്ചിലവാക്കുന്ന എന്തുതുകയും, ദേശീയസമ്പദ് പരിപോഷണത്തിനുള്ള ചിലവായിഗവമ്മെൻറു പരിഗണിക്കേണ്ടതാകുന്നു.

കമ്മിററി ഇങ്ങനെയാണ് റിപ്പോർട്ട് ഉപസംഹരിക്കുന്നത്. 'അപര്യാപ്തവും, നിരപ്പില്ലാത്തതുമായ സഹകരണവികാസത്തിന്റെ ഏററവും പ്രധാനമായ കാരണം, അത് ആരുടെ സേവനത്തിനായുദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ, ആ സാമാന്യജനങ്ങളുടെ ഇടയിലുള്ള ദയനീയമായ 'വിദ്യാവിഹീനത്വ' മാണ്. സഹകരണം ശക്തിയായി വളരുകയും, വിവിധമണ്ഡലങ്ങളിലേക്കു അതു വ്യാപിക്കുകയും ചെയ്യണമെങ്കിൽ സാമാന്യവിദ്യാഭ്യാസത്തെ ഗണ്യമാംവണ്ണം പ്രചുരപ്രചാരമാക്കുകയും, അതിനോടൊപ്പം, സഹകാരികളുടെയിടയിൽ, സഹകരണതത്വപ്രയോഗങ്ങളിൽ അവശ്യം വേണ്ട ബോധനം നൽകുകയുമാണ് വേണ്ടതു്.

---

# A Correction

Government of India
**DISPOSALS-**
(Section MS of 3rd Catalogue)

In the above advt appearing on page 10 of this issue, in the paragraph begining from "Full details giving etc" and ending in "Given below"—the price of the Catalogue should be correctly read as Re. 1/- instead of Rs. 2/-

---

# അയർലണ്ടിനെപ്പോലെ ഇന്ത്യയേയും ചതിച്ചു

—o0o—

## ബ്രി: പ്രസ്താവനയെപ്പററി അയറിഷ് സ്കോച്ചുപത്രങ്ങൾ

ഡബ്ലിൻ, ഡിസംബർ 9—ഇന്ത്യൻ കാര്യത്തെപ്പററി ബ്രിട്ടീഷുപ്രധാനമന്ത്രി ആററ്ലി ഡിസംബർ 7-ാംനു പുറപ്പെടുവിച്ച പ്രസ്താവന വായിച്ചപ്പോൾ 1924, 1925 ഇക്കാലത്തു ബ്രിട്ടീഷുഗവമ്മെണ്ടു അയർലണ്ടിനോടു മഹാവഞ്ചനചെയ്ത കഥയാണ് തങ്ങൾക്ക് ഓർമ്മവന്നതെന്നും, സ്വതന്ത്ര അയർലണ്ടിൽനിന്നു പുറപ്പെടുന്ന "അയറീഷ് പ്രസ്സ്" എന്ന പത്രം പറയുന്നു. ഇന്ത്യ സന്ദർശിച്ച ബ്രിട്ടീഷ്മന്ത്രിസഭാപ്രതിനിധികളുടെ പ്രസ്താവന കാൺഗ്രസ്സുകാർ ധരിച്ചവിധമല്ല വ്യാഖ്യാനിക്കേണ്ടതെന്നും ലീഗിന് അനുകൂലമായ തരത്തിലാണെന്നുമാണ് ആററ്ലി ഇപ്പോൾ പറയുന്നതു്. ഈ പ്രസ്താവനയെപ്പററി ഞങ്ങൾ വാദിക്കുന്നില്ല. അയർലണ്ടിന്റെ അനുഭവം ഇന്ത്യയ്ക്കു പ്രയോജനകരമായിരിക്കുമെന്നുള്ളതുകൊണ്ടു അതു എന്തായിരുന്നു എന്നു പറഞ്ഞുകൊള്ളട്ടെ.

അയർലണ്ടുമായി ചെയ്ത ഉടമ്പടിയിൽ രാജ്യത്തെ വിഭജിക്കാതെ കഴിക്കുന്നതിനു ചേർത്തിരുന്ന വ്യവസ്ഥകൾക്കു രണ്ടു അയറീഷ് നേതാക്കന്മാർക്ക് ഒരു തരത്തിലുള്ള വ്യാഖ്യാനം ബ്രിട്ടീഷുഗവമ്മെണ്ടു നൽകി. സമയമായപ്പോൾ പ്രധാനമന്ത്രി ലായിഡ്ജോർജ്ജ് ആ വ്യവസ്ഥകൾക്കുതന്നെ വേറൊരു വ്യാഖ്യാനം നൽകുകയും, അയർലണ്ടിന്റെഐക്യത പാലിക്കുന്നതിനുണ്ടാക്കിയ ഉടമ്പടി അതിനെവിഭജിക്കുന്നതിനു ഉപയോഗപ്പെടുത്തുകയും ചെയ്തു. ചരിത്രത്തിൽ അതിനുമുമ്പുണ്ടായിട്ടില്ലാത്തവിധം അത്രമാത്രം നിഷ്ഠൂരമായ ഈ വൻചതിവിനെ എതിർക്കാൻ അയർലണ്ടിലെ പൗരാവലിക്കു ശക്തിയുമില്ലായിരുന്നു.

അയർലണ്ടിനെ വഞ്ചിച്ചതീയതിയിൽ തന്നെ ഇന്ത്യയേയും ചതിച്ചു-ഇന്ത്യാക്കാർ സ്വീകരിച്ച വ്യവസ്ഥകൾക്കു രണ്ട് അർത്ഥമുണ്ടെന്നും ന്യൂനപക്ഷത്തെ പാട്ടിലാക്കുന്നതിനു ഉപയുക്തമായ അർത്ഥമാണ് അതിൽ സാധുവായിട്ടുള്ളതെന്നും ബ്രിട്ടീഷ്മന്ത്രിസഭ ഇപ്പോൾ പറയുന്നതു് കേൾക്കുകയും അറിയുകയും ചെയ്യുന്നവർ ഇന്ത്യയോടു സഹതപിക്കുന്നതാണ്.

## സ്കോട്ട്സ്മാൻ

എഡിൻബറോ, ഡിസം: 9. ക്യാബിനററ്മിഷ്യന്റെ പദ്ധതിക്കു ഭിന്നാർത്ഥങ്ങൾ ഉണ്ടായിരുന്നു എങ്കിലും, പിന്നീടുണ്ടായ പ്രസ്താവനകൾ അവയെല്ലാം പരിഹരിച്ചു എന്നും, അതിനുശേഷം ഇപ്പോൾ മന്ത്രിസഭ പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവന വളരെ അതൃപ്തികരവും, ചുമതലാരാഹിത്യത്തിനു ഒരുദാഹരണവും ആണെന്നാണ് "സ്കോട്ട്സ്മാൻ" പത്രം പറയുന്നതു്. ഭരണഘടനാനിർമ്മാണസമിതിയുടെ തീരുമാനം സ്വീകരിക്കാത്ത രാജ്യവിഭാഗത്തെ ഭേദിച്ചു സ്വീകരിപ്പിക്കുന്നതിനു ബ്രിട്ടീഷുഗവമ്മെൻറ് ഒരുക്കമില്ലെന്നു പറയുന്നു. ഇതു പകിസ്ഥാൻ സ്ഥാപിക്കുന്നതിനു വഴിതെളിച്ചുകൊടുക്കയാണെന്നും, ഇതിന്റെ അർത്ഥം ബ്രിട്ടൻ ഇന്ത്യയിൽനിന്നു പോകുന്നില്ലെന്നാണെന്നും, പക്ഷേ അതു് ഇനി പറയേണ്ടതെന്തിനെന്നില്ലെന്നും ആ പത്രം തുടർന്നുപറയുന്നു.

—o—

## ത്രിപുര പ്രധാനമന്ത്രി ഗാന്ധിജിയെ സന്ദർശിച്ചു

—o—

ശ്രീരാംപൂർ, ഡിസം: 13. ത്രിപുരം സ്റ്റേറ്റിലെ പ്രധാനമന്ത്രി മി: ഡി. ബി. കമാരസേൻ ഇന്നു മഹാത്മജിയെ സന്ദർശിച്ചു. അഗർതലയിലേയ്ക്കുള്ള ത്രിപുര മഹാരാജാവിന്റെ ക്ഷണം ഗാന്ധിജി നേരത്തെ സ്വീകരിച്ചിരുന്നു. ഒരു തീയതി നിശ്ചയിക്കുവാൻ പ്രധാനമന്ത്രി ഗാന്ധിജിയോടാവശ്യപ്പെട്ടു. അടുത്ത ജനവരി കഴിയുന്നതിനുമുമ്പ് പോകുന്നകാര്യം വിചാരിക്കുകൂടി സാദ്ധ്യമല്ലെന്നു ഗാന്ധിജി അദ്ദേഹത്തോടു പറഞ്ഞു. ബംഗാളിന്റെ വിവിധഭാഗങ്ങളിൽനിന്നു ത്രിപുരയിൽ എത്തിയിട്ടുള്ള അഭയാത്ഥികളെസംബന്ധിച്ച കാര്യങ്ങളും പ്രധാനമന്ത്രി ഗാന്ധിജിയുമായി ചർച്ച ചെയ്തു.—എം. പി.

—o—

## ബ്രിട്ടീഷ്സ്വർണ്ണമാണു് കയററിയതെന്നു്

—o—

ബാംബെ, ഡിസം: 13. ഗ്രീസിലേയ്ക്കു കയററിഅയക്കാണ്ടപോയ ഒന്നരക്കോടി രൂപയ്ക്കുള്ള സ്വർണ്ണം ഇന്ത്യയിൽ ബ്രിട്ടന്റെ വകയായുള്ളതാണെന്നും അതു ഇന്ത്യസ്വർണ്ണത്തെ ബാധിക്കുന്നില്ലെന്നും അറിയുന്നു.

—o—

## ആസ്ട്രേലിയൻ ഡെലിഗേഷൻ ഇൻഡ്യവിട്ടു

—o—

കല്ക്കട്ടാ ഡിസംബർ 14—ഇൻഡ്യയിലേക്കുവന്ന ആസ്ട്രേലിയൻ ഇൻഡസ്ട്രിയൽഡെലിഗേഷൻ ഏഴുവാരക്കാലത്തെ ഇൻഡ്യൻപര്യടനം കഴിഞ്ഞു ഇന്നു രാവിലെ വിമാനമാർഗ്ഗം ആസ്ട്രേലിയായ്ക്കുപോയിരിക്കുന്നു. വിമാനത്താവളത്തിൽവച്ചു എം. പി. ഐയ്ക്കു നൽകിയ ഒരു സന്ദേശത്തിൽ ഡെലിഗേഷൻനേതാവായ മി. മീച്ചാം ഇപ്രകാരം പറഞ്ഞു. ഇൻഡ്യൻജനതയുടെ ഇടയിലായിരിക്കുക എന്നതു് വളരെ സന്തോഷകരമായിരുന്നു. അവർ ഞങ്ങളോടു വളരെ യോഗ്യമായി പെരുമാറി. ഞങ്ങളുടെ സന്ദർശനം ഞങ്ങൾ അത്യധികം ആസ്വദിച്ചു. (എം. പി.)

—o—

## ചെങ്കുപ്പായഡെലിഗേഷന്റെ നിരോധനം

—o—

### ഖാൻഅബ്ദുൽഗാഫർഖാന്റെ ആക്ഷേപം

ന്യൂഡൽഹി, ഡിസം: 14—കൈബർ ഏജൻസിയിലേക്കു പോകുന്ന ചെങ്കുപ്പായഗ്രൂഡിൽ ഡെലിഗേഷന്റെ മേലുള്ള നിരോധനത്തെ അതിർത്തിദേശനേതാവായ ഖാൻഅബ്ദുൽഗാഫർഖാൻ ഇന്നു ആക്ഷേപിച്ചിരിക്കുന്നു. ഇടക്കാലഗവമെന്റിനെയും കാങ്ഗ്രസ്സിനെയും അവമാനപ്പെടുത്തുന്നതിനു മലവർഗ്ഗക്കാരുടെയിടയിലും മലംപ്രദേശത്തുമുള്ള നിരവധി ഉദ്യോഗസ്ഥന്മാർ മനഃപൂർവം കലക്കമുണ്ടാക്കുന്നുവെന്നു് അദ്ദേഹം ആവത്തിച്ചു പ്രസ്താവിച്ചു. (എം. പി)

—o—

### പന്മന

വൃശ്ചികം 30—ശ്രീബാലഭട്ടാരകാശ്രമക്ഷേത്രത്തിൽ ധനു ഒന്നാംതീയതി പതിവുപോലെ ചിറപ്പു നടക്കുന്നതും പന്മന നാണുക്കുട്ടൻ & ബ്രദേഴ്സിന്റെ നാദസ്വരം ഉണ്ടായിരിക്കുന്നതുമാണു്.

(സ്വ-ലേ)

—o—

മദ്രാസ്, ഡി: 13—മദ്രാസ്നിയമസഭ മദ്രാസ്ഗവർണ്ണർ മാററിവച്ചിരിക്കുന്നു. സ്ത്രീധനവിരുദ്ധബില്ലും ദേവദാസിബില്ലുമുൾപ്പെടെ ഇതുവരെ അയയ്ക്കപ്പെട്ടിട്ടുള്ള എല്ലാബില്ലുകളും തന്മൂലം ലാപ്സായിരിക്കുന്നു. മദ്രാസ്അസംബ്ലിയുടെ അടുത്തയോഗം ജനവരി 20-ാംനു-മുതൽ നടത്തുവാനിടയുണ്ടു്.

## ഗ്രൂപ്പിംഗ്പ്രശ്നം ഫെഡറൽകോടതിയ്ക്കു വിടാൻ

### കാൺഗ്രസ്സുകാർ നടപടികൈക്കൊള്ളും

ന്യൂഡൽഹി, ഡിസം: 14—കാൺസംബ്ലിയുടെ ആദ്യവാരത്തെ പ്രവത്തനം അവലോകനംചെയ്തതിന്റെ ഫലമായി കാൺഗ്രസ്സിന്റെ പ്ലാനിൽചില ഭേദഗതികൾ വരുത്തിയിരിക്കുന്നതായറിയുന്നു. കാൺസംബ്ലിയുടെ സമ്പൂർണ്ണസമ്മേളനം ഡിസം: 21-നോ 23-നോ പിരിയുന്നതിനു മുൻപുള്ള അതിന്റെ പരിപാടിയും പരിശോധിച്ചതിന്റെ ഫലമായുമുള്ളതാണിതു്.

ഡിസംബർ 6-ാംനു-യിലെ ബ്രിട്ടീഷ് മന്ത്രിസഭാമിഷന്റെ വ്യാഖ്യാനത്തെ തുടന്നു് ഗ്രൂപ്പിംഗ്പ്രശ്നം ഫെഡറൽകോടതിയിലേക്കു കൊണ്ടുപോകുന്നതിനോടു് കാൺഗ്രസ്സ്കേന്ദ്രങ്ങൾ അനുകൂലിച്ചു. അതിനുശേഷം മററു ചില ആലോചനകൾ ശക്തിപ്പെട്ടു. എന്നാൽ ഇപ്പോൾ വീണ്ടും ആദ്യഅഭിപ്രായംതന്നെ പ്രബലപ്പെട്ടതിന്റെ ഫലമായി ഗ്രൂപ്പിംഗ്സംബന്ധിച്ചുള്ള സ്റ്റേററ്പേപ്പറിലെ പദപ്രയോഗം വ്യാഖ്യാനിക്കുവാൻ ഫെഡറൽകോടതിയോടു് താമസിയാതെ അപേക്ഷിക്കുന്നതാണെന്നു് വിശ്വസിക്കപ്പെടുന്നു. ലക്ഷ്യപ്രഖ്യാപനത്തെപ്പററിയുള്ള പണ്ഡിതനെഹ്റുവിന്റെ പ്രമേയം തീരുമാനിയ്ക്കപ്പെട്ടശേഷം അടുത്തവാരത്തിൽ ഇതുസംബന്ധിച്ച ആവശ്യമായ പ്രമേയം കാൺസംബ്ലിയിൽ അവതരിപ്പിച്ചേക്കും. ലണ്ടനിൽ മി: ജിന്നാചെയ്ത പ്രസ്താവന കാൺഗ്രസ്നേതാക്കന്മാക്കും മററും അറിവാകുന്നതിനുമുൻപുതന്നെ ഈ മാർഗ്ഗത്തോടനുകൂലിക്കുന്ന അഭിപ്രായം പ്രബലപ്പെട്ടുകയുണ്ടായി. ലീഗ്നേതാവിന്റെ ശക്തിയായ എതിർപ്പ് കാൺഗ്രസ്പ്ലാനിൽ ഏതെന്തെങ്കിലും മാററംവരുത്തുവാനിടയില്ല. ഫെഡറൽകോടതി ഒരു റൂളിംഗ് നല്കുവാൻ വിസമ്മതിച്ചേക്കുമെന്നസാദ്ധ്യത കൊണ്ടു് കാൺഗ്രസ്സ് അഭിപ്രായത്തിനു വ്യതിയാനമൊന്നുമുണ്ടാകുന്നുമില്ല. ഈ വിഷയത്തെപ്പററിയുള്ള പ്രമേയത്തിനും പ്രൊസീഡ്യർ കമ്മിററിറിപ്പോർട്ടിന്റെ പരിഗണനയ്ക്കും പുറമെ കാൺസംബ്ലിയിൽ അടുത്തവാരം നാട്ടുരാജ്യനെഗോഷ്യേററിംഗ്കമ്മിററിപോലെയുള്ള ഒരു നെഗോഷ്യേററിംഗ് കമ്മിററിയുടെ നിയമനത്തിനുള്ള ഒരു പ്രമേയം വരുന്നതാണു്.

ഇപ്പോഴത്തെ പരിപാടി അനുസരിച്ചു് പത്തു ദിവസത്തെ സമ്മേളനം നടത്താൻ ജനവരി 20-ാംതീയതികൂടുന്നതിലേക്കായി കാൺസംബ്ലി ഡിസംബർ 21-നോ 23-നോ പരിയുന്നതായിരിയ്ക്കും. അന്നു കൂടാൻ നിശ്ചയിച്ചിട്ടുള്ള കേന്ദ്രഅസംബ്ലിബഡ്ജററ്സമ്മേളനം പത്തുദിവസക്കേയ്ക്കു മാററിവയ്ക്കു വയ്ക്കുവാനിടയുണ്ടു്.

—o—

## ജിന്നാ, ചർച്ചിൽ, ആററ്ലിഗൂഢാലോചന

—o—

ലാഹൂർ, ഡിസം: 14—കാൺസ്റ്റിററ്യുവൻറ്സംബ്ലിയുടെ പ്രവൃത്തി തകരാറിലാക്കുവാൻ മി. ജിന്നായും മി. ചർച്ചിലും മി. ആററ്ലിയുംതമ്മിൽ വലിയ ഒരു ഗൂഢാലോചനയുണ്ടെന്നു് ഇന്നു ലാഹൂറിൽ വച്ചു് ഒരു പ്രസ്കാൺഫറൻസിൽ പ്രസംഗിക്കവെ മിസ്സിസ് അരുണ ആസഫ് ആലി പ്രസ്താവിച്ചു. (ഏ. പി)

—o—

## കാൺസ്റ്റിററ്യൂഷൻ ക്ലബ്ബ് ഉൽഘാടനംചെയ്തു

—o—

ന്യൂഡൽഹി, ഡിസം. 14—പണ്ഡിത ജവഹരിലാൽനെഹ്റു, കാൺസ്റ്റിററ്യുവൻറ്അസംബ്ലിമെമ്പന്മാക്കും മററുമായി മുഖ്യമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന "ദി കാൺസ്റ്റിററ്യൂഷൻക്ലബ്ബ്" ഇന്നു വൈകുന്നേരം ഉൽഘാടനംചെയ്തു.

— :*: —

## സയാമിനെ യു. എൻ. ഓയിൽ ചേക്കാൻ

—o—

ലേക്സെസ്സ്, ഡിസം: 14—സയാമിനെ യു. എൻ. ഓയിൽ അംഗമായി ചേക്കണമെന്നുള്ള രക്ഷാസമിതിയുടെ ശുപാർശ ജനറൽ അസംബ്ലി സ്റ്റീയറിംഗ്കമ്മിററി ഇന്നലെ ശരിവച്ചിരിക്കുന്നു. (റായിട്ടർ)

—o—

## ജിന്നാ ലണ്ടൻവിട്ടു

—o—

ലണ്ടൻ, ഡിസം: 15 ഇന്നു പ്രഭാതത്തിൽ മി ജിന്നാ ലണ്ടനിൽനിന്നു വിമാനമാർഗ്ഗം കറാച്ചിയിലേക്കു തിരിച്ചു. ഇതു ഇന്ത്യയിലേക്കുള്ള യാത്രയുടെ ആദ്യഘട്ടമാണു്. രാത്രിയിൽ അദ്ദേഹം മാൾട്ടാ ഗവർണ്ണരുടെ അതിഥിയായിരിക്കും. നാളെ കെയ്റോയിലേക്കു തിരിക്കുന്നതും അവിടെ മൂന്നുദിവസം താമസിച്ചു ഈജിപ്റ്റിലെ പ്രധാനികളെ കാണുന്നതുമാണു്. ലണ്ടനിൽനിന്നു വിമാനത്തിൽ കയറിയപ്പോൾ അദ്ദേഹം ബ്രിട്ടീഷുകാരോടു കൃതജ്ഞത പറഞ്ഞു.

—o—

## ആരക്കാൻ അസ്വസ്ഥപ്രദേശം

—o—

### ബംഗാൾ ഗവ: പ്രസ്സ്നോട്ട്

കൽക്കട്ടാ, ഡി 12—ബംഗാൾഗവമ്മേൻറ് ഒരു പ്രസ്സ് നോട്ടിൽ പറയുന്നു:- ആരക്കാനിലെ ചില പ്രദേശങ്ങൾ അസ്വാസ്ഥ്യബാധിതമാണെന്നു് ബർമ്മായിലെ ഇന്ത്യാഗവ: പ്രതിനിധി അറിയിച്ചിരിക്കുന്നു. ചിററഗാങ്ങിൽനിന്നും മററു ഡിസ്ട്രിക്ററുകളിൽനിന്നും തൊഴിലാളികൾ ആരക്കാനിലേയ്ക്കു പോകുന്നതു് ആശാസ്യമായിരിക്കുന്നില്ലെന്നു് സ്ഥലത്തെ അധികാരികൾ കരുതുന്നു.

അസ്വാസ്ഥ്യങ്ങളുടെ സ്വഭാവത്തെപ്പററിയോ കാരണത്തെപ്പററിയോ പ്രസ്സ്നോട്ടിൽ ഒന്നും പറയുന്നില്ല.

പ്രസ്സ്നോട്ടിൽ പരാമർശിക്കുന്ന അസ്വാസ്ഥ്യങ്ങൾ ബർമ്മായിൽ ആ പ്രദേശത്തുണ്ടായ കൊള്ള, തീവെട്ടിക്കൊള്ള, വെടിവെയ്പുള്ള അക്രമപ്രവൃത്തി എന്നിവയിൽ നിന്നുണ്ടായതാണെന്നും ആ പ്രദേശത്തിൽ പ്രവേശിക്കുന്ന ഇന്ത്യൻതൊഴിലാളികൾക്കു മററും സംരക്ഷണം ഉറപ്പുചെയ്യുന്നതിനുള്ള അപ്രാപ്തി ബർമ്മാഗവ: അറിയിച്ചിട്ടുണ്ടെന്നും കാമൺവെൽത്തു് റിലേഷൻസ് ഡിപ്പാർട്ടുമെന്റിനു ലഭിച്ച വിവരങ്ങളിൽ നിന്നറിയുന്നതായി ഒരു ന്യൂഡൽഹിസന്ദേശത്തിൽ കാണുന്നു.

ഒരു ക്ഷോഭിച്ചിളക്കമായും ഇന്ത്യൻവിരുദ്ധമനോഭാവത്തിന്റെ പ്രകടനമായും സ്ഥലത്തു് ഇതിനെ വിവരിക്കുന്നുവെന്നു ഔദ്യോഗികറിപ്പോർട്ടുകൾ പറയുന്നു. എന്നാൽ ഇതു സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. (എ: പി)

## ഈശ്വരനെ ഓർത്തു് മിണ്ടാതിരിയ്ക്കണം

—o—

### മി: ചർച്ചിലിനോടു് വിജയലക്ഷ്മിപണ്ഡിററിന്റെ അഭ്യർത്ഥന

ലണ്ടൻ, ഡിസ: 15—കൺസർവേററിവ്നേതാവായ മി: വിൻസ്റ്റൺചർച്ചിലിനോടും അദ്ദേഹത്തിന്റെ മിത്രങ്ങളോടുമുള്ള ഒരഭ്യർത്ഥനയിൽ "ഈശ്വരനെ ഓർത്തു ഇന്ത്യയെപ്പററി മിണ്ടാതിരിക്കണമെന്നും ഞങ്ങളുടെ ഭാഗധേയം നിറവേററുവാൻ അനുവദിക്കണമെന്നും" ശ്രീമതി വിജയലക്ഷ്മിപണ്ഡിററ് ഇന്നലെ രാത്രി പ്രസ്താവിച്ചു. മി: ചർച്ചിലിന്റെ പ്രസംഗം അനർത്ഥമുണ്ടാക്കുന്ന ഒന്നാണെന്നു് താൻ കരുതുന്നതായി ശ്രീമതി പണ്ഡിററ് പ്രസ്താവിച്ചു. മനുഷ്യവർ, യുദ്ധംകൊണ്ടു പഠിക്കേണ്ട പാഠം സമാധാനവും, സ്വാതന്ത്ര്യവും അവിഭാജ്യമാണെന്നുള്ളതാണു് എന്നു ശ്രീമതി പണ്ഡിററ് പ്രസ്താവിച്ചു.

—o—

## സിൻഡിൽ ജനവരിയിൽ മന്ത്രിസഭ

—o—

കറാച്ചി, ഡിസം: 15—ജനവരി ആദ്യവാരം സിൻഡിൽ ഒരു പുതിയ ലീഗുമന്ത്രിസഭ രൂപീകരിക്കപ്പെടുമെന്നു താൻ പ്രതീക്ഷിക്കുന്നതായി സിൻഡ്പ്രധാനമന്ത്രി മി. ഗുലാംഹുസയിൻഹിദായത്തുള്ളാ പ്രസ്താവിച്ചു. (ഏ. പി)

## കൊപ്രാ-വെളിച്ചെണ്ണ വില ക്ലിപ്തപ്പെടുത്തി

### കൊച്ചി ഗവ: നോട്ടിഫിക്കേഷൻ

എറണാകുളം ഡിസം 14—കൊപ്രായുടെ പരമാവധിവില ടൺ 1-നു് 884¼ രൂപയായും വെളിച്ചെണ്ണയുടെ പരമാവധിവില ടൺ 1-നു് (പാട്ടകൂടാതെ) 1390 രൂപയായും ഡിസംബർ 15-ാംനു-മുതൽ ഉഭജിതത്തിൽ വരത്തക്കവണ്ണം ക്ലിപ്തപ്പെടുത്തിക്കൊണ്ടും ഗവമ്മേൻറിന്റെ ഒരു പെർമിററുകൂടാതെ കൊപ്രായും വെളിച്ചെണ്ണയും സംസ്ഥാനത്തുനിന്നു കയററുമതിചെയ്യുന്നതിനെ നിരോധിച്ചുകൊണ്ടും കൊച്ചീഗവമ്മേൻറ് ഇന്നു ഒരു നോട്ടിഫിക്കേഷൻപുറപ്പെടുവിച്ചിരിക്കുന്നു. കൊപ്രായുടെഏററവും ചുരുങ്ങിയവില ടണ്ണിനു 900 രൂപയായും വെളിച്ചെണ്ണ വില ടണ്ണിനു 1230 രൂപയായും ഗവമ്മേൻറ ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഈ വിലകൾ ഒരുവർഷത്തേക്കു ഉഭജിതത്തിലിരിക്കും. ഏതെങ്കിലും കാരണവശാൽ വിലകൾ ഈ നിരക്കിൽനിന്നു കുറയുന്നപക്ഷം ഗവമ്മേൻറ ഈ സാധനങ്ങൾ മുൻപറഞ്ഞ കുറഞ്ഞ വിലനിരക്കിനു വാങ്ങുന്നതും അപ്രകാരം കർഷകരുടെ താല്പര്യങ്ങളെ പരിരക്ഷിക്കുന്നതുമാണു്. (എം. പി)

—:o:—

## മിസ്സിസ് പണ്ഡിററ് ഇന്ത്യയിൽ

—o—

കറാച്ചി, ഡിസം. 15—മിസ്സിസ് വിജയലക്ഷ്മിപണ്ഡിററ് ലണ്ടനിൽനിന്നും ഇന്നു രാവിലെ കറാച്ചിയിലെത്തിയിരിക്കുന്നു.

ന്യൂഡൽഹി, ഡിസം. 15—മിസ്സിസ് പണ്ഡിററ് ഇന്നു പകൽ പന്ത്രണ്ടുമണിക്കു പാലംവിമാനത്താവളത്തിൽ എത്തി. അവരെ സ്വീകരിക്കുന്നതിനായി സർദാർ പട്ടേൽ, പണ്ഡിതപന്തു്, സരോജനിനായിഡു, റാഫിഅഹമ്മദ്കിദ്വായി, ദിവാൻ ചമൻലാൽ, അഖിലേന്ത്യാവനിതാകാൺഫറൻസിനുവേണ്ടി മിസ്സിസ് ഹൻസാമേത്താ മിസ്. ചന്ദ്രലേഖാപണ്ഡിററ് എന്നിവർ വിമാനത്താവളത്തിൽസന്നിഹിതരായിരുന്നു. കാമൺവെൽത്തു് റിലേഷൻസ്വകുപ്പുസെക്രട്ടറി മി. ഏ. വി. പൈ ഇന്ത്യാഗവമ്മേൻറിനെ പ്രതിനിധീകരിച്ചു് സന്നിഹിതനായിരുന്നു.

—o—

# കാൺസ്റ്റിറ്റ്യുവൻസംബ്ലി

(പി. ആർ. മീൽ)

മലയാളരാജ്യത്തിനു പ്രത്യേകം

(തുടർച്ച)

പത്തുലക്ഷംപേക്ക് ഒരു മെമ്പർ എന്ന കണക്കിനുള്ള അംഗസംഖ്യയാണ് കാൺസ്റ്റിറ്റ്യുവൻറ് അസംബ്ളിയിലുള്ളതു. ഇതനുസരിച്ചു ആദ്യംതന്നെ പ്രവിൻസുകൾക്കായി സീററുകളു വിതരണംചെയ്കയുണ്ടായി. ഇങ്ങനെ ഓരോ പ്രവിൻസിനും ലഭിക്കുന്ന സീററുകൾ അതിലെ സമുദായങ്ങൾ ജനസംഖ്യപ്രകാരം വീതിച്ചെടുക്കേണ്ടതാണ്. ഈ സീററുകളിലേക്കുള്ള മെമ്പറന്മാരെ പ്രവിൻസിലെ നിയമസഭയിലുള്ള അതാതു സമുദായ പ്രതിനിധികൾ തിരഞ്ഞെടുക്കണം. ഇപ്രകാരമുള്ള തിരഞ്ഞെടുപ്പിൻെറ ആവശ്യത്തിലേയ്ക്കു, പൊതുസമുദായം (ജനറൽ) മുസ്ലീങ്ങൾ, സിക്കുകാർ എന്നിങ്ങനെ മൂന്നു സമുദായങ്ങളെയാണ് അംഗീകരിച്ചിരിക്കുന്നതു്. ഇന്ത്യാഗവൺമെൻറുനിയമം അനുസരിച്ചു സിക്കുകാരെ പഞ്ചാബു വടക്കുപടിഞ്ഞാറൻ അതിർത്തിപ്രവിൻസിൽ അവരുടെ ജനസംഖ്യ വളരെ തുഛമാകയാൽ അവിടെയും അവരെ പൊതുസമുദായത്തിൻെറ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതു്. പൊതുസമുദായം എന്നുവച്ചാൽ മുസ്ലീങ്ങളും സിക്കുകാരുമല്ലാത്തവരെല്ലാം എന്നാണർത്ഥം. തിരഞ്ഞെടുപ്പുകൾ അവസാനിക്കുകയും അവയുടെ ഫലം താഴെ കാണുംപ്രകാരം വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു:—

| കക്ഷി | സീററുകൾ |
|---|---|
| കാൺഗ്രസ്സ് | 207 |
| മുസ്ലീംലീഗ് | 73 |
| സ്വതന്ത്രർ (പൊതുസമുദായം) | 9 |
| സ്വതന്ത്രർ (മുസ്ലീം) | 3 |
| സിക്കുകാർ | 4 |
| ആകെ | 296 |

മുസ്ലീങ്ങൾക്കുള്ള സ്വതന്ത്രരുടെ കൂട്ടത്തിൽനിന്ന് ഒരാൾ പിന്നീടു ലീഗിൽ ചേരുകയാൽ ലീഗുകാരുടെ പ്രതിനിധി സംഖ്യ 74 ആണ്.

## ഇന്ത്യൻ യൂണിയൻ

ഈ പദ്ധതി അനുപേക്ഷണീയമായ ഒരംശമെന്ന നിലയിൽ ചില പരിമിതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. താഴെക്കാണുന്ന ഭരണവിഷയങ്ങൾ കൈകാര്യംചെയ്യുന്നതിനു ബ്രിട്ടീഷിന്ത്യയും നാട്ടുരാജ്യങ്ങളും ചേർന്നുള്ള ഒരു ഇന്ത്യൻയൂണിയൻ വേണമെന്നുള്ളതാണ് ഏററവും പ്രധാനമായ നിബന്ധന:— വിദേശകാര്യം, ശത്രുനിരോധനം, ഗതാഗതം ഇവയ്ക്കാവശ്യമുള്ള ധനം ഉണ്ടാക്കുവാനുള്ള അധികാരം.

ക്യാബിനററുമിഷൻപദ്ധതിയുടെ 15-ാം പാരായിൽ ഈ നിബന്ധന കാണുന്നു. ഈ പാരായിലെ നിബന്ധനയിൽ വ്യത്യാസം വരുത്തുന്ന ഏതെങ്കിലും പ്രമേയം പാസ്സാകണമെങ്കിൽ, ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷവും, രണ്ടു വലിയ സമുദായങ്ങളിൽ ഓരോന്നിൻെറയും വോട്ടിങ്ങും ആവശ്യമാണെന്നു 19-ാംപാരായിൽ പറയുന്നുണ്ടു്. അതിനാൽ യൂണിയൻെറ അധികാരങ്ങളിൽ എന്തെങ്കിലും വികാസം വരുത്തണമെങ്കിൽ ഹാജരുള്ള മുസ്ലീം മെമ്പറന്മാരിൽ ഭൂരിപക്ഷത്തിൻെറ സമ്മതം ആവശ്യമാണ്.

യൂണിയൻെറ അധികാരത്തിൽ ഉൾപ്പെട്ട വിഷയങ്ങൾ ഒഴിച്ചു് ബാക്കിവിഷയങ്ങളെല്ലാം പ്രവിൻസുകളുടെ ഭരണത്തിനു വിധേയമായിരിക്കണമെന്നും 15-ാം പാരായിൽ പറയുന്നു. കാൺഗ്രസ്സ് കമ്മിററി ക്വിററിന്ത്യാപ്രമേയം അംഗീകരിച്ചപ്പോൾ ഭരണഘടന ഫെഡറലായിരിക്കുമെന്നും, ഘടകസംസ്ഥാനങ്ങൾക്ക് എത്രയും കൂടുതൽ ആഭ്യന്തരസ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും, അവശിഷ്ടാധികാരങ്ങൾ ഘടകങ്ങൾക്കായിരിക്കണമെന്നുംകൂടി നിശ്ചയിക്കുകയുണ്ടായല്ലോ. മേൽപ്പറഞ്ഞ 15-ാംപാരായിൽ തന്നെ, പ്രവിൻസുകൾക്ക് ഗ്രൂപ്പുകളായി ചേരാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും ഓരോ ഗ്രൂപ്പിനും പൊതുവെ സ്വീകരിക്കേണ്ട ഭരണവിഷയങ്ങൾ ഏവയെന്നു തീരുമാനിക്കാൻ അധികാരമുണ്ടായിരിക്കണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്.

## ലീഗില്ലാത്ത കാൺസ്റ്റിററ്യുവൻറ് അസംബ്ളി

മേൽപ്പറഞ്ഞ ഗ്രൂപ്പിങ്ങു വ്യവസ്ഥ കാൺഗ്രസ്സും ലീഗും തമ്മിൽ വലിയ വിവാദവിഷയമായിരിക്കുന്നു. പ്രാരംഭഘട്ടത്തിൽതന്നെ ഗ്രൂപ്പിങ്ങ് നടക്കണമെന്നുള്ള ലീഗിൻെറ വാദത്തെ പെത്തിക്‌ലാറൻസും, ക്രിപ്‌സും കഴിഞ്ഞ ജൂലൈയിൽ പാർലമെൻറിൽചെയ്ത പ്രസംഗങ്ങൾ അനുകൂലിക്കുന്നു.

എന്നാൽ ക്യാബിനററ്മിഷൻെറ പ്രസ്താവനയിലെ വ്യവസ്ഥകൾ പരസ്പരവിരുദ്ധങ്ങളാണെന്നും; അതിനാൽ ഒരു പ്രവിൻസിനു പദ്ധതിയനുസരിച്ചുള്ള ഗ്രൂപ്പിൽ ആദ്യംതന്നെ ചേരാതിരിക്കാമെന്നുമാണ് കാൺഗ്രസ്സിൻെറ വാദം!

ക്യാബിനററ്മിഷൻെറ പദ്ധതിയെ ആദ്യം സ്വീകരിച്ചെങ്കിലും പിന്നീട് അതു് നിരസിക്കാൻ ലീഗ് തീരുമാനിച്ചതിനുകാരണം ഇതായിരുന്നു. നിങ്ങളുടെ വ്യാഖ്യാനം ഫെഡറൽക്കോടതിയുടെ തീരുമാനത്തിനു് സമർപ്പിക്കാമെന്നു് കാൺഗ്രസ്സ് സമ്മതിച്ചിട്ടുണ്ട്. ഈ പ്രഖ്യാപനം മുസ്ലീംലീഗിനെ തൃപ്തിപ്പെടുത്തിയിട്ടില്ലാത്തതിനാൽ ലീഗിനെക്കൂടാതെതന്നെ കാൺസ്റ്റിററ്യുവൻറ അസംബ്ലി അതിൻെറ ജോലികൾ തുടരേണ്ടിയിരിക്കുന്നുഎന്നാണ് തോന്നുന്നതു്.

ഏതായാലും പ്രാരംഭഘട്ടങ്ങളിൽ ലീഗിനു് അസംബ്ളിയിൽ ഹാജരാകാത്തതിനാൽ സാങ്കേതികകാര്യങ്ങൾമാത്രമേ അതിൻെറ തീരുമാനത്തിനു് വിഷയമാകീട്ടുള്ളൂ. പല കമ്മററികളും നിയമിക്കപ്പെട്ടു. ന്യൂനപക്ഷങ്ങൾക്കും മററുമുള്ള അഡ്വൈസറികമ്മററികളും പദ്ധതിയുടെ 20-ാം പാരഅനുസരിച്ചു് നിയമിക്കപ്പെടുന്നതാണ്.

1947 ഫെബ്രുവരി അവസാനത്തോടുകൂടിമാത്രമേ യഥാർത്ഥമായ ഭരണവ്യവസ്ഥാനിർമ്മാണം ഉണ്ടാകുകയുള്ളൂ. കാറ ആട്ടീകൾ വെളിയിൽനിന്നതിനുശേഷം ലീഗ് ഇടക്കാലഗവമെൻറിൽ പ്രവേശിച്ചതുപോലെ മുസ്ലീംതാല്പര്യങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി അവർ കാൺസ്റ്റിററ്യുവൻറസംബ്ളിയിലും കടന്നുകൂടുമെന്നു് ചിലർ വിചാരിക്കുന്നു. ഇടക്കാലഗവമെൻറിലെ സ്ഥാനം ഉപേക്ഷിക്കാൻ ലീഗിനു് നിവൃത്തിയില്ല. കാൺസ്റ്റിററ്യുവൻറസംബ്ളിയിൽ പ്രവേശിക്കുന്നതാണ് ഇടക്കാലഗവമെൻറിൽ ശേഷിക്കാനുള്ളമാർഗ്ഗമെന്നു് ബ്രിട്ടീഷ് ഗവമെൻറ് നിർബന്ധമായിപറയുന്നെങ്കിൽ, അതിൽ പങ്കുകൊള്ളുകയില്ലെന്നുള്ള ലീഗിൻെറ ഇപ്പോഴത്തെ നിശ്ചയം മാറേണ്ടിവരുന്നതാണ്.

## കാൺഗ്രസ്സിൻെറ ചുമതല

കാൺഗ്രസ്സിൻെറ മീററ് സമ്മേളനം കാൺസ്റ്റിററ്യുവൻറ് അസംബ്ളിയെ അനുഗ്രഹിക്കയും സകല അധികാരങ്ങളും ജനങ്ങളിൽനിന്നു ഉൽഭവിക്കുന്ന ഒരു പരമാധികാരയുക്തമായ സ്വതന്ത്രറിപ്പബ്ളിക്ക സ്ഥാപിക്കുകയാണ് അതിൻെറ ലക്ഷ്യമെന്നു് പ്രഖ്യാപനം ചെയ്കയും ചെയ്തിട്ടുണ്ട്. കാൺസ്റ്റിററ്യുവൻറ അസംബ്ളിയെ വിജയകരമായ സമാപ്തിയിലെത്തിക്കേണ്ട ചുമതല കാൺഗ്രസ്സ് നേതാക്കന്മാരിൽ സ്ഥിതിചെയ്യുന്നു.

ഇന്ത്യയുടെഭരണവ്യവസ്ഥ ഗാന്ധിയൻ ആദർശങ്ങളെയാണോ, അതോ ആസ്ത്രേലിയൻമാതൃകയെയാണോ സ്വീകരിക്കാൻപോകുന്നതു് ? അമേരിക്കയുടെയോ ബ്രിട്ടൻെറയോ, സ്വിസർലൻഡിൻെറയോ രീതിയാണോ യൂണിയൻഗവമെണ്ടിനു് പററിയതു്? പ്രവിൻസുകൾതമ്മിലുള്ള ഭിന്നതകളെ എങ്ങനെയാണു തീരുമാനിക്കേണ്ടതു്?

ആദ്യത്തെ 10വർഷത്തിനുശേഷവും, പിന്നീടു ഓരോ ദശകത്തിലും യൂണിയൻ ഭരണഘടനയെപ്പററി പുനരാലോചിക്കണമെന്നാലോചിക്കാൻ ഏതു പ്രവിൻസിനും അവകാശമുണ്ടായിരിക്കുന്നതാണ്. വേർപെടുന്നതിനുള്ള സ്വാതന്ത്ര്യം ഭരണവ്യവസ്ഥയിൽതന്നെ പ്രോത്സാഹിപ്പിക്കണമെന്നു് സൂചിപ്പിക്കണമെന്നു മുസ്ലീംലീഗ് ആവശ്യപ്പെട്ടു. എന്നാൽ അതു് അന്തർഭൂതമാകേണ്ടതെങ്കിലും ആ ആശയത്തെ പ്രോത്സാഹിപ്പിക്കാൻ തയാറില്ലെന്നു കേ. 12-ാംതീയതിയിലെ കാബിനററിൽ കാൺഗ്രസ് പ്രസ്താവിച്ചു.

ഈ പ്രശ്നത്തിനു് ഭരണവ്യവസ്ഥയിൽ പോംവഴി കണ്ടുപിടിക്കുന്നതെങ്ങനെ? പ്രൊവിൻഷ്യൽഭരണഘടനകൾ സെക്ഷൻ (ഗ്രൂപ്പുകൾ) ആണ് രൂപവൽക്കരിക്കേണ്ടതു്. യൂണിയൻഭരണഘടന ഏതു രൂപത്തിലെന്നു നിശ്ചയിക്കാൻ കാൺസ്റ്റിററ്യുവൻറ് അസംബ്ളി മുഴുവൻ കൂടുകയും വേണം.

മെമ്പറന്മാരുടെ ന്യൂനപക്ഷം പ്രവിൻസുകൾക്കുവേണ്ടിയുള്ള ഭരണഘടന ഏതായിരിക്കണമെന്നു തീരുമാനിക്കുമോ? 70 ശതമാനം മുസ്ലീങ്ങൾ ഉള്ള സിൻഡിൻെറ ഭരണഘടനയെപ്പററി ഒരു ഹിന്ദുമെമ്പർ തീരുമാനിക്കുമോ? ഇന്ത്യ മുഴുവൻ ഒരു റിപ്പബ്ളിക്കായിരിക്കണമെങ്കിൽ രാജാക്കന്മാരെ എങ്ങനെ പിടിച്ചുവിടും? ഇന്നത്തെ പ്രവിൻസുകളെ ഇപ്പോഴത്തെ കാൺസ്റ്റിററ്യുവൻറ് അസംബ്ളിയിൽ പങ്കിക്കാമോ? അവ ഒരു ഗ്രൂപ്പിലായിരിക്കുമ്പോൾ മററൊരു ഗ്രൂപ്പിലേക്കുള്ള അവയുടെ വിഭജനത്തെ തടയാൻ കഴിയുമോ?

ഇവ തീരുമാനിക്കപ്പെടേണ്ട ഗൗരവമേറിയ പ്രശ്നങ്ങളാണ്. നമ്മുടെ നേതാക്കന്മാർക്ക് അതിനുള്ള ദൃഷ്ടിവൈപുല്യവും, ക്ഷമാബുദ്ധിയും ഉണ്ടായിരിക്കട്ടെ എന്നു് ആശിക്കയും പ്രാർത്ഥിക്കയുംചെയ്യുകമാത്രമേ നമുക്കു സാധിക്കയുള്ളൂ.

—:നാഷണൽപ്രസ്സ് സിൻഡിക്കേററ്

## വിവിധവാർത്തകൾ

റംഗൂൺ, ഡിസം. 14. ബർമ്മാഗവണ്മെൻറ് ബർമ്മായിൽ ഒട്ടാകെ സ്വന്തമായ കറൻസിനോട്ടുകളും നാണയങ്ങളും താമസിയാതെ നടപ്പിൽവരുത്തുന്നതാണെന്നു ഒരസാധാരണ ഗസററുമുഖേന പ്രഖ്യാപിച്ചിരിക്കുന്ന കറൻസി കായിനേജ് ആക്ററുകൊണ്ടറിയുന്നു. ഗവണ്മെൻറ ഒരു കറൻസിബോർഡു് രൂപീകരിക്കുന്നതും അതിൽ രണ്ടുപേരെങ്കിലും ബർമ്മാക്കാരായിരിക്കുന്നതുമാണ്. അവർ ഇംഗ്ലണ്ടിൽപോയി പരിശീലനം നടത്തുന്നതായിരിക്കും. ഇപ്പോൾ ഇന്ത്യൻകറൻസിയും നാണയങ്ങളുമാണ് ബർമ്മാ ഉപയോഗിക്കുന്നതു്. പുതിയ നാണയവ്യവസ്ഥ നടപ്പിലാകുംവരെ അവ ലീഗൽടെൻഡറായിരിക്കും.

ബർമ്മാ കറൻസിബോർഡിൻെറ പ്രധാനആഫീസ് ലണ്ടനിൽനിന്നു റംഗൂണിലേയ്ക്കു മാററുവാൻ ഗവ. ഉദ്ദേശിക്കുന്നതായി എക്സി. യൂൺസിലിലെ റവന്യൂവും ഫിനാൻസും മെമ്പർ പ്രസ്താവിച്ചു.

കൽക്കട്ട, ഡിസം 12—ഒരു മാസത്തിൽപരം കാലം ഇന്ത്യയിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ആസ്ത്രേലിയൻ ഡെലിഗേഷൻ ഇന്നൊരു പ്രസ് കാൺഫറൻസ് നടത്തിയിരിക്കുന്നു. ഡെലിഗേഷൻനേതാവായ മി. ചീച്ചാറ ഇന്ത്യയും ആസ്ത്രേലിയായും പരസ്പരം വാണിജ്യം വികസിപ്പിക്കണമെന്നു് പ്രസ്താവിച്ചു. ഇപ്പോൾ ചില പരിമിതികളുണ്ടു്. എന്നാൽ അടുത്തവർഷം സ്ഥിതിഗതികൾ അഭിവൃദ്ധിപ്പെടുന്നതാണ്. അപ്പോൾ ഇന്ത്യയ്ക്കു അത്യാവശ്യമുള്ള പ്രധാനപ്പെട്ട സാധനങ്ങളെല്ലാം കയററുമതിചെയ്യുവാൻ ആസ്ത്രേലിയായ്ക്കു സാധിക്കും.

ന്യൂഡൽഹി ഡി. 11—ഇടക്കാലഗവമെൻറിലെ "മൈൻസ് ആൻറ് പവർ"മന്ത്രി ഡാം. ഭാബാ ശില്പവിദഗ്ദ്ധന്മാരുടെ ഒരു സമ്മേളനത്തിൽചെയ്ത പ്രസംഗത്തിൽ ഇന്ത്യയിലെ സ്ഥിതിഗതി

## പ്രസ്താവന

—ം—

### നെഗോഷ്യേറിംഗ് കമ്മിററിഅംഗങ്ങളുടെ

ന്യൂഡൽഹി, ഡിസം. 15—സ്റ്റേററ്സ് നെഗോഷ്യേററിംഗ് കമ്മിററി സെക്രട്ടറി മി. മാക്‌ബൂൽമഹമ്മദ് താഴെക്കാണുന്നപ്രസ്താവന പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 'പലമൗലികപ്രശ്നങ്ങളെയും ഉന്നയിക്കുന്നൊരു പ്രമേയം കാൺസംബ്ളിയുടെ പ്രാരംഭസമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടു കാണുന്നതിൽ ഇപ്പോൾ ഡൽഹിയിലുള്ള സ്റ്റേററ്സ് നെഗോഷ്യേററിംഗ്കമ്മിററി അംഗങ്ങളായ സർ സുൽത്താൻഅഹമ്മദ്, സർ സി. പി. രാമസ്വാമിഅയ്യർ, മി. ഡി. കെ. സെൻ, സർദാർ കെ. എം. പണിക്കർ എന്നിവർ ഖേദിക്കുന്നു. നാട്ടുരാജ്യപ്രതിനിധികളുടെ അഭാവത്തിലും സ്റ്റേററ്സ് നെഗോഷ്യേററിംഗ്കമ്മിററിയും അതിനു തുല്യമായി കാൺസംബ്ളിയുടെ ബ്രിട്ടീഷിന്ത്യൻവിഭാഗം ഇനിയും നിയമിക്കേണ്ടതായിരിക്കുന്ന കമ്മിററിയും തമ്മിൽ മന്ത്രിസഭാമിഷൻെറ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കൂടിയാലോചനകൾ പൂർത്തിയാകുന്നതിനുമുമ്പായും ആ പ്രശ്നങ്ങൾ ഞങ്ങളുടെ അഭിപ്രായത്തിൽ പര്യാലോചിക്കയോ തീരുമാനിക്കയോ ചെയ്യാവുന്നവയല്ല, ചെയ്യാൻ പാടുള്ളതുമല്ല. മററുകാര്യങ്ങളുടെ കൂട്ടത്തിൽ പ്രമേയം ബ്രി: ഇന്ത്യയും ഇപ്പോൾ നാട്ടുരാജ്യങ്ങളായുള്ള പ്രദേശങ്ങളും ഉൾപ്പെട്ട ഒരു സ്വതന്ത്രപരമാധികാരയുക്തമായ റിപ്പബ്ളിക്ക സ്ഥാപിക്കുവാനുദ്ദേശിക്കുന്നു. പരമാധികാരസ്വതന്ത്രഇന്ത്യയുടെയും അതിൻെറ ഘടകങ്ങളുടെയും ഗവൺമെൻറ് വിഭാഗങ്ങളുടെയും ശക്തിയും അധികാരവും ജനങ്ങളിൽനിന്ന സിദ്ധമായിട്ടുള്ളതാണെന്നും പ്രമേയം പ്രഖ്യാപിക്കുന്നു. ഇവയും പ്രമേയത്തിൽ ഉന്നയിച്ചിരിക്കുന്ന മററ മൗലികകാര്യങ്ങളും സ്പഷ്ടമായും ഇന്ത്യയ്ക്കു ഒരു പൊതുസമ്മതത്തോടുകൂടിയ ഭരണവ്യവസ്ഥഉണ്ടാക്കുന്നതുസംബന്ധിച്ചു നാട്ടുരാജ്യപ്രതിനിധികളുമായി ചർച്ചചെയ്യുകയും ആലോചന നടത്തുകയും ചെയ്യേണ്ടവയാണ്.

ഡെൽഹിയിൽനിന്നുപുറപ്പെട്ടുകഴിഞ്ഞ സർ മീഴ്സാഇസ്മയിലും സർ രാമസ്വാമിമുതലിയാരും ഈ പ്രസ്താവനയിൽ യോജിക്കുന്നതായി അറിയിച്ചിട്ടുണ്ട്. എ. പി

—ം*ം—

## പണ്ഡിതജി ബെനാറിസ്സിൽ

—.—

### ഡാക്ടർ അഫ്‌സയിൻസ് ബിരുദം സ്വീകരിച്ചു

ബെനാറിസ് ഡിസംബർ 15—പണ്ഡിതനെഹ്റു ഇന്നു രാജേൻബാബുവുമൊത്തു ഇവിടെ എത്തുകയും ബെനാറിസ് സർവ്വകലാശാലയിൽനിന്നു ഡാക്ടർ അഫ്‌സയിൻസ്ബിരുദം സ്വീകരിക്കുകയും ചെയ്തു. രാജേൻബാബു കാൺവൊക്കേഷൻ പ്രസംഗംനടത്തി. യൂണിവേഴ്സിററി ഹിന്ദിയിൽ അദ്ധ്യയനംനടത്തേണ്ടതിൻെറ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. (എ. പി)

—ം—

തിരുവനന്തപുരം വൃശ്ചികം 30—ഇൻറർയൂണിവേഴ്സിററി സൗത്ത്സോൺ ഫുട്ട്ബാൾടൂർണ്ണമെൻറിൽ ഇന്നു വൈകുന്നേരം ആന്ധ്രാ യൂനി: ടീമും അണ്ണാമല യൂനി: ടീമും തമ്മിൽ കളിച്ചതിൽ ആന്ധ്രായൂനി: ടീം രണ്ടു ഗോളുകളടിച്ചു് വിജയികളായിരിക്കുന്നു.

—ം—

കാരും ഇന്ത്യൻ ശാസ്ത്രത്തിനും അനുയോജ്യമായ വിധത്തിൽ ഇന്ത്യയിലെ വീടുകൾ പണിയിക്കണമെന്ന് പ്രസ്താവിക്കുകയുണ്ടായി.

സിഡ്നി, ഡിസം. 13—ഇംഗ്ലണ്ടും ആസ്ത്രേലിയായും തമ്മിലുള്ള രണ്ടാമത്തെ ടെസ്റ്റ്മാച്ചിൽ കളി അവസാനിക്കാറായപ്പോൾ എട്ടുവിക്കററ് നഷ്ടപ്പെട്ടുകൊണ്ടു 219 റൺസ് നേടിയിരിക്കുന്നു. ഇംഗ്ലണ്ടാണ് ആദ്യം ബാററുചെയ്തതു്. (എ-പി)

—ം—

## നെഹ്റു ജിന്നാമാരുടെ വ്യത്യാസം

—o—

കറാച്ചി, 11-പണ്ഡിറ്റ് നെഹ്റുവും മി. ജിന്നയും കെയ്റോയിൽ ഇറങ്ങിയപ്പോൾ അവിടത്തെ പത്താൻ സൈനികോദ്യോഗസ്ഥന്മാർ മി. ജിന്നയെകാണാൻ ചെന്നു. പക്ഷെ അദ്ദേഹം അവരെ നിസ്സാരഭാവത്തിൽ തള്ളിക്കളഞ്ഞു. അനന്തരം അവർ പണ്ഡിറ്റ് നെഹ്റുവിന്റെ അടുക്കൽചെന്നു. അദ്ദേഹം അവരെ സൗഹാർദ്ദപൂർവ്വം സ്വീകരിച്ചെന്നുമാത്രമല്ല, സ്വന്തം മുറിയിൽകൊണ്ടുപോയി സംഭാഷണം ചെയ്യുകകൂടിയുണ്ടായി. അവിടെനിന്നിറങ്ങിയപ്പോൾ അവർപറഞ്ഞു "ഞങ്ങളുടെ യഥാർത്ഥനേതാവ് നെഹ്റുവാണ്, ജിന്നയല്ല" എന്നായിരുന്നു.

—o—

## പതിനായിരം അണുബോംബ്

ബെൽഫാസ്റ്റ്, ഡിസം. 11. 20-ലക്ഷം ഡാളർവീതം ചെലവുചെയ്തു 10000 അണുബോംബ് നിർമ്മിക്കാൻ യുണൈറ്റഡ് സ്റ്റേറ്റ്സിന് സാധിക്കുന്നതാണത്രേ. ലോകത്തിലെ സകല പ്രധാനനഗരങ്ങളും ഇവകൊണ്ടു നശിപ്പിക്കാൻ കഴിയുമെന്നുതന്നെയല്ല, അവയെ തടയാൻ മാർഗ്ഗവുമില്ല.

—o—

## ഇന്ത്യയിൽനിന്നു സ്വർണ്ണം വെളിയിലേയ്ക്കു

—o—

കറാച്ചി, ഡിസം: ൧൧—ഒരുകോടി എഴുപതുലക്ഷം രൂപാ വിലയുള്ള പവൻനാണയങ്ങൾ ഈ ആഴ്ച, ഇന്ത്യയിൽനിന്നു രണ്ടുപ്രാവശ്യമായി അതൻസിലേയ്ക്കു അയച്ചുകൊടുത്തതായി അറിയുന്നു.

(ഏ. പി.)

**Just Arrived**

1946 Model REO three tons Trucks, with Gold Crown Engines.

Apply:-

Pankajam Motors,
Alwaye.

## ടാക്കീസ്

**ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ**

രഞ്ചൻ-രാജകുമാരി
വസന്ത-കൃഷ്ണൻ-മധുരം
അഭിനയിച്ച

**ഷാലിവാഹൻ**

**അമ്പലപ്പുഴ ഗോപിടാക്കീസിൽ**

പാപനാശം ശിവൻ, ജി. സുബ്ബലക്ഷ്മി, കൊത്തമംഗലംശ്രുപ്പ, മാസ്റ്റർ തിരുമല മുതലായവർ അഭിനയിച്ച

**ഭക്തചേത**

**കൊല്ലം S. M. P. പാലസ്സിൽ**

മഹത്തായ 3-ാംവാരം

പി. യു. ചിന്നപ്പം, ഡി. ബാലസുബ്രഹ്മണ്യം, എം. ആർ. സന്താനലക്ഷ്മി, തുടങ്ങിയവർ അഭിനയിച്ച

**ജഗതലപ്രതാപൻ**

**ചവറ ബേബിടാക്കീസിൽ**

മഹത്തായ 2-ാംവാരം

ററി. ആർ. മഹാലിംഗം, നാഗർകോവിൽ മഹാദേവൻ, എൻ. എസ്. കൃഷ്ണൻ, മുതലായവർ അഭിനയിച്ച

**ശ്രീവള്ളി**

## ചന്ദ്രഗ്രഹണം

—o—

കുന്നംകുളം. വൃശ്ചികം 25—കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട് ഇപ്രകാരം എഴുതുന്നു:—ഈ വൃശ്ചികം 23-ാംതീയതി ഉണ്ടായ ചന്ദ്രഗ്രഹണം പരിശോധിച്ചു. പഴയ ഗണിതപ്രകാരം 9 മണി 57 മിനിട്ടിനും പുതിയ ഗണിതപ്രകാരം 9 മണി 38 മിനിട്ടിനുമാണ് ഗ്രഹണം തുടങ്ങേണ്ടത്. ഈ ഗ്രഹണം 9 മണി 38 മിനിട്ടിനുതന്നെ കൃത്യമായി തുടങ്ങി. അപ്പോൾ പഴയ ഗണിതപ്രകാരം 19 മിനിട്ടിന്റെ വ്യത്യാസമുണ്ടെന്നു തീർച്ചയാണ്. മുഴുവൻ മൂടുന്നതിനു, വീണ്ടും കണ്ടുതുടങ്ങുന്നതു, അവസാനിക്കുന്നതു എന്നീ സമയങ്ങളൊന്നും മഴക്കാറുമൂലം കാണ്മാൻ കഴിഞ്ഞിട്ടില്ല. ആരെങ്കിലും പരിശോധിക്കുകയും, വ്യക്തമായി കാണ്മാൻ സാധിക്കുകയുംചെയ്തിട്ടുണ്ടെങ്കിൽ വിവരം പത്രങ്ങളിൽ പ്രസിദ്ധംചെയ്യുവാൻ താല്പര്യപ്പെടുന്നു. ഗണിതപരിഷ്കരണവിഷയകമായി ആലോചനകൾ നടന്നുകൊണ്ടിരിക്കുകയും അഭിപ്രായഭേദങ്ങളുണ്ടാകുകയുംചെയ്യുന്നസ്ഥിതിയ്ക്കു, ഈ സംഗതിക്കു ആവുന്നിടത്തോളം പ്രസിദ്ധീകരണം നൽകുന്നതു അത്യാവശ്യമാണ്.

23-ാംതീയതിയിലെ ഗ്രഹണംസംബന്ധിച്ച രണ്ടുഗണിതപ്രകാരവും കിട്ടിയ സമയവിവരം താഴെ ചേർക്കുന്നു.

| | പുതിയ ഗണിതം | | പഴയതു | |
|---|---|---|---|---|
| | മ. | മി. | മ. | മി. |
| ആരംഭസമയം | 9 | 38 | 9 | 57 |
| മുഴുവൻമൂടുന്നസമയം | 10 | 48 | 11 | 20 |
| വീണ്ടുംകണ്ടുതുടങ്ങുന്ന സമയം | 11 | 46 | 12 | 14 |
| അവസാനിക്കുന്ന ടി | 12 | 56 | 1 | 30 |
| ആകെ സമയം | 3 | 18 | 3 | 33 |


(സ്റ്റേൻഡേഡ് ടൈമാണ്.)

—o—

6, ഇംഗ്ലീഷും മലയാളവും ഭാഷകൾ (ഇംഗ്ലീഷുഭാഷയും മലയാളഭാഷയും)

7, പുസ്തകത്തിനെ വായിച്ചു (പുസ്തകം വായിച്ചു)

—o—





### സ്ഫടികനിർമ്മാതാവ്

ഈ പുരാതന കൈവേലയുടെ നവീന പിൻഗാമി കൌശലത്തോടുകൂടിയവനും, കൌതുകമേറിയവനുമാണ്. ഉരുക്കിയ സ്ഫടികത്തെ ഒരു ക്ലിപ്ത താപത്തിലേക്ക് പ്രത്യേകതരം ചൂളകളിൽവെച്ച് ചൂടാക്കി ഒരു കുഴലിന്റെ അററത്ത് എടുക്കുന്നു. അതിനുശേഷം അവൻ ആ ചുട്ടുപഴുത്ത സ്ഫടികത്തിലേക്ക് കുഴലിൽകൂടി ഊതുകയും അതിനെ തിരിച്ചു രൂപാന്തരപ്പെടുത്തി, പിഞ്ഞാണം, കൂജ, കുഴൽ മുതലായവ നിർമ്മിക്കുകയും ചെയ്യുന്നു അങ്ങിനെ അവൻ ഒരു രൂപവും ഇല്ലാത്തതിന് ഒരാകൃതി നിർമ്മിക്കുന്നു.

പുതിയതരം മാർഗ്ഗങ്ങളെ പിന്തുടർന്നാൽ ഇന്ത്യൻ സ്ഫടികനിർമ്മാതാവിന്ന് ഈ രാജ്യത്തിലേക്കു വേണ്ട സകല സ്ഫടിക സാമാനങ്ങളും ഉണ്ടാക്കുവാൻ സാധിക്കും. പക്ഷെ എളുപ്പത്തിൽ പൊട്ടിപ്പോകുന്ന ഈ സാധനങ്ങളെ ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുവാൻ ഇന്ത്യൻ സ്ഫടികനിർമ്മാണ വ്യവസായത്തിന്ന് നല്ല റോഡുകൾ അവശ്യം ആവശ്യമാണ്.

വ്യാവസായിക പുരോഗതിക്ക് ഇന്ത്യക്ക് നല്ല റോഡുകൾ വേണമെന്ന വിശ്വാസത്താൽ ബർമ്മാ—ഷെൽ പ്രസിദ്ധീകരിക്കുന്നതു്.



BURMAH-SHELL OIL STORAGE AND DISTRIBUTING CO. OF INDIA LTD. (INCORPORATED IN ENGLAND) GA/BS/1

ഗ്രന്ഥവിഹാരം

# ധനതത്വപ്രവേശിക

ഗ്രന്ഥകത്താ,
കെ. ഇ ജോബ്, എം: എ: എൽ. ററി., ചങ്ങനാശ്ശേരി
വില രൂ. ൧

ഇന്നത്തെ പത്രം ആഫീസുകളിൽ പണിയെടുക്കുന്നവക്കറിയാം മലയാളികളുടെ അഭിരുചിയുടെ പോക്ക എങ്ങോട്ടാണെന്നു. ഒന്നാംഫാറത്തിൽ പഠിക്കുന്ന വിദ്യാത്ഥിമുതൽ ഒന്നാംകിടയിലുള്ള സാഹിത്യകാരൻവരെ 'കാമകിങ്കരർ ചെയ്യുന്ന കുംഭകൈകളിലാണ്' തങ്ങളുടെ ബുദ്ധികടങ്ങൾ ഉള്ളതെന്നു പറവാൻ അശേഷം മടിക്കേണ്ടതായിട്ടില്ല. വ്യഷ്ടിഗതമായും സമഷ്ടിപരമായും ജീവിതത്തിൻെറ പ്രാധാന്യവും ഉത്തരവാദിത്വവും കാണ്മാനുള്ള ജ്ഞാനവും ഇല്ലാതായിപ്പോകുന്ന നിലയിൽ നമ്മുടെ വിദ്യാഭ്യാസപദ്ധതി അത്ര ലഘിതമായിപ്പോയതാണ് ഇതിൻെറ നിദാനമെന്നു എങ്ങനെ തീത്തുപറയാനാണ്. ശാസ്ത്രീയവിഷയങ്ങളെ സംബന്ധിച്ച വിദഗ്ദ്ധമായി ചിന്തിക്കാനോ ചിന്തിച്ചാൽ തന്നെയും പ്രായോഗികമായി അതിനെ രൂപവൽക്കരിക്കാനോ നമ്മുടെ ഇടയിൽ ആളുകൾ വളരെ ചുരുങ്ങും. അല്പം കഴിവുള്ള ചിലക്ക ആലോചനയും അഭ്യാസവും സിദ്ധിച്ചിട്ടുള്ളവക്ക ഭാഷാപരമായ പരിചയക്കുറവുകൊണ്ട ആശയവിശദീകരണത്തിന സമത്ഥരല്ലാതെ അടങ്ങിപ്പാക്കേണ്ടതായി വരുന്നു. ശാസ്ത്രീയവിഷയങ്ങൾക്കുള്ള കക്കശത അതിൽ സാങ്കേതികവശങ്ങളെ കുത്തിച്ചെലുത്തി കല്ലുംമുള്ളും നിറഞ്ഞൊരിടവഴിയാക്കിത്തീക്കുന്ന അതിൻെറ പ്രതിപാദനരീതിയും ആ പഥത്തിൽ നിന്ന അനുവാചകനെ അതിമാത്രം പിൻതിരിപ്പിക്കത്തക്ക നിലയിലാണെന്നുള്ള പരമാൎത്ഥവും ഇവിടെ മറച്ചുവയ്ക്കുന്നതെന്നു വിചാരിക്കുന്നില്ല. ശാസ്ത്രഗ്രന്ഥങ്ങളുടെ വളൎച്ചവിന പ്രതിബന്ധമായി നില്ക്കുന്ന ഒന്നുരണ്ടകാര്യങ്ങൾകൂടിയുണ്ട്. അവയിലൊന്നു നമ്മുടെയിടയിലുള്ള ലോകബോധ്യമാണ്. ഹരിശ്രീയെന്നാദിയെഴുത്തിന് അരികേക്കൂടി പോയിട്ടില്ലാത്ത അങ്ങേരു എത്ര ധനതത്വശാസ്ത്രം പഠിച്ചിട്ടാണ് ലക്ഷപ്രഭുവായതെന്നും, ഏതു ഫർഗ്ഗൂസൻകോളേജിൽ പോയി പഠിച്ചിട്ടാണ് അയാളുടെ ഏതുവഴിയിൽ ആനക്കൊമ്പുപോലത്തെ നേതൃത്വമുണ്ടാകുന്നതെന്നും മററും കുറക്കംചോദ്യം ചോദിക്കുന്ന നമ്മുടെ ഇടയിലുള്ള ആ പതിവിനെയാണ് ഞാൻ ലോകബോധ്യത്താൽ ഇവിടെ വിവക്ഷിക്കുന്നത്.

ശാസ്ത്രം സവിസ്തരചചനം എന്നുള്ളത് നമ്മുടെഇടയിൽ പ്രചരിക്കേണ്ടതായിത്തന്നെഇരിക്കുന്നു. ധനതത്വപ്രവേശിക, ഒരു ഫിനാൻഷ്യൽസെക്രട്ടറിയുടെ ബഡ്ജററപ്രസംഗത്തിലെപ്പോലെ വളരെ സൂക്ഷിച്ചുചെയ്തിട്ടുള്ള പലപല സ്ഥിതിവിവരക്കണക്കുകളും പരിഷ്കാരനിർദ്ദേശങ്ങളും, ഭാവിപ്രത്യാശകളും, വിഷയവൈവിധ്യങ്ങളുംകൊണ്ട ഭരണാധികൃതക്ക മാത്രമല്ല, രാഷ്ട്രീയപ്രവത്തകന്മാക്കും പല നൂതനപ്രബോധനങ്ങളും നൽകപ്പെടുന്നുണ്ട്. ആൽഫ്രഡ് മാർഷലിൻെറ ധനതത്വപരമായ അഭിപ്രായങ്ങളെയും രാജകീയകമ്മീഷൻെറ കാർഷികപയ്യവേക്ഷണങ്ങളേയും കായ്യക്ഷമമായവിധം സ്പർശിച്ച ഭൂമിശാസ്ത്രപരമായും മാനവശാസ്ത്രപരമായും ധനതത്വഘടകങ്ങളുടെ ഉത്തമാന്ധാരണതാം വെളിപ്പെടുത്തി ധനോല്പാദനത്തിലേക്ക പ്രവേശിക്കുന്ന ഗ്രന്ഥസ്വഭാവം സവിശേഷികപ്രശ്നങ്ങളെ സമാഹരിച്ചുകാട്ടുന്നുണ്ട്. ധനോല്പാദനവകുപ്പിൽ മണ്ണിൻെറ തരഭേദങ്ങൾ, കൃഷിയുടെ ഉൽകൃഷ്ടസാധ്യതകൾ, ജലസേചനം കടംകൃഷി, കന്നുകാലിവളത്തൽ തുടങ്ങി ഗ്രന്ഥകൃത്തിക്കാം കാണുന്നോപക്ഷണകുശലതയും സാക്ഷ്യംവഹിക്കുന്ന പല ബോധനങ്ങളും ഗണനപത്രികകളും അദ്ദേഹം തയ്യാറാക്കി കാണിക്കുന്നുണ്ട്. നമ്മുടെ വിദ്യാത്ഥികളുടെ ഹൈസ്കൂൾവിദ്യാഭ്യാസം ഇത്തരം അടിത്തറകളിൽ പടുത്തുകൊണ്ടായിരിക്കണം എന്നുള്ളതിലും അഭിപ്രായവ്യത്യാസത്തിനിടയുണ്ടാകുമെന്നു തോന്നുന്നില്ല. വിദ്യാത്ഥികളെ വിഷമിപ്പിക്കാത്തനിലയിൽ കാര്യങ്ങളെ ലളിതമായി പ്രതിപാദിക്കുന്നതിലും വിഷയങ്ങളെ സംഗ്രഹിച്ച ക്രമീകരിക്കുന്നതിലും ഗ്രന്ഥകത്താവു് ബുദ്ധിപൂവ്വം ശ്രമിച്ചിട്ടുണ്ട്.

ഒരു ശാസ്ത്രകാരൻെറ വിശേഷിച്ചും ഒരു ധനശാസ്ത്രകാരൻെറ പിടിത്തം ഗ്രന്ഥകത്താവ് നിഷ്കർഷാപൂർവം നിറവേററിയിട്ടുണ്ടോ എന്നു സംശയിക്കേണ്ടിവരുന്നു. ഒരു മനുഷ്യജീവിക്ക്, മനുഷ്യൻ, എന്ന ഓറ പദത്താൽ സാധിക്കാവുന്ന ആ കായ്യത്തിനു ഇത്ര ചപലവെഴുതേണ്ടതായിരുന്നോ, ചെയ്തിരുന്നിരിക്കണം, എന്നിടത്തു്, അത്ര വേണ്ടിയിരുന്നോ എന്നും ഓരോ തൊഴിൽക്കാരനും അവനവനുണ്ടാക്കിയവയിൽ അവനവനാവശ്യമുള്ള സാധനങ്ങൾമാത്രം സ്വന്തമായി ഉപയോഗിക്കയും ബാക്കിയുള്ളവ അന്യതൊഴിൽക്കാക്ക്, ഇത്തരം വാചകങ്ങൾ സാഹിത്യകാരനു സുഖക്കുറവുണ്ടാക്കുമെന്നുള്ളതു് മറച്ചുവയ്ക്കുന്നു വിചാരിക്കുന്നില്ല. ശാസ്ത്രീയമാൎഗ്ഗത്തിൽ ഉൽകൃഷ്ടവിദ്യാപാഥേയവാനായ ഗ്രന്ഥകത്താവിൻെറ പുരോഗമനം ഇടന്നുകാണുവാനുള്ള അപേക്ഷയോടുകൂടി

സി. എം. പി.

# സഞ്ചാരിയുടെഗീതങ്ങൾ

—ം—

ഗ്രന്ഥകത്താ,
എസ്സ്. കെ. പൊറെറക്കാട്ട്
പ്രസാധകന്മാർ
പി. കെ ബ്രദേർസ്,
കോഴിക്കോട്ട്
വില ൮ ണ.

കള്ളപ്പുത്തുവിനെക്കൊണ്ട സാഹിത്യലോകത്തിൽ വെകിളിപിടിപ്പിച്ച എസ്സ്. കെ. പൊറെറക്കാടിൻെറ ആകാശകോറാം

പാഴ്ദിവാസ്വപ്നങ്ങളാകുമിക്കാഴ്ചകൾ
പാതിയുമുന്മാദ ഭാവനകൾ

എന്നു അദ്ദേഹം സ്വയം സമ്മതിച്ചു.

ഈ നവദർശനം കൊണ്ട ഞാൻ പൊടിട
യാദർശം പോലുമേ വിസ്മരിച്ചു
പിന്നോട്ട കാലത്തിന്നദ്യാന്തത്തിൽ പാദ
വിന്യാസമാൎന്ന സ്വയം മറന്നു.
വേദ്യമല്ലാത്തുള്ളാരാനന്ദം വന്നെന്ന
വേറൊരു ലോകത്തിലേക്കുയത്തി.

ആ ആനന്ദലോകത്തിലെ അഭിരാമരമണീയമായ കാഴ്ചകളേയും ആനന്ദാനുഭൂതികളേയും അനുവാചകനെ പരിചയപ്പെടുത്തിക്കൊടുക്കുന്നതാകുന്നു സഞ്ചാരിയുടെ ഗീതങ്ങൾ. ലോകസമ്മോഹനമായ സൗന്ദയ്യസാരസ്യത്തിൻെറ മനോഹാരിതസ്സന്നു വിശ്രുതി നേടിയിരിക്കുന്ന കാശ്മീരിലെ ശ്രീനഗറിൽനിന്നു അദ്ദേഹത്തിൻെറ ഭാവനാരാജഹംസം തുടരുന്ന സഞ്ചാരം, നവനവങ്ങളായ കാഴ്ചകൾകണ്ട അന്തരാത്മാവിൽനിന്നു വിനിഗ്ഗളിച്ചൊഴുകിയ ഗീതാമൃതം കന്യാകുമാരിപയ്യന്തം സ്വച്ഛന്ദം പ്രവഹിച്ച ആ അപാരപാരവാരപ്പരപ്പിൽ നിലീനമാകുന്നു. അഭിനവമായ ആനന്ദാനുഭൂതിയിൽ അനുവാചകൻ അടിപെണിയുന്നു.

സഞ്ചാരിയുടെ ഗീതങ്ങൾ നമ്മുടെ സാഹിത്യത്തിൽ പുതിയൊരു ശാഖയുടെ പ്രഥമപ്രരോഹമാണെന്നു ശ്രീ. ജി. ശങ്കരക്കുറുപ്പവർകൾ പ്രസ്താവിച്ചുകാണുന്നു. പ്രൊഫസർ മുണ്ടശ്ശേരിയുടെ അഭിപ്രായത്തെ ഉദ്ധരിച്ച് ബലകരമാക്കിപ്പറഞ്ഞിട്ടുള്ള കുറപ്പവർകളുടെ ഈ അഭിപ്രായത്തോട്ട അത്രയൊന്നും യോജിക്കുവാൻ നിവൃത്തികാണുന്നില്ല. സർദാർ കെ. എം. പണിക്കരവർകളുടെ

വൈദ്യുത ദീപാവലീ ശോഭനഭൂഷയോടും
സാദരാസീനയായ നീലാബ്ധിഹാരത്തോടും
വനമാം വേൽക്കട്ടിക്കു താഴെയായ്
വിരിച്ചുള്ള
കോമള മണിമെത്തയേറിനീ നിശതോറും
വാസകസജ്ജയായ നായികയെന്ന
പോലെ
തരുണനു സൽകൃതി ചെയ്യുന്ന-

പാരീസും സ്റ്റെയിനും അദ്ദേഹത്തിൻെറ ഭാവഗീതിയിൽപെടുന്ന സഞ്ചാരഗീതങ്ങളല്ലെന്നു വരുമോ. അതുപോലെതന്നെ വള്ളത്തോളിൻെറ ഗോദാവരിയും മററുമാറും, എസ്സ്. കെ. പൊറെറക്കാട്ട പ്രത്യക്ഷദർശനം സാധിച്ചുകൊണ്ട നമുക്കു കാട്ടിത്തരുന്ന കാളിന്ദി, ശ്രീ കുറുപ്പവർകൾ ഭാവനകൊണ്ട ഉല്ലേഖനംചെയ്തിട്ടുള്ള വൃന്ദാവനത്തിൻെറ പ്രതിധ്വനി മാത്രമേ ആകുന്നുള്ളു. കലയുടെ ബഹിരാത്മകവാദമല്ലേ ഇല്ലാ ഇവിടത്തെ പ്രകൃതം.

സഞ്ചാരിഗീതങ്ങൾ സമാരംഭിക്കുന്ന കാശ്മീരസ്ഥലിയിൽ സ്വർല്ലോകമാകെ പ്രതിഫലിപ്പിക്കുന്ന ആ കാശ്മീരമാസ്സാറപിഞ്ഛികയിൽ ശീതളകാന്തി തർവാടിയിൽ ഹാരവാം മാതളപ്പൂവായി മന്ദമാനെ വിരചിക്കുന്നതും, അപ്രകൃത്യംബരൻ ചായപ്പൂനിക്കുള്ള ചെപ്പിലെ നീലമഷി തൂത്ത പോലെ ത്ധലം നദിയുടെ നീലിമയെ തെളിയിക്കുന്നതും അതിമനോഹരമായിട്ടുണ്ട്. അതുപോലെതന്നെ പുരിയിലെ സൂര്യോദയത്തിൽ മുഖവന്മാരെ ചിത്രികരിക്കുന്ന ഷട്ടവും, വെണ്ണിലാവിലൊഴുകി വന്നൊരു വിണ്ണിലെക്കന്ദകഗ്ദമളമായി താജ്മഹാളിനെ സന്ദശിച്ചു; കൗമുദിയിൽ ഖനീഭവിച്ചോരു കോമള പ്രേമസ്വപ്നമേ എന്നു സംബോധനചെയ്യുന്ന സഞ്ചാരിയുടെ ഗീതമാധുരി, രാഗവീപ്പിലുയന്നുവന്നൊരു രാജതാജ്ജവവീചികയായിതന്നെ നമുക്കനുഭവപ്പെടുന്നു.

തുടരെയായിപ്പൂരാജപത്നിമാർ താൻ
പടവിരായിരം കേഠിയിറങ്ങി
പലപൊഴുതും മടിത്രതടിയിൽ
തലയണച്ചു തിരിച്ചുകിടന്നു

ഇന്നത്തെ ഒരു കലാകാരൻെറ ഒരസ്ഥ്യാനുഭവം കവി സ്വജീവിതത്തിൽ ദർശിച്ചു.

ശരണാഗന്ധം കുവന്നുതരുന്നങ്കിലു-
മൊരുനിയമവുമേലാതെങ്കിലും
ഒരുനിരത്ഥക സ്വപ്നമാണെങ്കിലും
മധുരമാണെനിക്കെന്നുമിജ്ജീവിതം.

എന്നു ബോംബയിൽവച്ചു ആശ്വസിച്ചും കാണുന്നു.

ഹരിദ്വാരത്തിലെ ഗംഗ അതിൻെറവിശുദ്ധതയെ അല്ല കവി ദർശിച്ചിരിക്കുന്നത്.

ഇളകിവരുന്നലകളിൽ നല്ലിളകനിരകാട്ടി
പുളകിതയായ്പ്രിയതമനെ തിരയക-
യല്ലല്ലി

എന്നുള്ള കവിയുടെ സന്ദേഹത്തിൽ പ്രിയാളകാളിധാവളത്വശങ്കാ അനുവാചകനുണ്ടായിക്കൂടന്നില്ല. സബർമതി ആശ്രമത്തിനടുത്തുള്ള ഗാന്ധിജിയുടെ ഹൃദയകുഞ്ജത്തിലെ ആത്മീയസൗരഭവും ത്രിപുരിയിലെ കാൺഗ്രസ്സ്നഗർ

സാന്ധ്യസൂര്യനാൽ തങ്കലേപനം
ചെയ്യപ്പെട്ട
[illegible] ശാന്തിതൻ സ്വപ്നംപോലെ
വിലസുന്നഭാവവും

നാമെല്ലാം അനുഭവപ്പെടുത്തുന്നതിൽ ഗ്രന്ഥകത്താവു് അഭിനന്ദനീയമായ വിജയം നേടുന്നു. കാളിന്ദി, കേവലാനന്ദത്തിൻ കോമളമായിക്കേൾക്കുമ്പോൾ, അനന്തപാരാവാരത്തിൻ നിഷ്യന്ദം തന്നോമന്മാങ്കമാധുരിയെ, ഇന്നതിഭീമയാരായാത്തു നനയ്ക്കുന്നുന്നു ഭിന്നായിരം നാവുനീട്ടി എന്ന അതിമനോഹരമായ ഭാവാത്മകചിത്രം ഈ കവിതാവിഭാഗത്തിൽ ഭാസുരഛായയിൽ നിരത്തിവയ്ക്കുന്നുണ്ട്. കേരളത്തിൻെറ മനോഹരപ്രകൃതിയിൽ തിരിച്ചെത്തി ശ്രീ വിവേകാനന്ദർതന്നെ കാന്തധ്യാനത്താൽ പവിത്രവും സാഗരത്രയരമ്യസംഗമമഹാരംഗവുമായ കന്യാകുമാരിയിൽ സഞ്ചാരി വിശ്രമിക്കുന്നു. ആ ഭാവഗീതി നമ്മുടെ ഹൃദയത്തെ സായൂജ്യസമുജ്ജ്വലസ്വപ്നത്തിലേക്കു നയിക്കുന്നു. സി. എം. പി.

—•—

# ആദശം

—ം—

ആലപ്പുഴനിന്നും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന ഒരു മാസികഗ്രന്ഥമാണ് ആദശം. ശ്രീ: ദേശികന്താപത്മനാഭൻ അവർകളാണ് ഇതിൻെറ പത്രാധിപർ. ശ്രീ. നാഗവള്ളിൽ ആർ. എസ്സ്. കുറുപ്പ് ഇതിൻെറ സാഹിത്യനേതൃത്വവും ശ്രീ: എസ്സ്. മാധവൻ എം. എ. (കോം) വ്യവസായപംക്തിയുടെ മേൽനോട്ടവും വഹിക്കുന്നു. പ്രസ്താവനയിൽ ആദശത്തിൻെറ ഉള്ളനില ഉറപ്പിച്ചുതന്നെ പറയുന്നു ഹൃദയാവജ്ജകമായ കവിതകൾ, പ്രൗഢചിന്തകളടങ്ങിയ ഉപന്യാസങ്ങൾ ജീവചരിത്രങ്ങൾ, ചെറുകഥ, ഗ്രന്ഥവിഹാരം മുതലായ സാഹിത്യവിഭവങ്ങൾ ഇതിനെ ആസ്വാദ്യയോഗ്യമാക്കിത്തീത്തിട്ടുണ്ട്. ആദശം നിലനിത്തിക്കൊണ്ടുപോകേണ്ടതു് പ്രവത്തകരുടെ മാത്രമല്ല നമ്മുടെ ഓരോരുത്തരുടേയും കടമയാണെന്നകാര്യം ഈ അവസരത്തിൽ പ്രത്യേകം അനുസ്മരിപ്പിച്ചുകൊണ്ട ഈ സഹജീവിക്കു മംഗളാശംസ ചെയ്യുകയാണു്.

സി. എം. പി.

—ം—


# മാധവ സർസപാരില

(നറുനീണ്ടിസത്തു്)

വളരെ നവീനരീതിയിൽ നറുനീണ്ടി (നന്നാറി)യും മററു രക്തസംവൎദ്ധകങ്ങളായ ഔഷധങ്ങളും ചേത്തു ശേഖരിച്ചതായ ഞങ്ങളുടെ "സരസപാറില" രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാവിധ ഉപദ്രവങ്ങൾക്കും, മൂത്രം എരിച്ചൽ, മൂത്രതടസ്സം, സ്ത്രീപുരുഷന്മാക്കുണ്ടാവുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും ഉടനടി ഫലംചെയ്യുന്നു. പ്രായഭേദംകൂടാതെ രക്തശുദ്ധിക്കും, രക്തവൎദ്ധനയ്ക്കും ഉഷ്ണകാലങ്ങളിൽ ദേഹത്തിലെ ചൂടിനെ കുറച്ചു്, കുളർമയും സുഖവും സിദ്ധിക്കുന്നതിന്നു എപ്പോഴും ഉപയോഗപ്രദ

എല്ലാ പ്രധാന ഷാപ്പുകളിലും കിട്ടും, വില ബോട്ടൽ 3 ക മാത്രം. Catalogue free.

സ്റ്റാക്കിസ്റ്റ്സ്, കോഴിക്കോട്ട്. പി. കുട്ടൻ ബ്രദേഴ്സ്.

P. S. സിലോൺ, സിങ്കപ്പൂർ, റങ്കൂൺ, ബോംബെ എന്നി സ്ഥലങ്ങളിൽ ഏജൻറന്മാരേയും സ്റ്റാക്കിസ്ററുമാരേയും ആവശ്യമുണ്ട്. ഉടനെ അപേക്ഷിക്കുക.

മാധവഫാർമസി (എറണാകുളം) ലിമിറഡ്, എറണാകുളം

## തിരുവനന്തപുരത്തെ കഥകളി

—ം—

(പന്ത്രണ്ടാംപേജിൽനിന്നും തുടർച്ച)

ഒരു സ്ത്രീവേഷത്തിന വേണ്ട ഒതുക്കവും ഒഴുക്കും കണ്ടില്ല.

കുഞ്ചൻപണിക്കരും ചെങ്ങന്നൂർ രാമൻപിള്ളയുമാണ് ഇത്തവണത്തെ കളിയെപ്പററി സ്മരിക്കുമ്പോൾ പ്രാധാന്യമർഹിച്ചു നില്ക്കുന്നതു. ഇവർ രണ്ടാളുമാണ് വേഷക്കാരിൽ ഏററവും കൂടുതൽപ്രായമുള്ളവരെന്നുള്ളതും അർത്ഥവത്താണ്. കഥകളി ഒരു ആയുഷ്ക്കാലത്തെ നിരന്തരപരിശ്രമംകൊണ്ടുമാത്രം സ്വാധീനമാകാവുന്ന ഒരു കലയാണെന്നു അതു തെളിയിക്കുന്നു. കുഞ്ചൻപണിക്കരുടെ ഹംസം, കല്യാണസൗഗന്ധികത്തിലെ ഹനുമാൻ, സന്താനഗോപാലത്തിലെബ്രാഹ്മണൻ എന്നിവ വളരെ ഭംഗിയായ വേഷങ്ങളാണ്. കുചേലനായി ആദ്യഭാഗങ്ങൾ നല്ലവണ്ണം അഭിനയിച്ചെങ്കിലും ഒടുവിൽ മോശമാക്കിക്കളഞ്ഞു. ദ്വാരകയെ ലക്ഷ്യമാക്കിയുള്ള ആ യാത്രയിൽ അദ്ദേഹത്തിന്റെ മുഖത്തു സ്ഫുരിച്ച ഭക്തിരസം അവർണ്ണനീയമാണ്. പക്ഷേ ഭഗവാനോട് യാത്രപറഞ്ഞു തിരിഞ്ഞതുടൻതന്നെ 'ഈയാളെന്നും തന്നില്ലെ'ന്നമട്ടിൽ ആടുവാൻതുടങ്ങിയതു വളരെ അഭംഗിയായി. രാമൻപിള്ളയുടെ രണ്ടാംദിവസത്തെ നളൻ, രാവണവിജയത്തിലെ രാവണൻ, നരകാസുരൻ, ബാണൻ എന്നീ വേഷങ്ങൾ പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടവയാണ്. നല്ല അടക്കം വൃത്തിയുമുള്ള ആട്ടമാണ് അദ്ദേഹത്തിന്റേതു്. ആത്മവിശ്വാസവും, അപ്രമേയമായ ഒരു മഹത്വവും അതിൽ തെളിഞ്ഞുനില്ക്കുന്നു. അസുരവേഷങ്ങൾ മററുതേ ലോകത്തുള്ള ജീവികളല്ലെന്നും മനുഷ്യജീവിതത്തിൽതന്നെയുള്ള ആസുരഭാവങ്ങളുടെ പ്രകാശനത്തിനുള്ള ഉപായങ്ങളാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. മനുഷ്യത്വത്തിന്റെ, പലപ്പോഴും മഹത്തരമായ മനുഷ്യത്വത്തിന്റെ, ഒരു സുവർണ്ണരേഖ അവയിൽ കലർത്തുവാൻ അദ്ദേഹത്തിന സാധിക്കുന്നുണ്ട്. വീരരസം പ്രകാശിപ്പിക്കുമ്പോൾ അതു് മനുഷ്യന്റെ വീരരസമാണെന്നും, മൃഗത്തിന്റേതല്ലെന്നും നമുക്ക് മനസ്സിലാകാതിരിക്കുകയില്ല. രംഭാപ്രവേശത്തിലും വിടത്വത്തിന്റെ ഒരു അഴിഞ്ഞാട്ടമാക്കുന്ന നടന്മാരുണ്ട്. പക്ഷേ രാമൻപിള്ള അവിടെയും അല്പം വെറുപ്പും തോന്നാത്ത ഒരു മനുഷ്യത്വം പ്രകാശിപ്പിക്കുന്നതായികാണാം. ഗമകങ്ങൾനിറഞ്ഞ സംഗീതംപോലെയാണ് കുഞ്ചൻപണിക്കരുടെ അഭിനയം. അതിന്റെ സുഗമതയും ലാളിത്യവും കണ്ടുതന്നെ അറിയേണ്ടതാണ്. മുദ്രകളും ഭാവങ്ങളും ഒന്നിൽനിന്ന് അടുത്തതിലേക്ക് എടുത്തുചാടുകയല്ല അലിഞ്ഞു ഒഴുകി അടുക്കുകയാണ് ചെയ്യുന്നതു്. അഷ്ടകലാശം ചവിട്ടുവാൻ അദ്ദേഹത്തിനുള്ള ത്രിപാടവം മററാർക്കും കണ്ടില്ല. കല്യാണസൗഗന്ധികത്തിൽ "മനസി മമ കിമപി" എന്ന പദം ആടുന്നഅവസരത്തിൽ അദ്ദേഹം ആകെക്കൂടി ചവിട്ടുകയുണ്ടായി. കലാമണ്ഡലം കൃഷ്ണൻനായർ കാലകേയവധത്തിൽ അർജ്ജുനന്റെ വേഷമിട്ടു് അഷ്ടകലാശം ചവിട്ടുവാൻ ശ്രമിച്ചെങ്കിലും ചെണ്ടയും ചുവടും തമ്മിൽ ഇണങ്ങാതെവരികയാൽ ആ ഉദ്യമം ഉപേക്ഷിക്കേണ്ടിവന്നു. പതിവില്ലാത്തഘട്ടത്തിലാണെങ്കിലും നമ്പൂതിരിയും ദുര്യോധനവധത്തിൽ അതിനൊരുങ്ങി. അദ്ദേഹത്തിന്റെ ശ്രമവും നന്നായില്ല. ചെങ്ങന്നൂർരാമൻപിള്ളയെക്കൊണ്ടു് അതൊന്നു ചവിട്ടിച്ചുകാണുവാൻ ആഗ്രഹംതോന്നുന്നു.

കലാമണ്ഡലം കൃഷ്ണൻനായരുടെ രംഭ, ഭീമൻ, പൂതനാമോക്ഷത്തിലെ ലളിത, ചിത്രലേഖ എന്നീവേഷങ്ങൾ ശ്രദ്ധേയമായ അഭിനയശക്തിക്ക് മകുടോദാഹരണങ്ങളായിരുന്നു. മിക്കപ്പോഴും അദ്ദേഹത്തിന് വേണ്ടത്രസമയം കിട്ടിയില്ലെന്ന് തോന്നാതിരുന്നില്ല. തെക്കൻ മിക്കസമ്പ്രദായത്തിലെ ബ്രാഹ്മണനായും; താടകവധത്തിലെ മരണരംഗത്തിലും ആവശ്യത്തിലധികം അഭിനയിക്കുന്നതുപോലെ തോന്നി. താടകാവധം ഇക്കാരണത്താൽ മോശമായെന്നുപറയാതെ നിവൃത്തിയില്ല. അതു് ഒരു ഒന്നാംതരം കഥയാണ്. അതിന്റെസാഹിത്യഗുണത്തെപ്പററിഎത്രപറഞ്ഞാലും മതിയാവുകയില്ല. പക്ഷെ താടകയുടെമരണരംഗം വളരെനീണ്ടുപോയെന്നു പറയേണ്ടിയിരിക്കുന്നു. അതു് വെട്ടിച്ചുരുക്കാതെ അഭിനയിച്ചുഫലിപ്പിക്കുവാൻ പ്രയാസമാണ്. ആടീർഘസംഭാഷണം തീരുന്നതുവരെ, അമ്പേററുകിടക്കുന്നു താടകയും് മരണവേദന അഭിനയിക്കാതിരിക്കാൻ നിവൃത്തിയില്ല.

"നിൻകണകം മെയ്‌വിളനും
നിൻകനിവത്തുകനും"

എന്നതിൽ കൂടുതലായി അവളുടെ വേദനയ്ക്കും സങ്കടത്തിനും ഒരു ആഖ്യാനം ആവശ്യമുണ്ടെന്നുതോന്നുന്നില്ല. അതിനശേഷമുള്ള ആ ശാപവൃത്താന്തമാണ് ഉപേക്ഷിക്കേണ്ടതു്. പാട്ടുകാരെങ്കിലും ഇതുമനസ്സിലാക്കി എല്ലാചരണങ്ങളും പാടാതെ, വേണ്ടതുമാത്രം ചൊല്ലി ആരംഗം ഗോഷ്ഠിയാകാതെ സൂക്ഷിക്കുമെന്നു പ്രതീക്ഷിക്കാം.

ആട്ടത്തിനിടയ്ക്കു് കൃഷ്ണൻനായർക്കുണ്ടായ ഒരു ആപത്തിനെപ്പററി രണ്ടുവാക്കുപറയേണ്ടതുണ്ട്. മുഖത്തെമാംസപേശികളുടെ അത്യധികമായ ചലനംകൊണ്ടു് അദ്ദേഹത്തിന്റെ ചുട്ടിമിക്കപ്പോഴും അഴിഞ്ഞുപോകുന്നു. അരിമാവിനപകരം ഇത്തവണ കടലാസ്സാണ് ഉപയോഗിച്ചതെങ്കിലും ഈ ആപത്തു് നീങ്ങിയില്ല. ഇതിനുള്ള പോംവഴി നടൻതന്നെ കണ്ടുപിടിക്കേണ്ടതാണ്. മുഖം അനങ്ങാതെ ആടണമെന്നല്ല പറയുന്നതു്. ചുട്ടി ഒട്ടിക്കുവാൻ നല്ലജാതി പശ ഉപയോഗിക്കാവുന്നതാണ്. നാടകവേദിയിലെ ആവശ്യത്തിനവേണ്ടി ഉണ്ടാക്കപ്പെട്ടിട്ടുള്ള ഇത്തരം പദാർത്ഥങ്ങൾ പലതും ഇക്കാലത്തു കിട്ടും. അരിമാവും മനയോലയും ചെങ്കല്ലും കരിയും എല്ലാം ഉപേക്ഷിച്ചു് ഈ പതിയതരം ചായങ്ങളും മററും ഉപയോഗിച്ചാൽ വൈദ്യുതപ്രകാശത്തിൽപോലും മങ്ങാത്ത കഥകളിവേഷങ്ങൾ നിർമ്മിക്കുവാൻ കഴിഞ്ഞേക്കും. ഉടുത്തുകെട്ടിന്റെ കാര്യത്തിലും, മട്ടും മാതൃകയും തെല്ലും മാററാതെ, നടന്മാർക്കും കാഴ്ചക്കാർക്കും കൂടുതൽ സുഖപ്രദമായ പല പരിഷ്കാരങ്ങളും വരുത്താവുന്നതാണ്. അടിയുടുപ്പുകളുടെ കാര്യത്തിലെങ്കിലും ഇങ്ങനെ ചില പരിഷ്കാരങ്ങൾ അത്യന്താപേക്ഷിതമാണെന്നും തോന്നുന്നു. നടന്മാരുടെ ആരോഗ്യത്തിനും, അണിയലുകളുടെ ദുസ്ഥിതിക്കും ഇന്നത്തെ ഈ സ്വേദപ്രവാഹം മാററുന്നതു നന്നായിരിക്കും.

ഹരിപ്പാട്ടു രാമകൃഷ്ണപിള്ള എന്നൊരു പുതിയ നടനെ ഈ പ്രാവശ്യം കാണുകയുണ്ടായി. നല്ല വേഷച്ചേർച്ചയുള്ള ഒരു യുവാവാണ്. ആട്ടത്തിനും ഒരു അഴകു കിട്ടിത്തുടങ്ങിയിട്ടുണ്ട്. നല്ല നടന്മാർ ഓരോന്നായി അപ്രത്യക്ഷരായി തുടങ്ങിയിരിക്കുന്ന ഈ കാലഘട്ടത്തിൽ, ശ്രമിച്ചാൽ തനിക്ക് ഒരു സ്ഥാനം കരസ്ഥമാക്കാമെന്ന് അദ്ദേഹം മനസ്സിലാക്കുമെന്നും അതിനവേണ്ടി ആവോളം ശ്രമിക്കുമെന്നും വിശ്വസിക്കുന്നു. ബാലകൃഷ്ണൻ ഉണ്ണിത്താൻ എന്നൊരു ബാലനു പലരാവണനും പ്രധാനപ്പെട്ട വേഷങ്ങൾ കൊടുക്കുകയുണ്ടായി. ഇതു് ഒരു മനുഷ്യനോ ചലനശക്തിയുള്ള മരപ്പാവയോ എന്നു് എല്ലാവരും സംശയിച്ചുപോയി. കൈകളോ, മെയ്യോ, ആട്ടവാസനയോ കഴിവോ, ആടണമെന്നുള്ള ആഗ്രഹംപോലുമോ ഇല്ലാത്ത ഇത്തരം ആളുകളെ അരങ്ങേററുന്നതു് ദുഷ്ടിദോഷം പരിഹരിക്കുവാൻ കൊള്ളാമെങ്കിലും, അന്യഥാ സുന്ദരമായ ഒരു കലാപ്രകടനത്തെ വ്യത്തികേടാക്കുവാനുള്ള വിദ്യയാണ്. അവരെ കാര്യം പറഞ്ഞു് മററുവല്ല തൊഴിലും നോക്കുവാൻ വിടുകയാണ് നല്ലതു്. ചുട്ടിയിട്ടതുകൊണ്ടോ ചുവട്ടുവെച്ചതുകൊണ്ടോ കഥകളിയാവുകയില്ലെന്നും, ഭാവരസപ്രകാശനമാണ് അഭിനയകലയുടെ രഹസ്യമെന്നും പുതിയ നടന്മാർ മനസ്സിലാക്കേണ്ടതാണ്. ചുട്ടിയിട്ടാൽ പിന്നെ ചിലരുടെ കണ്ണുപോലും ഇളകുകയില്ല. ഇതു പക്ഷേ ചുട്ടിയുടെ കുററമല്ല. അഭ്യാസത്തിന്റെ കുറവാണ്. പണ്ടൊക്കെ പുരികം വരുത്തുവാൻവേണ്ടി ആശാന്മാർ അടിപോലും കൊടുക്കാറുണ്ടായിരുന്നത്രെ. സിനിമയിലെ നടീനടന്മാർക്ക് വലിയ ശമ്പളമെന്നതുപോലെ, ഡയറക്ടറന്മാരുടെ കയ്യിൽനിന്നു ഇതും ഇടയ്ക്കിടെകിട്ടാറുണ്ടെന്നു പറയപ്പെടുന്നു.

ആണ്ടിലൊരിക്കലെങ്കിലും ധാർമ്മികസന്നം, തണ്ഡവമെന്നും മററുമുള്ള മിരട്ടുകളൊന്നും ഇല്ലാതെ മേന്മയേറിയ തനിക്കഥകളി കണ്ട് ആനന്ദിക്കുന്നതിനും, കലയുടെ അപ്രമേയപ്രഭാവത്തിൽ അമർത്ത്യതയുടെ സ്വാദറിയുന്നതിനും അവസരംനൽകുന്ന കഥകളിക്ലബ്ബിന് ഉത്തരോത്തരം അഭിവൃദ്ധിയുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

—ം—


## കാമബാണരസായനം

ടിൻ ഒന്നുക്ക് വില രൂ. രണ്ടര.

മാനേജർ,
ബാംബെമെഡിക്കൽഹാൾ കൊല്ലം.



## GOOD OPPORTUNITY

For immediate sale. One Dodge Military Lorry 1943 Model, 3 ton capacity, complete and in running condition. Price Rs. 8000/- or nearest offer.

**United India General Trading Coy.**
5-A, Muniyandi Koil Street,
MADURA.



# ഒററനോട്ടത്തിൽ

(ജെ. മുണ്ടശ്ശേരി)

യാത്രക്കുറിപ്പുകൾ:— പല നാടുകളിലേയ്ക്കും പല മഹാന്മാരിലേയ്ക്കും പല ശില്പതല്പജങ്ങളിലേയ്ക്കും പല പ്രശ്നങ്ങളിലേയ്ക്കും ഭൂതക്കണ്ണാടിവെയ്ക്കുന്ന യാത്രക്കുറിപ്പുകൾ.

വില 1—ക.

മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.



GOVERNMENT OF INDIA

# DISPOSALS

## (SECTION MS OF 3rd CATALOGUE)

***Following types of stores are available for sale:***

*Stationery Stores:* Paper and Paper Products.

*Drugs and Chemicals:* Drugs; Biological Reagents; etc.

*Dressing and Bandages.*

*Surgical and Dental Instruments:* Anaesthetic Equipment; Ear, Nose and Throat Equipment; Orthopaedic Equipment; Ligatures; Nursing Appliances; Dispensary Appliances; Anti-malarial Equipment; Opthalmic Equipment; Gynaecological Equipment; Veterinary Instruments and Appliances; Other instruments including Hypodermic Syringes, Suture Needles, etc.

*Other Medical and Veterinary Stores.*

*Amenity Stores.*

*Other Miscellaneous Stores:* Glass Sheet and Holloware excluding bottles; Certain types of Rubber and Rubberised Goods.

Full details giving description and condition of stores, quantity, location, etc. and the method of tendering are contained in Section MS of the Third Catalogue which is available at Rs. 2/- on or about 16th December, 1946, from the addresses given below:

**A. Regional Commissioner (Disposals) at**

BOMBAY- Mercantile Chambers, Graham Road, Ballard Estate.

CALCUTTA - 6, Esplanade East.

LAHORE - G. P. O. Square, The Mall.

CAWNPORE-15/159, Civil Lines.

**B. Dy. Regional Commissioner (Disposals) at**

KARACHI - Variawa Building, McLeod Road.

MADRAS - United India Life Building, Esplanade.

**C. All important Chambers of Commerce and Trade Associations.**

*Mail orders for the catalogue must be accompanied by Money Order or Indian Postal Order.*

**NOTE:** Watch for further announcement regarding Section MS of Fourth Catalogue which will contain a further list of stores available for disposal.

AC167




ISSUED BY THE DIRECTORATE GENERAL OF DISPOSALS. DEPARTMENT OF INDUSTRIES & SUPPLIES, NEW DELHI

## പരസ്യം

—ം—

ചങ്ങനാശ്ശേരി മുൻസിഫ്കോർട്ടിൽ
110 സിവിൾ നമ്പ്ര 67

വാദികൾ—ചങ്ങനാശ്ശേരിപകുതിയിൽ പുഴവാതുമുറിയിൽ കിഴക്കേടത്തുവീട്ടിൽ മെനൻ കേശവപിള്ള പത്മനാഭൻനായർ മു. പേർ 5 രക്ഷകർത്താവ്-ടിയിൽ വേലായുധൻപിള്ള നാരായണപിള്ള.

പ്രതികൾ—1. തിരുവല്ലാഇരുവള്ളിപ്രം മുറിയിൽ പഴയപറമ്പിൽ കണ്ടത്തിൽ ഇട്ടിക്കള മാത്തു. 2. ടിയിൽ ഇട്ടിക്കള ഈപ്പൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്.

വാദികൾക്കവേണ്ടി രക്ഷകർത്താവുബോധിപ്പിച്ചിട്ടുള്ള ടി വിധിനടത്തഅപേക്ഷസംബന്ധിച്ചു 122 ധനുമാസം 5-നു- കാലഹരണനോട്ടീസു വിചാരണനിശ്ചയിച്ചിരിക്കുന്നതിനാൽ പ്രതികൾക്ക വല്ല ആക്ഷേപവുംഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലെന്നാൽ പ്രതികളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുംആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

15-4-1122

—ം—

## പരസ്യം

—ം—

ചങ്ങനാശ്ശേരി മുൻസിഫ്കോടതിയിൽ
120 ലെ സിവിൾ നമ്പർ 163

വാദി—തിരുവിതാംകൂർ യൂണിയൻബാങ്ക് (ക്ലിപ്തം) ടിക്ക ലിക്വിഡേറ്റർ എം. ജെ. മാത്യു, അഡ്വക്കേറ്റ്, കോട്ടയം.

4-ാംപ്രതി—പുളിംകുന്നുപകുതിയിൽ ടി മുറിയിൽ കാഞ്ഞിക്കൽ പുത്തൻപുരയിൽ ചാണ്ടപ്പിള്ള തോമ്മസ്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്

ഈ നമ്പരിൽ ടി 4-ാംപ്രതിക്കു പല പ്രാവശ്യവും സമൻസയച്ചതിൽ മടങ്ങിപ്പൂർവ്വം കൈപ്പററാതെ മടക്കിവിട്ടുവിക്കുന്നതിനാൽ വീണ്ടും വിചാരണയ്ക്കു അവധിവച്ചിട്ടുള്ളതായ 122 ധനുമാസം 6-ാംനു- പകൽ 11 മണിക്ക് ഈ കോടതിമുൻപാകെ ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട കോർട്ടുവക്കീലോ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെ കൂടാതെ തീരുമാനിക്കുന്നതാണെന്നും തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

122 കന്നി 26

—ം—

വസ്തും കുടിയും കെട്ടിവച്ചിട്ടുള്ളതിനേപ്പററിയുള്ളനോട്ടീസ്.

ഏററുമാനൂർ മുൻസിഫ്കോർട്ടിൽ
1116-ാമാണ്ടെ ആദ്യവ്യവഹാരനമ്പർ 351

വിധിഉടമസ്ഥൻ—കടുത്തുരുത്തി പകുതി വെള്ളാശ്ശേരികരയിൽ കൈലാസപുരത്തു സഭായോഗക്കാരായ മുളക്കുളംപകുതി കാരിക്കോട്ടുകരയിൽ താമരക്കാട്ടു എന്നുകൂടി ഇല്ലപ്പേരുള്ള വടയാർപകുതിപൊതികരയിൽ തുരുത്തിവെലില്ലത്തു നാരായണൻ കടംബൻനമ്പൂരിമുതൽപേർ.

പ്രതികൾ—1. കടുത്തുരുത്തിപകുതി വെള്ളാശ്ശേരി കരയിൽ നെല്ലുപ്പാടത്തുപറമ്പിൽ ചാക്കോജോസഫ് 2. ടിയിൽചാക്കോലൂക്കാ 3. ടിയിൽചാക്കോമത്തായി 4 ടിയിൽ പാക്കംപ്രാലയിൽ തൊമ്മൻതൊമ്മൻ.

ടി പ്രതികളെതെര്യപ്പെടുത്തുന്നത്.

ടി നമ്പർ വിധി നടത്തിൽ പട്ടികവസ്തു നടത്തികിട്ടണമെന്നു വാദി 1122-ാമാണ്ടു കന്നിമാസം 2-ാംതീയതി അപേക്ഷബോധിപ്പിക്കയും വിത്തും കുടിയും വകയിൽരൂപാ 39 ചക്രം 7 കാശു 12 കെട്ടിവയ്ക്കയും ചെയ്തിരിക്കുന്നതിനാൽ വസ്തുനടത്താതിരിക്കാൻ വല്ല കാരണവും ഉണ്ടെങ്കിൽ 1122-ാമാണ്ടു ധനുമാസം 5-ാംതീയതി പകൽ 11 മണിക്ക നേരിട്ടോ അധികാരപ്പെടുത്തിയ ഈ കോർട്ടുവക്കീൽ മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

1122-ാമാണ്ടു വൃശ്ചികം 8-ാംതീയതി

—ം—

## വസ്തുഒഴിപ്പിക്കുന്നസംഗതിക്കു നോട്ടീസ്

—ം—

സിവിൾ നടപടിനിയമത്തിന്റെ ആഡർ ൨൧, ൩൫, ൯൭, ൯൮, ൯൨, ൯൭. സി

വൈക്കം മുൻസീഫ് കോർട്ടിൽ
ചേർത്തല മു—കോ
൧൧ർ-ാമാണ്ട് സി ൬൨൭-ാംനമ്പർ
ആദ്യവ്യവഹാരം.
൧൧൨൧-ാമാണ്ട് വിധിനടത്തുന്ന
അപേക്ഷനമ്പർ. ൫൯൫.

വാദി—പള്ളിപ്പുറംചേന്നം പള്ളിപ്പുറംമുറി മേനോൻകാട്ടിൽ പടിഞ്ഞാറെ പുത്തൻപുരയിൽതാമസിക്കും നെടിമ്പയിൽ കേശവൻ. കേശവൻനായർ.

പ്രതി—തണ്ണീർമുക്കം വടക്കുപകുതി തണ്ണീർമുക്കംമുറിയിൽ മണ്ണാന്തറയിൽതാമസിക്കും കാവുമ്പുറത്തു്. എന്നുംതേവർമുക്കത്തു് എന്നുംവീട്ടുപേരുള്ള കുമാരൻ ശങ്കുണ്ണി. ൨. പള്ളിപ്പുറംചേന്നം പള്ളിപ്പുറം മുറി കാവുമ്പുറത്തുതാമസിക്കും ശങ്കുണ്ണികൃഷ്ണൻകുട്ടി 3. തണ്ണീർമുക്കംവടക്കുപകുതി തണ്ണീർമുക്കംമുറി മണ്ണാന്തറതാമസിക്കും ശങ്കുണ്ണിരാജസിംഹൻ. ർ. പള്ളിപ്രംചേന്നം പള്ളിപ്രംമുറിക്കുമ്പേൽ ഇട്ടിക്കുമാരൻ കേശവൻ. ൫. ടിയിൽ ഇട്ടിക്കുമാരൻവേലായുധൻ. ൬. ടിമുറിയിൽ ചേന്നനാട്ടുവെളിയിൽ ഇട്ടിക്കുമാരൻഗോവിന്ദൻ. ൭. തണ്ണീർമുക്കംവടക്കുപകുതി തണ്ണീർമുക്കംമുറി മണ്ണാന്തറതാമസിക്കും കുമാരൻഗംഗാധരൻ. ൮. പള്ളിപ്രംചേന്നംപള്ളിപ്രംമുറി പരിമണത്തുനിന്നും താഴത്തുമുറിയിൽ ശങ്കരൻകുമാരൻ ൯ൻ. ടിയിൽനിന്നും കുമ്പയിൽ താമസിക്കും ശങ്കരൻനാരായണൻ ൧൦. ടിയിൽനിന്നും വൈക്കംപടിഞ്ഞാറെമുറിയിൽ അക്കരപ്പാടത്തു് നെടിയത്തുതാമസിക്കും ഇട്ടുലിപാപ്പി.

ടി പ്രതിയെതെര്യപ്പെടുത്തുന്നത്.

ടി നമ്പരിൽ ഡിക്രിയിൽകൊണ്ടവസ്തു ഒഴിപ്പിച്ചുകൊടുക്കണമെന്നുവാദി അപേക്ഷിച്ചതനുസരിച്ചു ൧൧൨൨-ാമാണ്ടെ ധനു ൭-ാംനു- സ്ഥലത്തുഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുപ്പിക്കുന്നതിനു ആമീനു ഉത്തരവുകൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨ ർ ൨ർ-ാംനു-

—ം—

## പ്രതിസമൻസ്

—ം—

ഏററുമാനൂർ മുൻസിഫ്കോർട്ടിൽ.
1121-മാണ്ടെ സിവിൾ ആദ്യ
വ്യവഹാരം നമ്പ്ര 153.

വാദി—അകലക്കുന്നംപകുതി എളങ്ങുളം കരയിൽ മഞ്ഞപ്പള്ളിവീട്ടിൽ നാരായണപിള്ള രാമകൃഷ്ണപിള്ള.

വ: മി: കെ. എൻ. ഗോപാലൻ നായർ.

പ്രതി—2 കിടങ്ങൂർപകുതി പിറയാർ കരയിൽ കുഴന്നുകാട്ടിൽവീട്ടിൽ പാർവ്വതിയമ്മ പാർവ്വതിയമ്മ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

മേൽനമ്പ്ര അന്യായത്തെ സംബന്ധിച്ച് ഉത്തരം ബോധിപ്പിക്കുന്നതിനുണ്ടെങ്കിൽ ഈയാണ്ടു ധനുമാസം 4-നു- ടി പ്രതിയോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ ഈ നമ്പർ സംഗതി തീരുമാനിക്കുന്നതുമാകുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

ഏററുമാനൂർ 17-4-122.

—ം—

## പരസ്യം

—ം—

ചങ്ങനാശേരി മുൻസിഫ്കോർട്ടിൽ
1121-ൽ സി നമ്പർ 331,

വാദി—വാഴപ്പള്ളി പടിഞ്ഞാറുംഭാഗം പകുതിയിൽ ടി മുറിയിൽ തുരുത്തേൽ പടിഞ്ഞാറെവീട്ടിൽ മെതീൻകുഞ്ഞു അബ്ദുൾറഹുമാൻകുഞ്ഞു്.

വക്കീൽ പി. ഹമീദുരാവുത്തർ.

പ്രതി—കോട്ടയം തിരുനക്കരകരയിൽ പുത്തൻപറമ്പിൽ പരീതുരാവുത്തർ ബാവക്കുനിരാവുത്തർ.

## സിവിൾ നടപടിനിയമം

—ം✻ം—

ആലപ്പുഴ പ്രിൻസിപ്പാൾ മുൻസിഫ്
കോർട്ടിൽ
1122-ാംമാണ്ടെ ആദ്യനമ്പർ
സിവിൾ 71.

വാദി—ആലപ്പുഴമുറി മുല്ലക്കൽ സ്പഞ്ജ് വ്യാപാരം കെ. കൃഷ്ണൻആശാരി.

പ്രതി—1. തെക്കൻആര്യാട്ടു മുറിയിൽ തോണ്ടൻകുളങ്ങര ക്ഷേത്രത്തിനു മുൻവശം വടക്കുമാറി റോഡിനു പടിഞ്ഞാറുവശമുള്ള വാദിവക കെട്ടിടത്തിൽ താമസിച്ചു ആലുവാ നാഷ്ണൽകമ്മററി ആഫീസിൽ മേലി പി. വി. ശ്രീധരൻനായർ, 2. ടി കെട്ടിടത്തിൽ താമസിക്കും പി. വി. രാമചന്ദ്രൻനായർ.

മേൽപറഞ്ഞ പ്രതിയുടെ മേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിന്നുത്തരം ബോധിപ്പിക്കാനായി 1122-ാമാണ്ടു ധനുമാസം 4-ാംനു- പകൽ 11 മണിക്കു് ഈ കോർട്ടുമുമ്പാകെ പ്രതിനേരെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറവാൻ കഴിവുള്ളവനും വേണ്ടുന്ന അറിവുകൊടുക്കപ്പെട്ടവനോ അല്ലെങ്കിൽ ആവക എല്ലാചോദ്യങ്ങൾക്കും ഉത്തരം പറവാൻ ശേഷിയുള്ള മററു വല്ല ആളോട്ടുകൂടി വരുന്നവനോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽ മുഖാന്തിരമോ ഹാജരായിരിക്കയും വേണം. മേൽപറഞ്ഞദിവസം പ്രതി ഹാജരാകാതിരുന്നാൽ പ്രതിയെ കൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതും (വ്യവഹാരം വിചാരണചെയ്തുതീർച്ച വരുത്തുന്നതും) ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

1122-ാംമാണ്ടു വൃശ്ചികമാസം 15-ാംനു-

—ം—

## പ്രതിസമൻ (പരസ്യം)

—ം—

ഹരിപ്പാട്ടുമുൻസിഫ്കോർട്ടിൽ
121 സിവിൾനമ്പർ 318

വാദികൾ—വീയപുരംപകുതിയിൽ പായിപ്പാട്ടുമുറിയിൽ കരുകത്തറവീട്ടിൽ പാർവ്വതിഅമ്മ കുഞ്ഞിഅമ്മമുതൽപേർ

പ്രതികൾ—1 അമ്പലപ്പുഴത്താലൂക്കിൽ തകഴിപകുതിയിൽ നീരേററുപുറംമുറിയിൽ ഇടയാററിൽ പുത്തൻപറമ്പിൽ അവിരാകുര്യൻ, 4. ടി മുറിയിൽ മുട്ടുശ്ശേൽ പുത്തൻപറമ്പിൽ കുട്ടിഎന്നുവിളിക്കുന്ന ചാക്കോതോമസ്സ്. 6. ടിയിൽ ചാക്കോചാക്കോ

ടി പ്രതികളുടെമേൽ വാദികൾ ഫയൽ ചെയ്തിരിക്കുന്ന വ്യവഹാരത്തിനു ഉത്തരം പറവാനുണ്ടെങ്കിൽ 1122 ധനു 6-ാംനു-പകൽ 11 മണിക്ക ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതികളെ കൂടാതെ മേൽനമ്പർകേസ്സ് കാര്യം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്.)

7-4-1122

—ം—

പ്രതിയെ തെര്യപ്പെടുത്തുന്നത്.

മേൽനമ്പരിൽ വാദി പ്രതിയുടെമേൽ ബോധിപ്പിച്ചിട്ടുള്ള അന്യായസംഗതി തീർച്ചവിചാരണക്ക് 1122 ധനു 5-ാംനു-ക്കു അവധിവച്ചിരിക്കുന്നതും അന്നേദിവസം പകൽ 11 മണിക്ക കോടതിമുമ്പാകെ പ്രതിയോ അധികാരപ്പെടുത്തിയ വക്കീലോ ഹാജരായിക്കൊള്ളേണ്ടതും ഇതിനു വ്യത്യാസം വരുത്തിയാൽ പ്രതിയെകൂടാതെ എക്സ്പാർട്ടിയായി തീർച്ചചെയ്യുന്നതാണെന്നും ഉള്ള വിവരം തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

1122 വൃശ്ചികം 7-ാംനു-

—ം—

## ചമ്പകമാല

—ം—

വില ൧൫ ണ.

ശ്രീരാമവിലാസം ബുക്കുഡിപ്പോ
കൊല്ലം.

## പരസ്യം

—ം—

ചങ്ങനാശേരി മുൻസിഫ്കോർട്ടിൽ
119-സിവിൾ നമ്പർ 302.

വാദി—ചങ്ങനാശേരി പകുതിയിൽ പെരുന്നയിൽ പടിഞ്ഞാറുംമുറിയിൽ വട്ടശ്ശേരിട്ടുവീട്ടിൽ കുമാരപിള്ള ഗോപാലപിള്ള.

വാദിഭാഗം അഡ്വക്കേറ്റ് ജി. ദേവരാജയ്യർ.

കൂട്ടൽ പ്രതികൾ—5. ചങ്ങനാശേരി പകുതിയിൽ പെരുന്നയിൽ പടിഞ്ഞാറും മുറിയിൽ നടുവംമുറി വീട്ടിൽ പരമേശ്വരൻപിള്ള വേലായുധൻപിള്ള, 6. ടിയിൽ പരമേശ്വരൻപിള്ള മാധവൻപിള്ള, 7. ടിയിൽ പരമേശ്വരൻപിള്ള രാഘവൻപിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

മേൽ നമ്പർ അന്യായം സംബന്ധിച്ച് ടി പ്രതികൾക്ക എന്തെങ്കിലും തക്കമുണ്ടെങ്കിൽ അടുത്ത വിചാരണദിവസമായ 1122-ാമാണ്ട് ധനമാസം 3-ാംനു-പകൽ 11 മണിക്ക് പ്രതികൾ നേരിട്ടോ, അല്ലാത്തപക്ഷം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോടതിയിൽ ഹാജരായി തക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലെന്നാൽ നിങ്ങളെക്കൂടാതെ മേൽ നമ്പർ കേസ് തീർച്ചചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

ചങ്ങനാശേരി, 3 4-122.

—ം—

## പ ര സ്യ ം

—?—

പ്രതിസമൻസ്

മാവേലിക്കര മുൻസിഫ്കോർട്ടിൽ
൧൧൨൨ സി ർ൨൫.

വാദി—ഭരണിക്കാവു പകുതിയിൽ തെക്കേമുറിയിൽ കൊല്ലകൻ ഉമ്മിണി വേലായുധൻ.

കൂട്ടൽ പ്രതികൾ—൭. ഭരണിക്കാവുപകുതിയിൽ തെക്കേമുറിയിൽ വാല്യഴത്തു മാത്യു ചെറിയാൻ, ൮: ടിയിൽ മാത്യു മാത്യു.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

ടി പ്രതികളുടെ മേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം പറവാനായി ൧൧൨൨-ാമാണ്ട ധനുമാസം ൭-ാംനു-ക്കു വിചാരണവച്ചിരിക്കകയാൽ അന്നേദിവസം പകൽ ൧൧ മണിക്ക് ഈ കോടതിയിൽ പ്രതികളോ വക്കീലോ അധികാരപ്പെടുത്തിയ ഏജന്റോ ഹാജരായി തക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും അങ്ങനെ ചെയ്യാത്തപക്ഷം പ്രതികളെ കൂടാതെ വ്യവഹാരം തീർച്ചയാക്കുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

മാവേലിക്കര,
൨൧-൪-൧൧൨൨

—ം—

പത്തനംതിട്ടമുൻസിഫ്കോർട്ടിൽ
1118 സിവിൽ 278.

വാദി—അയിരൂർ പകുതിയിൽ കോററാത്തുമുറിയിൽ കൈപ്പള്ളാലംകൽ ശിമോൻ ഇട്ടപ്പൂട്ടി.

പ്രതികൾ—10. മൈലാടുന്നിപകുതിയിൽ പല്ലുപ്പം മുറിയിൽ ആനക്കുഴിക്കൽ അബ്രഹാം അബ്രഹാം, 11. ടിയിൽ അബ്രഹാം ചാക്കോ.

മേൽ നമ്പരിൽ വാദി പ്രതികളുടെ മേൽ ബോധിപ്പിച്ചിരിക്കുന്ന വ്യവഹാര സംഗതിക്ക ഉത്തരം ബോധിപ്പിക്കാനായി 1122-മാണ്ട് ധനുമാസം 5-ാംനു-അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്ക ഈ കോർട്ടുമുമ്പാകെ പ്രതിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽ മുഖാന്തിരമോ ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെകൂടാതെ വ്യവഹാരം വിചാരണചെയ്തു തീർച്ചപ്പെടുത്തുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

പത്തനംതിട്ട,
17-4-1122

—ം—



ബ്രാബൂൺ—മൗണ്ട്ബാറ്റൻവിവാഹം:—അഡ്മിറൽ മൗണ്ട്ബാറ്റന്റെ പുത്രി അണ: പട്രീഷ്യമൗണ്ട്ബാറ്റനും ബ്രാബൂൺപ്രഭുവും തമ്മിൽ നടന്ന വിവാഹത്തിന് ചക്രവർത്തിയും ചക്രവർത്തിനിയും രാജകുടുംബാംഗങ്ങളും സന്നിഹിതരായിരുന്നു. തെക്കുകിഴക്കേ ഏഷ്യയിൽ വച്ചാണ് വരനും വധുവും തമ്മിൽ ആദ്യം കാണാനിടയായതു്. വധൂഗൃഹത്തിൽവച്ചു നടന്ന സ്വീകരണത്തിൽ ബ്രി: രാജാവിനും രാജ്ഞിയ്ക്കും പുറമേ എലിസബെത്തും മാർഗററ്റും രാജകുമാരിമാരും സന്നിഹിതരായിരുന്ന വേളയിലെടുത്ത ചിത്രം.

# തിരുവനന്തപുരത്തെ കഥകളി

കെ. ഭാസ്കരൻനായർ.

വൃശ്ചികമാസം 5-ാം-മുതൽ 14-ാം-വരെ തിരുവനന്തപുരത്തു് കൃഷ്ണൻതമ്പിസ്മാരകക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കഥകളിയെപ്പററി സഹൃദയലോകം കേട്ടിരിക്കുമെന്നു വിശ്വസിക്കുന്നു. നാലു കൊല്ലംമുമ്പാണ് ഇങ്ങനെ ഒരു ആട്ടം നടന്നതു്. പ്രതികൂലങ്ങളായ പല ചുററുപാടുകളും ഉണ്ടായിട്ടും ക്ലബ്ബിന്റെ പ്രവർത്തനം വിജയകരമായി വീണ്ടും ആരംഭിക്കുവാൻ സാധിച്ചതു് ഒരു വലിയ ഭാഗ്യമായിക്കരുതണം. ക്ലബ്ബിന്റെ പ്രസിഡണ്ടായ ശ്രീമാധവക്കുറുപ്പ് അവർകളുടെ ആത്മാർത്ഥമായ ഉത്സാഹവും അശ്രാന്തപരിശ്രമവും കൊണ്ടാണ് ഇതു സാധിച്ചതു്. അദ്ദേഹത്തോടും സഹപ്രവർത്തകന്മാരോടും കലാപ്രേമികൾക്കുള്ള കടപ്പാടു് എത്രയെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണു്. സിനിമയെന്നും നാടകമെന്നും പറഞ്ഞാൽ പ്രാണൻകളയുന്ന ഈക്കാലത്തും കഥകളിയുടെകാര്യത്തിൽ ഒരു താല്പര്യവുമില്ലാത്തകാലമാണിതു്. അതിന്റെ നേർക്കുള്ള വിരസഭാവം ഒരു മേന്മയായികരുതുന്നവരും ഉണ്ടു്. അങ്ങിനെയിരിക്കെ പത്തുദിവസത്തെ ആട്ടം നടത്തുവാനുള്ള ചുമതലയേറ്റുകന്നതു് ഒരു നിസ്സാരകാര്യമല്ല. തിരുനാൾ വാരത്തിലെ പ്രദർശനത്തിനുവേണ്ടി കെട്ടിയ കൊട്ടക കിട്ടിയതു് ഒരു വലിയ സൗകര്യമായി. ഇതു് ഗവണ്മെന്റിൽനിന്നു സൗജന്യമായി കൊടുത്തതാണെന്നപരമാർത്ഥം കൃതജ്ഞതയോടെ സ്മരിക്കേണ്ടിയിരിക്കുന്നു. ക്ലബ്ബിനു സ്വന്തമായി ഒരു കഥകളിമണ്ഡപവും കോപ്പുകളും ഉണ്ടാകുവാൻ ഇനിയും വളരെനാൾ കഴിയണമെന്നുതോന്നുന്നു. എന്താണുചെയ്യുക, ലക്ഷക്കണക്കിലുള്ളചിലവൊന്നും അതിനാവശ്യമില്ല. ഒരു പക്ഷെ ഇന്നത്തെ ഒരു സിനിമാചിത്രം നിർമ്മിക്കുവാനുപയോഗിക്കുന്നപണമേ വേണ്ടിവരികയുള്ളു. പക്ഷെ ആദായമില്ലാത്ത ഒരു കലയെ പുലർത്തുന്നതിനുവേണ്ടി ഇതുമുടക്കുവാൻ നമ്മുടെ നാട്ടിൽ ആളില്ല. ഇതിനെക്കാളൊക്കെ അത്യാവശ്യമായിരിക്കുന്നതു പുതിയ നടന്മാരെ പരിശീലിപ്പിക്കുന്ന കാര്യമാണു്. കൂട്ടുകുടുംബങ്ങളോടൊപ്പം ആട്ടക്കളരികളും ഇല്ലാതായി. വള്ളത്തോളിന്റെ കലാമണ്ഡലം പരദേശികൾക്കു് മുറിച്ചിപ്പഠിക്കുവാനാണു് കൂടുതൽ പ്രയോജനപ്പെടുന്നതെന്നു് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. ആട്ടംതന്നെ തൊഴിലാക്കാമെന്നു കരുതി കച്ചകെട്ടുവാൻ തയാറുള്ളവരെ ഇക്കാലത്തു കിട്ടുമെന്നുതോന്നുന്നില്ല. അഭിനയകലയിലുള്ള ആസക്തികൊണ്ടു് അതിൽ പരിശീലനം നേടുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്കുവേണ്ടി, പൊതുസ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കളരികളാണു് ഉണ്ടാകേണ്ടതു്. നാടകങ്ങളിൽ പാർട്ടുകിട്ടുവാൻ വെമ്പുന്നവിദ്യാർത്ഥികളുടെ എണ്ണം കാണുമ്പോൾ, അവരിൽ ചിലരെങ്കിലും, വേണ്ടത്രസൗകര്യം ഉണ്ടാക്കിക്കൊടുത്താൽ കച്ചകെട്ടി കഥകളി പഠിക്കുവാൻ സന്നദ്ധരാവുകയില്ലെ എന്ന ചോദ്യം എന്റെ മനസ്സിൽ ഉദിക്കുന്നുണ്ടു്. ക്ലാസ്സ്സമയത്തിനു് വെളിയിൽ വ്യായാമത്തിനുള്ള ഒരുപായമായും, കലാപ്രകടനത്തിലൂടെ മനോവികാസവും ആത്മീയോന്മേഷവും നേടുന്നതിനുള്ള ഒരു മാർഗ്ഗമെന്ന നിലയിലും കഥകളി പഠിക്കുവാൻ ഇന്നത്തെ വിദ്യാർത്ഥികളിൽ അനേകംപേർ മുന്നോട്ടുവരുമെന്നാണു് എന്റെ വിശ്വാസം. ഇതുപോലെയുള്ള സൗകര്യങ്ങൾ കിട്ടിയതുകൊണ്ടു് യോഗാസനങ്ങളും നാടൻവ്യായാമസമ്പ്രദായങ്ങളും അഭ്യസിക്കുന്ന വിദ്യാർത്ഥികൾ ഇന്നു ധാരാളമുണ്ടു്. ഒന്നോ രണ്ടോ കൊല്ലംകൊണ്ടെന്നോ ഒരു കഥകളി നടനാകുവാൻ സാധ്യമല്ലെന്നുള്ള പരമാർത്ഥം ഞാൻ വിസ്മരിക്കുന്നില്ല. ഇതു പക്ഷെ ടെന്നിസ്സ്കളിയുടെ കാര്യത്തിലും കാണുന്ന ഒരു പ്രകടനമാണല്ലോ. എന്നിട്ടും നമ്മുടെ വിദ്യാർത്ഥികളിൽ ചിലരെങ്കിലും അതിൽ വൈദഗ്ദ്ധ്യം നേടുന്നില്ലെ? പാടെ മാറിപ്പോയ ഇന്നത്തെ പരിതഃസ്ഥിതികളിൽ കഥകളിയെ പുലർത്തിക്കൊണ്ടുപോകുന്നതിനും, നമ്മുടെ നാട്ടിലെ യുവജനങ്ങളിൽ കാണുന്ന അത്ഭുതകരമായ അഭിനയകലാവാസനയെ പോഷിപ്പിക്കുന്നതിനും, അതിനെ വിജയകരവും അതോടൊപ്പംതന്നെ ദേശീയവും ആയ ഒരു രൂപത്തിൽ പ്രകാശിപ്പിക്കുന്നതിനും, സർവോപരി കഥകളിക്കു് ഒരു നിലയും വിലയും കൈവരുത്തുന്നതിനും ഇതേ മാർഗ്ഗം കാണുന്നുള്ളു. ഈ മാന്യത അതിനു ആദ്യംമുതല്ക്കേ ഉണ്ടായിരുന്നതാണു്. മഹാരാജാക്കന്മാർപോലും അതിൽ വേഷമിടുന്നതിൽ അഭിമാനിച്ചിരുന്നു. ഇടക്കാലത്താണു് അതു് വെറുമൊരു തൊഴിലായിത്തീർന്നതു്. ഈ സ്ഥിതിയിൽനിന്നു അതിനെ ഉയർത്തുവാൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. ഒരു തൊഴിലായു ഉപജീവനമാർഗ്ഗമായു കൈകാര്യം ചെയ്യപ്പെടുമ്പോഴല്ല, ആത്മപ്രകാശനത്തിനുള്ള ഒരു ഉപായമായി ആരാധിക്കപ്പെടുമ്പോഴാണു് കല അതിന്റെ പരമകാഷ്ഠയിലെത്തുന്നതു്. മന്ത്രിമാരും ജഡ്ജിമാരും വ്യവസായപ്രമുഖന്മാരും മററും ഒരു കാലത്തു് കഥകളിയിലെ വേഷക്കാരായി വരുമെന്നും, ഈ കല പണ്ടത്തേപ്പോലെ അത്യുന്നതമായ ഒരു സ്ഥാനത്തു് അവരോധിക്കപ്പെടുമെന്നും ഉള്ള പ്രതീക്ഷ സഫലീകൃതമാകുമോ എന്തോ? കണ്ടറിയാം.

ഈ വിചാരങ്ങൾ നില്ക്കട്ടെ. ഇത്തവണത്തെ കഥകളിയെപ്പററി ചില സംഗതികൾ പറയാനുണ്ടു്, വെളുക്കോളം ആടിയാലും അവസാനിക്കാത്ത ആട്ടക്കഥകളെ മൂന്നുമണിക്കൂറുകൊണ്ടു് തീരത്തക്കവിധത്തിൽ വെട്ടിച്ചുരുക്കുന്നതു പ്രയാസമുള്ള കാര്യമാണെന്നു് ആരും സമ്മതിക്കും. പക്ഷെ ഇങ്ങനെ പ്രയാസപ്പെട്ടു ചുരുക്കിയതിനകത്തു പാട്ടുകാരൻ തോന്ന്യാസം കാണിച്ചുതുടങ്ങിയാൽ ആട്ടം അപകടത്തിലാകുമെന്നു പറയേണ്ടതില്ലല്ലൊ. പ്രധാനഭാഗവതരായ നീലകണ്ഠനുണ്ണിത്താൻ ഇത്തരത്തിലുള്ള പല അസ്വാരസ്യങ്ങളും വരുത്തിക്കൂട്ടിയെന്നു വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. ദുര്യോധനവധത്തിലെ കൃഷ്ണന്റെ ഭാഗം ആകപ്പാടെ അഞ്ചുമിനിട്ടുകൊണ്ടു് ആടിത്തീർക്കേണ്ടിവന്നതു് വലിയൊരു കുറവായിപ്പോയി. അതു് കുഞ്ചൻപണിക്കരുടെ വേഷമായിരുന്നു, അനുഗൃഹീതനും, ഒരു ആയുഷ്കാലത്തെ അഭിനയപരിചയമുള്ള ആളുമായ ആ നടനു് ആട്ടുവാൻ സൗകര്യംകിട്ടാതെ വരുന്നതു് എന്തൊരുകഷ്ടമാണെന്നോർത്തുനോക്കുക. പാട്ടുകേൾക്കുവാനല്ല ആട്ടംകാണുവാനാണു് ആളുകൾ വരുന്നതു്. സമ്പ്രദായത്തിലുള്ള ആട്ടപ്പാട്ടുകൾ ശ്രുതിയില്ലാതെ പാടി ശുദ്ധവും ശാസ്ത്രീയവുമായ സംഗീതസുഖം ജനിപ്പിക്കുകയെന്നതു് സാധ്യമായ കാര്യമല്ല. ഒരു പ്രത്യേകരംഗത്തിലുള്ള പാട്ടു് പാടിവരുമ്പോൾ രാഗം രാഗമാലികയായിപ്പോകുന്നതു് കഥകളിയിൽ സാധാരണമാണെന്നു് സംഗീതം ശാസ്ത്രീയം പഠിച്ചിട്ടുള്ളവർ പറയുന്നു. മദ്രാസിൽനിന്നും മററും വരുന്ന സ്നേഹിതന്മാരെ കഥകളി കാണിക്കുവാൻ കൊണ്ടുപോയാൽ അവർ ആദ്യം ചൂണ്ടിക്കാണിക്കുന്നതു് ഇതാണു്. കഥകളിപ്പാട്ടുകളുടെ സംഗീതശുദ്ധിയില്ലായ്മ. ആട്ടക്കഥകളിലെ പദങ്ങളും ശ്ലോകങ്ങളുമെല്ലാം സ്വരപ്പെടുത്തി ശാസ്ത്രീയമാക്കുകയെന്നതു് അടുത്തെങ്ങും നടപ്പുള്ള കാര്യമാണെന്നു തോന്നുന്നില്ല. അതുകൊണ്ടു് ലക്ഷണമൊത്ത സംഗീതമല്ല വിസ്തരിച്ചുള്ള ഒരുതരം കവിതാപാരായണം മാത്രമാണു നാം കഥകളിയിൽ കേൾക്കുന്നതു്. രാഗശുദ്ധിയെക്കാൾ താളവും അർത്ഥസ്ഫുടതയുമാണു് നാം അതിൽനിന്നു പ്രതീക്ഷിക്കേണ്ടതു്. ഇതുരണ്ടും ആട്ടത്തിനുള്ള അകമ്പടികളാണെന്നു് പറയേണ്ടതില്ലല്ലോ. അങ്ങിനെ പാട്ടും പാട്ടുകാരനും അഭിനയത്തിന്റെ ആവശ്യങ്ങളറിഞ്ഞു പെരുമാറണമെന്നും, അതിനെ തോന്നിയപോലെ തെരുക്കാനും വലിച്ചുനീട്ടാനും നില്ക്കരുതെന്നും സിദ്ധിക്കുന്നു.

ഇന്നു് കഥകളിക്കാരിൽ സ്ത്രീവേഷത്തിനു കൊള്ളാവുന്നവർ വളരെക്കുറവാണെന്നുള്ളതു് ഒരു വലിയ വിഷമമാണു്. കുടമാളൂർ കരുണാകരൻനായരെമാത്രമേ ഇത്തവണ ഇതിനു കിട്ടിയുള്ളു. ഈ നടന്റെ മുഖത്തു ഭാവരസങ്ങൾ വേണ്ടത്ര പ്രകാശിക്കുന്നില്ലെന്നുള്ളതു് പലർക്കും തോന്നിയതാണു്. എങ്കിലും ഒട്ടുക്കൊട്ടുക്കായപ്പോൾ ഈ കുറവു് ഒരുവിധം പരിഹരിക്കപ്പെട്ടു എന്നുതന്നെ പറയണം. അവസാനത്തെദിവസം ഉഷയും ചിത്രലേഖയുംകൂടിയുള്ള സംഭാഷണരംഗത്തിൽ ഇതു കാണാനുണ്ടായിരുന്നു. ആ രംഗത്തിലാണു് കലാമണ്ഡലം കൃഷ്ണൻനായർ അഭിനയം പൊടിപൊടിച്ചതു്. രണ്ടുപേരും ആടിയതധികവും മനോധർമ്മമായിരുന്നു. ആ സമയത്തു ചെണ്ട നിർത്തിക്കളഞ്ഞതു എന്തുകൊണ്ടെന്നു മനസ്സിലാകുന്നില്ല. താളമില്ലാത്ത അഭിനയം കഥകളിയാവുകയില്ലെന്നുള്ളവസ്തുത പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. താളവും അഭിനയവും തമ്മിലുള്ള അത്ഭുതകരവും അനുഭവൈകവേദ്യവുമായ ആ പൊരുത്തത്തിലാണു് കഥകളിയുടെ ജീവൻ കിടക്കുന്നതു്. ഇന്നത്തെ നടന്മാരുടെകൂട്ടത്തിൽ ഈ വസ്തുത ഏററവും കൂടുതൽ മനസ്സിലാക്കിയിട്ടുള്ളതു് ചെങ്ങന്നൂർ രാമൻപിള്ളയും കുഞ്ചൻപണിക്കരുമാണു്. കൈയുടെകാര്യത്തിൽ രാമൻപിള്ളയ്ക്കു് പണിക്കരുടെ അനായാസമായ സ്വാധീനമില്ലെങ്കിലും താളത്തോടുള്ള പൊരുത്തത്തിൽ അദ്ദേഹം മുന്നിട്ടുനില്ക്കുന്നതായിട്ടാണു് എനിക്കു തോന്നിയതു്. മാങ്കുളം വിഷ്ണുനമ്പൂരിയുടെ ഉത്സാഹോന്മേഷങ്ങളാണു ആരെയും ആകർഷിക്കുന്നതു്. ഇത്തവണ കുചേലവൃത്തത്തിലെ കൃഷ്ണനായിട്ടാണു് അദ്ദേഹം ഏററവും തെളിഞ്ഞാടിയതു്. കുചേലൻ വന്നപ്പോഴും പിരിഞ്ഞുപോയപ്പോഴുമുള്ള അഭിനയം നിസ്തുലമെന്നല്ലാതെ എന്തു പറയട്ടെ. കുഞ്ചൻപണിക്കരിൽനിന്നു അദ്ദേഹം ആ രംഗം അപഹരിക്കതന്നെ ചെയ്തു. കഥയുടെപേരു് കുചേലവൃത്തമാണെന്നുവരികിലും അതു വാസ്തവത്തിൽ ശ്രീകൃഷ്ണവൃത്തമാണെന്നു കാണിക്കുവാൻ അദ്ദേഹം ശക്തനായി. പരീക്ഷണാർത്ഥം നമ്പൂതിരിക്കു് നരകാസുരവധത്തിലെ ലളിതയുടെ വേഷം കൊടുത്തുനോക്കിയെങ്കിലും നന്നായില്ല. അദ്ദേഹത്തിന്റെ കൈകളെല്ലാം ആൺകൈകളായിരുന്നു.

(ശേഷം പത്താംപേജിൽ)

Printed and Published by N. Chandrasekharan Nair at the Sri Rama Vilas Press, Quilon.